MEDIA
A Bilingual Monthly Journal of the Kerala Media Academy
ISSN 2395 - 1370
May 2016 | Vol. 4 | Issue 10 | Price ₹ 20

# മീഡിയ

## മാധ്യമപ്രവർത്തകർ കുറ്റാന്വേഷകരാകുമ്പോൾ






# കേരള മീഡിയ അക്കാദമി ഡിപ്ലോമ കോഴ്‌സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**സം**സ്ഥാനസർക്കാരിന്റെ കീഴിൽ കാക്കനാട്ടു (കൊച്ചി) പ്രവർത്തിക്കുന്ന കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന ജേർണ ലിസം & കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്, ടി.വി. ജേർണലിസം എന്നീ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്‌സുകൾക്ക് അപേക്ഷ ക്ഷണിച്ചു.

കോഴ്‌സുകളുടെ ദൈർഘ്യം ഒരു വർഷമാണ്. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. ബിരുദപരീക്ഷ എഴുതിയവർക്കും അപേക്ഷി ക്കാം. പ്രായം 31.05.2016ൽ 27 വയസ്സ് കവിയരുത്. പട്ടിക വിഭാഗക്കാർക്ക് അഞ്ചു വർഷത്തെ വയസ്സിളവുണ്ട്. അഭി രുചിപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാന ത്തിലായിരിക്കും പ്രവേശനം. കോഴിക്കോട്, എറണാ കുളം, കൊല്ലം എന്നിവിടങ്ങളിൽ പ്രവേശനപരീക്ഷാകേ ന്ദ്രങ്ങൾ ഉണ്ടായിരിക്കും.

അപേക്ഷാഫോറവും പ്രോസ്‌പെക്ടസും മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്‌സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷാ ഫീസ് 300 രൂപ (പട്ടിക വിഭാഗം/പട്ടിക/ജാതി/ഒ.ഇ.സി. 150 രൂപ) അപേക്ഷയോടൊപ്പം സെക്രട്ടറി, കേരള മീഡിയ അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം. ചെക്കും ഫീസ് നൽകാത്ത അപേക്ഷകളും സ്വീകരിക്കില്ല.

പൂരിപ്പിച്ച അപേക്ഷാഫോറം 2016 ജൂൺ 30–ന് വൈകിട്ട് അഞ്ചു മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി–30 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്നു ലഭിക്കും. ഫോൺ: 0484 2422275, 0484 2100700; ഇ–മെയിൽ: keralamediaacademy.gov @gmail.com.

# വീഡിയോ എഡിറ്റിങ് കോഴ്‌സിന് അപേക്ഷ ക്ഷണിച്ചു



**സം**സ്ഥാനസർക്കാറിന്റെ സ്വയംഭരണസ്ഥാപന മായ കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്‌സിന് അപേക്ഷ ക്ഷണിച്ചു. തിയ റിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണു കോഴ്‌സിന്റെ കാലാവധി. രണ്ടു ബാച്ചിലായി 30 പേർക്കാണു പ്രവേശനം. അതിനൂതന സോഫ്റ്റ്‌വെയ റുകളിൽ പരിശീലനം നൽകും.

സർക്കാർ അംഗീകാരമുള്ള കോഴ്‌സിന് പരീക്ഷാ ഫീസ് ഉൾപ്പെടെ 24050 രൂപയാണ് ഫീസ്. പട്ടികജാതി/ പട്ടികവർഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്കു ഫീസ് ആനു കൂല്യം ലഭിക്കും. പ്ലസ്ടു വിദ്യാഭ്യാസയോഗ്യതയുള്ള വർക്ക് അപേക്ഷിക്കാം. അടിസ്ഥാനയോഗ്യതാപരീക്ഷ യുടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രായം 31.5.2016 ൽ 30 വയസ്സ് കവിയരുത്. പട്ടിക വിഭാ ഗക്കാർക്ക് അഞ്ചു വയസ്സ് ഇളവുണ്ട്.

ദൃശ്യമാധ്യമങ്ങളിലും വീഡിയോ എഡിറ്റിങ് രംഗത്തും തൊഴിൽ സാധ്യതയുള്ള ഈ കോഴ്‌സിന്റെ പ്രായോഗികപ രിശീലനത്തിനു സുസജ്ജമായ എഡിറ്റ് സ്യൂട്ട്, ആർട്ട് സ്റ്റുഡി യോ, ഔട്ട് ഡോർ വീഡിയോ ഷൂട്ടിങ് സംവിധാനം എന്നിവ അക്കാദമി ക്രമീകരിച്ചിട്ടുണ്ട്.

അക്കാദമി വെബ്‌സൈറ്റായ www.keralamedia academy.org ൽ നിന്നു ഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് എന്ന പേരിൽ എറ ണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 300 രൂപയുടെ (പട്ടികവിഭാഗക്കാർക്ക് 150 രൂപ) ഡിമാന്റ് ഡ്രാഫ്റ്റും നൽക ണം. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി 2016 ജൂൺ 15. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2422275, 2100700.





# മീഡിയ

A Bilingual
Monthly Journal of the
Kerala Media Academy

MEDIA

മെയ് 2016 • പുസ്തകം 4 • ലക്കം 10 • വില ₹ 20



**എഡിറ്റോറിയൽ** 04

**മാധ്യമപ്രവർത്തകർ കുറ്റാന്വേഷകരാകുമ്പോൾ** 06
ഇ.പി. ഷാജുദ്ദീൻ

**പത്രഭാഷയും മലയാളഭാഷാപദസഞ്ചയവും** 10
ഡോ. ബാബു ചെറിയാൻ

**മാധ്യമപ്രവർത്തനം: നവീനകാലപ്രതിസന്ധികൾ** 16
ബിമൽ കുമാർ രാമങ്കരി

**ഒൺലി ബാഡ് ന്യൂസ് ഈസ് ഗുഡ് ന്യൂസ്** 19
കെ. എൽ. മോഹനവർമ്മ

**Food writing as literature** 22
Shoma A. Chatterji

**അപകീർത്തി ക്രിമിനൽ കുറ്റമായി തുടരുമ്പോൾ** 26
എൻ.പി.ആർ

**The Influence of Intrapersonal Communication on Reporting and Public Communication** 30
J. V. Vil'anilam

**മാധ്യമപ്രവർത്തനം: ധാർമ്മികതയും നിയന്ത്രണവും** 32
ഷാജി ജേക്കബ്

**Toms' beware kids** 38

**ബോബനും മോളിയും പിന്നെ ഞാനും** 41
രാജുനായർ

**സംഗീതമീ ജീവിതം: ജെറി അമൽദേവ്** 44

**അക്കാദമി വാർത്തകൾ** 46

**Bookshelf** 49

**ലോകം കണ്ട വര** 50

**ഫ്രെയിം ഫെയിം** 51

മുൻവാതിൽ

# അന്വേഷണവഴികളിലെ മാധ്യമമര്യാദകൾ

**മാ**ധ്യമപ്രവർത്തകരുടെ ചുമതലകൾ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ സ്ഥാപന ഉടമകൾക്കും പൊതുസമൂഹത്തിനുമുണ്ടാകാം. വാർത്തകൾ റിപ്പോർട്ടു ചെയ്യുക മാത്രമല്ല, അവ നിർമിക്കുന്നതിലും ചില മാധ്യമപ്രവർത്തകർ ഇപ്പോൾ ഏറെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ന്യായാധിപന്മാരുടെയും പോലീസിന്റെയും ജോലി കൂടി മാധ്യമപ്രവർത്തകർ ഏറ്റെടുക്കേണ്ടതുണ്ടോ എന്നൊരു ചോദ്യത്തിന് ഇന്നു പ്രസക്തി ഏറി വരികയാണ്. മാധ്യമങ്ങൾ എല്ലാ മേഖലകളിലും കയറി ഇടപെടുന്നുവെന്നൊരു പരാതിയും വ്യാപകമായി ഉയരുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഈ ആരോപണം ഏറെ പ്രസക്തമാണ്.

വായനക്കാരുടെ, പ്രേക്ഷകരുടെ, കേൾവിക്കാരുടെ ലോകത്തുനിന്ന് ഇതിനെ വിലയിരുത്തുമ്പോൾ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉയരും. നവമാധ്യമങ്ങളുടെ കാലമാണിപ്പോൾ. മാധ്യമങ്ങളിൽ വരുന്ന വാർത്തകളിലെ വൈരുധ്യങ്ങൾ നവമാധ്യമങ്ങളിലൂടെ ഇപ്പോൾ വൈറലാകാറുണ്ട്. ഏതെങ്കിലുമൊരു പത്രത്തിനോ ചാനലിനോ ഉണ്ടായ അബദ്ധം പണ്ടൊക്കെ ആ മാധ്യമങ്ങൾ കാണുന്നവരോ കേൾക്കുന്നവരോ വായിക്കുന്നവരോ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. ഇന്നിപ്പോൾ നവമാധ്യമങ്ങൾ അത് എല്ലാവരിലും എത്തിക്കുന്നു. അറിയാത്തവർ പോലും അറിഞ്ഞുചെന്നു കണ്ടെത്തിക്കൊള്ളും. അതുകൊണ്ടുതന്നെ കൂടുതൽ ജാഗ്രത മാധ്യമപ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

കുറ്റാന്വേഷണം പോലീസിനു മാത്രമല്ല, മാധ്യമങ്ങൾക്കും എന്നും താത്പര്യമുള്ള വിഷയമാണ്. പല കുറ്റകൃത്യങ്ങളും ജനശ്രദ്ധയാകർഷിക്കുന്നത് അവയ്ക്കു കിട്ടുന്ന മാധ്യമശ്രദ്ധ മൂലമാണ്. കേസിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തികളുടെ പ്രാധാന്യം, അവരുടെ സാമൂഹികാവസ്ഥ, സാമ്പത്തിക സ്ഥിതി തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഈ വാർത്താപ്രാധാന്യത്തിന്റെ അളവുകോലാണ്. എന്നാൽ, ചില അപ്രധാനസംഭവങ്ങൾക്കും ഏറെ മാധ്യമശ്രദ്ധ ലഭിക്കുന്നത് അപൂർവമായെങ്കിലും സംഭവിക്കാറുണ്ട്.

കുറ്റകൃത്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിൽ മാധ്യമങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? ലഭ്യമായ വിവരങ്ങൾ നൽകി തികച്ചും ഔപചാരികമായ ഉത്തരവാദിത്വം മാത്രം നിർവഹിച്ചാൽ മതിയോ? കുറ്റാന്വേഷകർ നടത്തേണ്ട അന്വേഷണങ്ങളിൽ അനാവശ്യമായ ഇടപെടൽ നടത്തുന്നതു മാധ്യമധർമ്മമാണോ? തുടങ്ങിയ പല ചോദ്യങ്ങളും ഉയരാറുണ്ട്.

മീഡിയ
A Bilingual Monthly Journal of the Kerala Media Academy
MEDIA

Editor
**Sergy Antony**

Editorial Board
**V.V. Dakshinamoorthy**
**K.C. Rajagopal**
**George Podippara**

Printer & Publisher
**A. Abdul Hakkim**

Co ordinating Editor
**K.R. Pramod Kumar**

Marketing In Charge
**Shainus Markose**

Design & Layout
**Chetana Media, Kottayam**

Address
'Media'
Kerala Media Academy
Kakkanad, Kochi – 682 030
Phone: 0484 2422275
Email : kmamedia2015@gmail.com
mediamag.kma@gmail.com
Website: www.keralamediaacademy.org

മാധ്യമങ്ങൾ ഉണ്ടായകാലം മുതലേ ഏറെ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ഒരു വിഷയം കുറ്റകൃത്യങ്ങൾ തന്നെയാണ്. കൊലപാതകം, അക്രമം, സംഘർഷം തുടങ്ങിയവ പൊതുസമൂഹത്തിന് അറിയാൻ ഏറെ താത്പര്യമുള്ള കാര്യങ്ങളാണ്. പോലീസിന്റെ ഭാഗത്തുനിന്നുള്ള വിവരങ്ങൾ മാത്രമേ റിപ്പോർട്ട് ചെയ്യാൻ പാടുള്ളൂവെന്നു വന്നാൽ അതു വെറുമൊരു പോലീസ് പത്രക്കുറിപ്പിന്റെ പ്രയോജനമേ ചെയ്യൂ.

മാധ്യമപ്രവർത്തകർക്കു കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളുടെ മൂലസ്രോതസ്സ് എക്കാലത്തും പോലീസ് തന്നെയാണ്. ദിവസേനയെന്നോണം പോലീസുമായി ബന്ധപ്പെടുന്നവരാണു റിപ്പോർട്ടർമാർ. ചില പ്രധാനസ്ഥലങ്ങളിൽ ഈ ബീറ്റ് പ്രത്യേകമായി ഒരാളെ ചുമതലപ്പെടുത്തിയിരിക്കും. ചിലപ്പോഴെങ്കിലും പ്രധാനകേസുകളിൽ പ്രത്യേകചുമതലയും ഏല്പിക്കാറുണ്ട്.

കോടതി വാർത്തകൾക്കായി നേരത്തേ പൂളിങ് സമ്പ്രദായമുണ്ടായിരുന്നുവെങ്കിലും ഇന്നിപ്പോൾ ഒട്ടുമിക്ക മാധ്യമങ്ങൾക്കും അവരുടേതായ ലേഖകരുണ്ട്. പലരും നിയമപരിജ്ഞാനം കൂടി ലഭിച്ചവരായിരിക്കും. അഭിഭാഷകർ തന്നെ ഈ ജോലി ഏറ്റെടുത്തു ചെയ്യുന്നുമുണ്ട്. ഇതുമൂലം കൂടുതൽ കൃത്യതയോടെ കോടതി റിപ്പോർട്ടുകൾ തയാറാക്കാൻ സാധിക്കും. എന്നാൽ ക്രിമിനൽ കുറ്റകൃത്യങ്ങളുടെ അന്വേഷണഘട്ടത്തിൽ ഇത്തരം കൃത്യതയ്ക്കുള്ള സാധ്യത തുലോം കുറവാണ്.

പോലീസ് സ്റ്റേഷനിലെ രേഖകളിൽ നിന്നോ ആശുപത്രി രേഖകളിൽ നിന്നോ ലഭിക്കുന്ന വിവരങ്ങൾ ഒരു കുറ്റകൃത്യത്തെ സംബന്ധിച്ചോ അതിൽ ഉൾപ്പെട്ടവരെപ്പറ്റിയോ ഉള്ള പ്രാഥമികവിവരങ്ങൾ മാത്രമായിരിക്കും. അതിൽ പോലും ആധികാരികത ചിലപ്പോൾ കുറവാകാം. പ്രാദേശികലേഖകരുടെ സഹായത്തോടെ കുറ്റകൃത്യം നടന്ന സ്ഥലങ്ങളിൽ നിന്നു ലഭ്യമാകുന്ന വിവരങ്ങൾ കൂടി ചേർത്താണ് മാധ്യമങ്ങൾ കൂടുതൽ കൃത്യതയാർന്ന റിപ്പോർട്ടുകൾ തയാറാക്കുന്നത്.

ഇന്നിപ്പോൾ മിക്ക ചാനലുകൾക്കും നിശ്ചിത സമയം കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പ്രത്യേകപരിപാടിയുണ്ട്. പ്രധാന വാർത്തകളിൽ ഉൾപ്പെടുന്ന വാർത്തകളുടെ വിശദാംശങ്ങളോ അത്ര പ്രാധാന്യമില്ലാത്ത റിപ്പോർട്ടുകളോ ഒക്കെയാവും ഇതിൽ ഉൾപ്പെടുത്തുക. പ്രൈം ടൈം തന്നെ ഇതിനു കിട്ടുന്നത് പ്രേക്ഷകരുടെ താത്പര്യം ദ്യോതിപ്പിക്കുന്നു.

കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിങ്ങിനോടുള്ള മാധ്യമസമീപനം എന്തായിരിക്കണം എന്നതിനെക്കുറിച്ച് വ്യക്തമായൊരു മാനദണ്ഡം പറയാനാവില്ല. വികസിത രാജ്യങ്ങളിൽപ്പോലും ഏറെ മാർക്കറ്റുള്ള മാധ്യമവാർത്ത കുറ്റകൃത്യങ്ങളാണ്. അന്വേഷണ ഏജൻസികളേക്കാൾ ഫലപ്രദമായും കാര്യക്ഷമതയോടെയും കുറ്റകൃത്യങ്ങളുടെ റിപ്പോർട്ട് തയാറാക്കുന്ന മാധ്യമങ്ങളുണ്ട്. ഇവർക്കു ചിലപ്പോൾ പ്രഫഷണൽ സഹായവും ലഭ്യമാകുന്നു.

അന്വേഷണഗതി തിരിച്ചുവിടാൻ പോലും ചില റിപ്പോർട്ടുകളും അതിലെ കണ്ടെത്തലുകളും സഹായകമാകാറുണ്ട്. അന്വേഷണോദ്യോഗസ്ഥർ മാധ്യമറിപ്പോർട്ടുകളെ ആശ്രയിക്കാറില്ലെന്നു പുറമേ പറയുമെങ്കിലും അതവർക്കു വലിയ വഴികാട്ടിയായി മാറുന്ന അവസരങ്ങളുമുണ്ട്. ഇവിടെയാണു തെറ്റിദ്ധാരണ പരത്താത്ത റിപ്പോർട്ടുകളുടെയും ശരിയായ അന്വേഷണത്തിലൂടെയും വിവരശേഖരണത്തിലൂടെയും സമ്പാദിക്കുന്ന റിപ്പോർട്ടുകളുടെയും പ്രസക്തി. ചില ക്രൈം വാരികകൾ കേസന്വേഷണത്തെ സ്വാധീനിക്കാനും വഴിതിരിച്ചുവിടാനും ശ്രമിക്കുന്നതായി പരാതി ഉയരാറുണ്ട്.

ഡൽഹിയിലെ നിർഭയ കേസ്, സൗമ്യ വധക്കേസ്, ഏറ്റവുമൊടുവിൽ പെരുമ്പാവൂരിലെ ജിഷ വധം ഇവയൊക്കെ മാധ്യമങ്ങളുടെ ഇടപെടലിലൂടെ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ കേസുകളാണ്. നിർഭയ കേസിനു രാജ്യമൊട്ടാകെ മാത്രമല്ല, അന്താരാഷ്ട്രതലത്തിൽപ്പോലും വലിയ ശ്രദ്ധ നേടാനായതു മാധ്യമങ്ങളുടെ ശ്രമഫലമായാണ്. രാജ്യത്തു സ്ത്രീകൾക്കും കുട്ടികൾക്കും നേരേ നടക്കുന്ന അതിക്രമങ്ങൾ ചെറുക്കുന്നതിൽ മാധ്യമങ്ങൾ വലിയ പങ്കാണു വഹിക്കുന്നത്.

ഒരു കുറ്റകൃത്യത്തെ സാമൂഹികാവബോധത്തോടെ കൈകാര്യം ചെയ്യുകയെന്നതാണ് ഉത്തരവാദിത്വപൂർണമായ മാധ്യമധർമ്മം. വായനക്കാരെയോ പ്രേക്ഷകരെയോ തെറ്റിദ്ധരിപ്പിക്കാനോ കുറ്റവാളികളെ കണ്ടെത്താനുള്ള അന്വേഷണോദ്യോഗസ്ഥരുടെ ശ്രമങ്ങൾക്കു വിഘാതമുണ്ടാക്കാനോ ശ്രമിക്കരുത്. അതുപോലെതന്നെ പോലീസിന്റെയും അധികാരികളുടെയും ഭാഗത്തുനിന്നു മാധ്യമപ്രവർത്തകർക്കും സഹകരണം ലഭിക്കണം.

യഥാർഥ വിവരങ്ങൾ അന്വേഷണത്തെ ബാധിക്കാത്ത വിധത്തിൽ പൊതുസമൂഹത്തിനു ലഭ്യമാക്കുന്നതിൽ എന്തു തെറ്റാണുള്ളത്? ജനശ്രദ്ധയാർഷിച്ച ഒരു കേസിന്റെ അന്വേഷണത്തിൽ ആത്മാർഥമായ പുരോഗതി ഉണ്ടെന്നു ജനം മനസിലാക്കേണ്ടതില്ലേ? ദുരൂഹത നിറഞ്ഞ അന്വേഷണം തെറ്റിദ്ധാരണകൾക്കും ആശയക്കുഴപ്പങ്ങൾക്കും ഇടവരുത്തും. മാധ്യമങ്ങളാകട്ടെ, വഴിതെറ്റിക്കുന്നതും അന്വേഷണത്തെ പ്രതിലോമകരമായി സ്വാധീനിക്കുന്നതുമായ വിവരണങ്ങളിലേക്കു കടക്കുകയുമരുത്.

■

**കേരള മീഡിയ അക്കാദമി ഭരണസമിതി അംഗങ്ങൾ**

**ചെയർമാൻ**: സെർജി ആന്റണി (ദീപിക), **വൈസ് ചെയർമാൻ**: കെ.സി. രാജഗോപാൽ (മലയാള മനോരമ)

**അംഗങ്ങൾ**: വി. വിമൽ കുമാർ (മാതൃഭൂമി), പി.സി. സെബാസ്റ്റ്യൻ (മാധ്യമം), എം. രഘുനാഥ് (ദേശാഭിമാനി), എസ്. ബിജു (ഏഷ്യാനെറ്റ് ന്യൂസ്), എൻ.പി. ജിഷാർ (മീഡിയ വൺ), പി.വി. ചന്ദ്രൻ (മാതൃഭൂമി), ദീപു രവി (കേരള കൗമുദി), ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ (ദീപിക), സാബു വർഗീസ് (മംഗളം), വി.വി. ദക്ഷിണാമൂർത്തി (ദേശാഭിമാനി), മധു ആർ. ബാലകൃഷ്ണൻ (കേരളശബ്ദം), ജയന്ത് മാമ്മൻ മാത്യു (മലയാള മനോരമ), കെ. മാധവൻ (ഏഷ്യാനെറ്റ് ന്യൂസ്), ബേബി മാത്യു (ജീവൻ ടിവി), ചെറുകര സണ്ണി ലൂക്കോസ് (കേരളശബ്ദം), ജോസ് പനച്ചിപ്പുറം (മലയാള മനോരമ), ജോർജ്ജ് പൊടിപ്പാറ (മാതൃഭൂമി), ലേബി സജീന്ദ്രൻ (മാതൃഭൂമി ന്യൂസ്), ബിവിൻ പീറ്റർ (ജയ്ഹിന്ദ് ടിവി), രവി ഡി.സി. (ഡി.സി. ബുക്സ്), ദീപക് ധർമ്മടം (അമൃത ടിവി), ശ്രീദേവി പിള്ള (മനോരമ ന്യൂസ്), സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്), ഡയറക്ടർ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്), **മെമ്പർ സെക്രട്ടറി**: എ.അബ്ദുൽ ഹക്കിം.



ഇ.പി. ഷാജുദ്ദീൻ

## CRIME REPORT

# മാധ്യമപ്രവർത്തകർ കുറ്റാന്വേഷകരാകുമ്പോൾ

**ക്രൈം** ലോകമെമ്പാടും മാധ്യമങ്ങൾക്ക് ഇഷ്ടവിഷയമാണ്. ജനങ്ങൾ വായിക്കും എന്നതു തന്നെ മുഖ്യകാരണം. കുറ്റകൃത്യത്തിന്റെ കാഠിന്യം കൂടുമ്പോൾ വാർത്തയുടെ പ്രാധാന്യവും കൂടുന്നു; വായനക്കാരുടെ താത്പര്യവും. വായനക്കാരുടെ താത്പര്യം എല്ലായ്പ്പോഴും മാധ്യമതാത്പര്യം നിശ്ചയിക്കുന്ന ഘടകവുമാകുന്നു. ക്രൈം വാർത്തകൾ ഏറിയും കുറഞ്ഞും പത്രസ്ഥലം അപഹരിക്കുന്നതിന് ഇതു തന്നെ കാരണം. ഇതേ കാരണത്താൽ ദൃശ്യമാധ്യമങ്ങളിൽ വാർത്താസമയവും ക്രൈം അപഹരിക്കുന്നു.

ക്രൈം വാർത്തകൾ വായനക്കാരെ ദിവസങ്ങളോളം പിടിച്ചിരുത്തിയ അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം. ഇപ്പോഴും പിടികിട്ടാപ്പുള്ളിയായ സുകുമാരക്കുറുപ്പ് പ്രതിയായ ചാക്കോ വധക്കേസ് മലയാളി വായനക്കാരുടെ ഇഷ്ടവാർത്തയായത് 32 വർഷം മുൻപ് 1984-ലാണ്. അതിനും നാലു വർഷം മുൻപ്, 1980-ലായിരുന്നു തിരുവല്ല മീന്തലക്കരയിലെ കരിക്കിൻവില്ല കൊലക്കേസ്. മലയാളത്തിൽ ഏതാനും പത്രങ്ങൾ മാത്രം ഉണ്ടായിരുന്ന, പത്രങ്ങൾക്കു കുറഞ്ഞ പേജുകൾ മാത്രം ഉണ്ടായിരുന്ന അക്കാലത്തും ഈ വാർത്തകൾക്കായി ധാരാളം പത്രസ്ഥലം നീക്കിവയ്ക്ക






പ്പെട്ടു. അതിനും പിന്നിലേക്കു പോയാൽ 1966-ലെ മറിയക്കുട്ടി വധക്കേസ് അക്കാലത്തെ പത്രങ്ങളുടെ ഇഷ്ടവിഷയമായിരുന്നു. ഫാ. ബെനഡിക്ട് ഓണംകുളം എന്ന പുരോഹിതൻ പ്രതിസ്ഥാനത്തായി എന്നതായിരുന്നു ഈ വാർത്തയെ ജനപ്രിയമാക്കിയത്. ആധുനിക വാർത്താ സമാഹരണ-പ്രസാധന-അച്ചടി സാങ്കേതികവിദ്യകളുടെ വളർച്ചയോടെ, പലയിടത്തായി ചിതറിക്കിടന്ന ക്രൈം വാർത്തകൾ ഒരുമിച്ച് ഒരു പേജിൽ സ്ഥലം കണ്ടെത്തുന്നതിലേക്കു വളർന്നു. ബിസിനസും സ്പോർട്സും ഒക്കെപ്പോലെ കുറ്റകൃത്യങ്ങളും സ്വന്തമായൊരിടം നേടുന്നു. അവ വായിക്കപ്പെടുകയും വീക്ഷിക്കപ്പെടുകയും ചെയ്യുന്നു.

വർഷത്തിൽ ഏതാണ്ട് 600 കൊലപാതകങ്ങൾ മാത്രം നടക്കുന്ന കാനഡയിൽ പോലും ക്രൈം വാർത്തകൾ സ്പോർട്സ് പോലെ തന്നെ വായിക്കപ്പെടുന്ന വാർത്താവിഭവമാണെന്ന് കനേഡിയൻ റിസോഴ്സ് സെന്റർ ഫോർ വിക്ടിംസ് ഓഫ് ക്രൈം എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ തെളിഞ്ഞിരുന്നു. അവിടെ അപൂർവത മൂലമാണ് ഇത്തരം വാർത്തകൾ വായിക്കപ്പെടുന്നതെങ്കിൽ നമ്മുടെ നാട്ടിൽ ആവർത്തനം മൂലമാണ് അവ വായനപ്രിയമാകുന്നത്.



പോൾ ജോർജ്




കുറ്റകൃത്യങ്ങളിലെ വ്യത്യസ്തതയാണ് അവയെ വാർത്തയുടെ വിഷയമാക്കുന്നത്. കേരളാ പോലീസിന്റെ താത്കാലിക കണക്കനുസരിച്ചു കഴിഞ്ഞ വർഷം കേരളത്തിൽ 318 കൊലപാതകങ്ങളാണു നടന്നത്. എല്ലാ കൊലപാതകങ്ങളും മാധ്യമങ്ങൾക്കു സെൻസേഷണൽ വാർത്തകളാകുന്നില്ല. 2009-ൽ കേരളത്തിൽ 343 കൊലപാതകങ്ങൾ നടന്നതിൽ മാധ്യമങ്ങൾ ഏറെ ശ്രദ്ധ നൽകിയത് മുത്തൂറ്റ് പോൾ ജോർജ് വധക്കേസിനായിരുന്നു. കൊല്ലപ്പെട്ടത് ഒരു പ്രശസ്തകുടുംബത്തിലെ അംഗമാണെന്നതിനോടൊപ്പം, കൊലപാതകത്തിലെ നാടകീയത ആ വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കാനിടയാക്കി. ധനാഢ്യനായ ഭാസ്കര കാരണവർ 2010-ൽ മാവേലിക്കരയിലെ സ്വന്തം വീട്ടിനുള്ളിൽ കൊല്ലപ്പെട്ടപ്പോൾ വിഷയം മാധ്യമങ്ങൾക്കു പ്രിയതരമായത് മുഖ്യപ്രതി സുന്ദരിയായ മരുമകളാണെന്നതു കൊണ്ടു കൂടിയായിരുന്നു. ഇരയും പ്രതിയും ക്രൈമിന്റെ സാഹചര്യവും അതിന്റെ രീതിയും കാഠിന്യവും സാഹചര്യവുമെല്ലാമാണ് അതിനെ വാർത്താപ്രാധാന്യം നേടുന്നതാക്കുന്നത്. വാർത്താപ്രാധാന്യം എന്ന ഒറ്റക്കാരണം കൊണ്ട് മാധ്യമപ്രവർത്തകർ ക്രൈം എന്ന വിഷയത്തെ എങ്ങനെ നേരിടണമെന്നതു സുപ്രധാനചോദ്യമാണ്.

പോൾ ജോർജ് വധക്കേസ് എടുത്താൽ, ആ കേസിന്റെ സാഹചര്യം ഏതൊരാളുടെയും ജിജ്ഞാസയുണർത്താൻ പോന്നതായിരുന്നു. ആഡംബരവാഹനത്തിൽ സുഹൃത്തുക്കളോടൊപ്പം സഞ്ചരിക്കുകയായിരുന്ന, മുൻനിര ബിസിനസ് സ്ഥാപനത്തിന്റെ ഇളംതലമുറയിൽപ്പെട്ടയാളെ പിന്നാലെ വന്ന വാഹനത്തിലെ ചിലർ ചേർന്ന് അർധരാത്രിയിൽ നടുറോഡിൽ കുത്തിക്കൊന്നത് ഏതു മാനദണ്ഡമനുസരിച്ചാണെങ്കിലും സുപ്രധാനവാർത്തയാണ്. കേസിന്റെ അന്വേഷണപുരോഗതിക്കൊപ്പം മാധ്യമങ്ങളുടെ അന്വേഷണവും നടന്നപ്പോൾ, കേസാകെ വിവാദത്തിൽ കലാശിക്കുകയായിരുന്നു.

ഓരോ ദിവസവും ഈ കേസ് സംബന്ധിച്ച് മാധ്യമങ്ങൾ കഥ മെനഞ്ഞു; പോലീസ് കേസുകളിൽപ്പെട്ട രണ്ടുപേർ പോൾ ജോർജിനൊപ്പം വാഹനത്തിലുണ്ടായിരുന്നു എന്നതിനാൽ പ്രത്യേകിച്ചും. ഇവരുമായി ബന്ധമുള്ള മന്ത്രിപുത്രന്മാർക്കു കേസിൽ പങ്കുണ്ടെന്നതായിരുന്നു ആരോപണങ്ങളിൽ ഒന്ന്. വാഹനത്തിൽ ഒരു നടിയുണ്ടായിരുന്നു എന്നതു മറ്റൊരാരോപണവും. ഇതെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് പ്രതികളെ പോലീസ് ഹാജരാക്കിയപ്പോൾ അതു വിശ്വാസ്യയോഗ്യമല്ലെന്നു സ്ഥാപിക്കാനും പല മാധ്യമങ്ങളും മുന്നിൽ നിന്നു. പോളിനെ വധിക്കാൻ ഉപയോഗിച്ചത് ഇംഗ്ലീഷിലെ 'എസ്' ആകൃതിയിലുള്ള ഒരു കത്തിയാണെന്ന പോലീസിന്റെ വിവരണമാകട്ടെ, കുറേ നാളത്തേക്ക് എസ്



ജിഷ

കത്തി എന്ന പ്രയോഗം പത്രങ്ങൾക്കു സമ്മാനിക്കാനു മിടയാക്കി.

ഈ കേസുമായി ബന്ധപ്പെട്ടു മാധ്യമങ്ങൾ നടത്തിയതു പോലൊരു അന്വേഷണം അടുത്തകാലത്തെങ്ങും കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു പറയാം. ദുരൂഹതകളുള്ള എല്ലാ കുറ്റകൃത്യങ്ങൾക്കു പിന്നിലും മാധ്യമങ്ങൾ ഭൂതക്കണ്ണാടിയുമായി ഉണ്ടാകും. പക്ഷേ, അതിന്റെ അതിർത്തിവരമ്പ് എവിടെ വരെ, അല്ലെങ്കിൽ അതിർത്തി വരമ്പുണ്ടോ എന്നതാണു പ്രസക്തമായ ചോദ്യം.

2016 മെയ് മാസത്തിൽ കേരളത്തെ പിടിച്ചു കുലുക്കിയ സംഭവമാണ് പെരുമ്പാവൂരിലെ നിയമവിദ്യാർഥിനിയായ ജിഷയുടെ കൊലപാതകം. ഏപ്രിൽ 28-നാണ് ജിഷ വധിക്കപ്പെട്ടതെങ്കിലും അതു വാർത്തയായി കത്തിപ്പടർന്നത് തൊട്ടടുത്ത മാസമായിരുന്നു. കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും നിഷ്ഠുരമായ കൊലപാതകങ്ങളിൽ ഒന്നായിരുന്നു അത്. 28-ന് ഏറെ വൈകിയാണു കൊലപാതകം പുറത്തറിഞ്ഞത് എന്നതിനാൽ 29-ലെ പത്രങ്ങളിൽ അതു വലിയ വാർത്തയായില്ല. ഒറ്റപ്പെട്ടു ജീവിക്കുന്ന കുടുംബമായതിനാൽ പോസ്റ്റ്മോർട്ടം പരിശോധനയും സംസ്കാരവും നടന്ന 29-നും അതു വാർത്താപ്രാധാന്യം നേടിയില്ല. മെയ് ഒന്നിലെ അവധിയും കഴിഞ്ഞ് രണ്ടാം തീയതി മാധ്യമങ്ങൾ സജീവമായതോടെയാണ് ആ വാർത്ത കേരളസമൂഹത്തിന്റെ ഒന്നടങ്കമുള്ള ശ്രദ്ധയിലേക്കെത്തിയത്.

പോൾ ജോർജ് വധക്കേസിൽ പോലീസിനെ അവിശ്വസിക്കുന്ന റിപ്പോർട്ടിങ് രീതിയാണു മാധ്യമങ്ങൾ അവലംബിച്ചതെങ്കിൽ ജിഷ വധക്കേസിൽ ഏറെക്കുറെ പോലീസ് പറഞ്ഞ കാര്യങ്ങളൊക്കെത്തന്നെയാണു വാർത്തയായത്. ഈ കുറിപ്പെഴുതുന്ന സമയത്തും പ്രതിയെ പിടിക്കാനാകാത്തതിനു പോലീസിനെ വിമർശിക്കുന്ന റിപ്പോർട്ടുകളുണ്ടാകുന്നുണ്ടെങ്കിലും അന്വേഷണം സംബന്ധിച്ച വാർത്തകൾക്കു കൂടുതലും അവലംബമാകുന്നത് അവരുടെ വിവരണം തന്നെയാണ്. ഔദ്യോഗികമായി പറയുന്നതിനപ്പുറം പോലീസ് മേധാവികൾ സ്വകാര്യമായി നൽകുന്ന വിവരങ്ങളും ലേഖകന്മാരുടെ അന്വേഷണത്തിൽ കണ്ടത് എന്ന പേരിൽ പത്രങ്ങളിൽ ഇടം പിടിക്കുന്നു. എന്താണു മാധ്യമങ്ങൾക്കും വായനക്കാർക്കും വേണ്ടത്? പോലീസ് പറയുന്നതോ അതോ സ്വയം അന്വേഷണത്തിൽ തെളിയുന്നതോ?





വസ്തുതകളാണു പത്രങ്ങൾക്കും വായനക്കാർക്കും വേണ്ടത്. പോലീസ് പറയുന്നതെല്ലാം വസ്തുതകളല്ലെന്നതു പകൽ പോലെ സത്യം. മകൻ ബാഗ് നിറയെ പണവുമായി വീട്ടിലെത്തിയത് എറണാകുളത്തു മോഷണം നടത്തിയ ശേഷമാണെന്നു തിരിച്ചറിഞ്ഞപ്പോൾ അധ്യാപികയായ അമ്മ അവനെ പോലീസിനു മുന്നിൽ ഹാജരാക്കിയ സംഭവം ആരും മറന്നിട്ടുണ്ടാവില്ല. എന്നാൽ, അവനെ തങ്ങളുടെ ശാസ്ത്രീയമായ അന്വേഷണത്തിലൂടെ കണ്ടുപിടിച്ചതാണെന്നു പത്രസമ്മേളനം നടത്തി വീമ്പിളക്കാൻ മടിക്കാത്തവരല്ല കേരള പോലീസ്. പോലീസ് പറയുന്നതല്ല സത്യം എന്നു വ്യക്തമാക്കി ആ അമ്മ രംഗത്തു വന്നില്ലായിരുന്നെങ്കിൽ ഒരുപക്ഷേ, സത്യം ആരും മനസ്സിലാക്കില്ലായിരുന്നു. ഈ ഒരുദാഹരണം മാത്രം മതി പോലീസ് പറയുന്നത് എല്ലാം വസ്തുതയല്ലെന്നു ബോധ്യമാകാൻ.

ജനങ്ങൾക്കു സത്യമറിയാൻ വാർത്താമാധ്യമങ്ങൾ മാത്രമേ ഇപ്പോഴുള്ളൂ. സാമൂഹ്യമാധ്യമങ്ങളിലൂടെ വാർത്ത പ്രചരിക്കുമെങ്കിലും അതിൽ ഏറെയും പതിരാണ്. ജനപ്രിയമായ ഇത്തരം വിഷയങ്ങളിൽ വിവരങ്ങൾക്കു പോലീസിനെ ആശ്രയിക്കാതെ മാധ്യമപ്രവർത്തകർക്കു തരമില്ല. എന്നാൽ, ഈ വാർത്താസ്രോതസ് പൂർണമായും വിശ്വസനീയവുമല്ല. മാധ്യമപ്രവർത്തകർക്കു വന്നുഭവിക്കുന്ന വലിയ വിഷമവൃത്തം ഇതാണ്.

സാഹചര്യം ഇതായതിനാൽ സ്വന്തം അന്വേഷണം എന്നതാകും പത്രലേഖകർക്കു മുന്നിലുള്ള ഏകപോംവഴി. അതിനും ആശ്രയം അനൗദ്യോഗികമായി വിവരങ്ങൾ തരുന്ന പോലീസ് ഉദ്യോഗസ്ഥരോ കുറ്റകൃത്യം നടന്ന സ്ഥലത്തെ താമസക്കാരോ ഒക്കെയാണ്. ഇതൊന്നും വസ്തുതാപരമായ റിപ്പോർട്ടിലേക്കു നയിക്കുന്ന ഘടകങ്ങളല്ല. ഫലമോ, മികവില്ലാത്ത വാർത്തകളുടെ സൃഷ്ടിയും. വിശ്വാസ്യതയില്ലാത്തതാണു ക്രൈം അന്വേഷണറിപ്പോർട്ടുകളെന്ന പൊതുധാരണയിലേക്ക് ഈ അവസ്ഥാവിശേഷം കൊണ്ടെത്തിക്കുന്നു. വസ്തുത കണ്ടെത്തലല്ല, 'പൊട്ടിക്കുന്ന വാർത്ത'യുണ്ടാക്കലാണു തന്റെ കർത്തവ്യം എന്നു വിശ്വസിക്കുന്ന കുറച്ചു റിപ്പോർട്ടർമാരെങ്കിലുമുള്ളതിനാൽ ഇതൊക്കെ പത്രത്താളിലെത്തിയേ വിശ്രമിക്കൂ. തന്റെ റിപ്പോർട്ടർമാരെ അവിശ്വസിക്കാതിരിക്കണം എന്നു കരുതുന്ന സുമനസ്സുകളായ പത്രാധിപന്മാർ അതൊക്കെ പ്രസിദ്ധീകരിക്കാൻ നിർബന്ധിതരാകുന്നു. ജിഷ വധക്കേസിന് സവിശേഷമായ സാഹചര്യം കൂടിയുണ്ടായിരുന്നു. നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണസമയം കൂടിയായിരുന്നു അത്. ഇതിനോടനുബന്ധിച്ച പല താത്പര്യങ്ങളും ഈ കൊലപാതക വാർത്തയുടെ റിപ്പോർട്ടിങ്ങിൽ കടന്നുകൂടിയെന്നു നമുക്കു കണ്ടെത്താനാകും. മാധ്യമങ്ങൾക്കു വേണ്ടിയുള്ള സ്വതന്ത്രമായ കുറ്റാന്വേഷണം ഇന്ത്യയിൽ ഇനിയും വേരുറപ്പിച്ചിട്ടില്ല. ഏറെ പണച്ചെലവുള്ള കാര്യമാണത്. അമേരിക്കയിലും ഇംഗ്ലണ്ടിലുമൊക്കെ ഇതിൽ സ്പെഷലൈസ് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുണ്ട്. ഒട്ടേറെ രേഖകൾ ഇഴകീറി പരിശോധിച്ചും അനേകം പേരോടു സംസാരിച്ചു വിവരങ്ങൾ ശേഖരിച്ചുമൊക്കെയാണ് അന്വേഷണം. ഏറെ നാളത്തെ അന്വേഷണം വേണം, ഒന്നിലധികം പേരെ- ചിലപ്പോൾ ഒരു സംഘത്തെത്തന്നെ- അന്വേഷണത്തിനേർപ്പെടുത്തണം.

ഉദാരമതികളായ സമ്പന്നന്മാരും വൻകിടകമ്പനികളും നൽകുന്ന പണമാണ് ഇത്തരം സ്ഥാപനങ്ങളുടെ സാമ്പത്തികാടിത്തറ. പൊതുജനോപകാരപ്രദമായ കാര്യങ്ങൾക്കു വിനിയോഗിക്കാനെന്ന പേരിൽ ഇത്തരം സ്ഥാപനങ്ങൾക്കു ധാരാളം ഫണ്ട് ലഭിക്കുന്നുണ്ട്. ഇങ്ങനെ നടത്തുന്ന അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ വിവിധ മാധ്യമങ്ങൾ പണം നൽകി വാങ്ങി പ്രസിദ്ധീകരിക്കും. ചിലപ്പോൾ മാധ്യമങ്ങൾ തന്നെ ഇവരെ കേസുകളുടെ അന്വേഷണത്തിനു നിയോഗിക്കും.

കുറ്റാന്വേഷണത്തിൽ ശാസ്ത്രീയപരിശീലനം ലഭിച്ചവരാകും അന്വേഷണം നടത്തുന്ന പത്രപ്രവർത്തകർ. സ്വയരക്ഷയ്ക്കുള്ള ഉപാധികളും അവർ പരിശീലിച്ചിട്ടുണ്ടാകും. മാത്രമല്ല, മിക്ക വിഷയങ്ങളും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും അവരുടെ പക്കൽ ലഭ്യമായിരിക്കും. ഇങ്ങനെ ഉറച്ച അടിത്തറയോടെ നടത്തുന്ന അന്വേഷണങ്ങളുടെ റിപ്പോർട്ടുകളും വൈകുന്നേരം പോലീസ് ഉദ്യോഗസ്ഥനെ ഫോണിൽ വിളിച്ചു കിട്ടുന്ന വിവരങ്ങൾ യുക്തം പോലെ ചേർത്തെഴുതുന്ന റിപ്പോർട്ടുകളും തമ്മിൽ അജഗജാന്തരമുണ്ടാകും. പരിമിതിക്കുള്ളിൽ നിന്ന് തയാറാക്കുന്ന റിപ്പോർട്ടുകൾ വിടവില്ലാത്തവിധം ദൃഢമാക്കുക എന്നതു മലയാളത്തിലെ പത്രപ്രവർത്തകർ നേരിടുന്ന കനത്ത വെല്ലുവിളിയാണ്.

*മംഗളം* ദിനപത്രത്തിന്റെ ചീഫ് ന്യൂസ് എഡിറ്ററാണ് ലേഖകൻ.

*ഇ-മെയിൽ: epshajudeen@gmail.com*



ഡോ. ബാബു ചെറിയാൻ



# പത്രഭാഷയും മലയാളഭാഷാപദസഞ്ചയവും

**കേ**രളത്തിന്റെ സാമൂഹികപരിവർത്തനത്തിനു പിന്നിൽ പ്രവർത്തിച്ച ഒരു പ്രമുഖഘടകമാണ് അച്ചടി എന്ന സാങ്കേതികവിദ്യ. ലോകത്തെവിടെയും ഭാഷയുടെ വികാസത്തിനും മാനകീകരണത്തിനും (Standardisation) നിമിത്തമായിത്തീർന്ന ഈ സാങ്കേതികവിദ്യ അതിന്റെ രണ്ടു പ്രമുഖമാർഗങ്ങളായ പത്രമാസികാപ്രവർത്തനം, പുസ്തകപ്രസാധനം എന്നിവയിലൂടെയാണു സമൂഹത്തിൽ വൻതോതിലുള്ള വിജ്ഞാനവിസ്ഫോടനവും ആശയസംവാദവും സൃഷ്ടിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആധുനിക അച്ചടിയുടെ പ്രചാരത്തിനൊപ്പം വളരുകയും വികസിക്കുകയും പൊതുവേ അംഗീകരിക്കപ്പെടുന്ന രൂപത്തിലാകുകയും ചെയ്യുന്നു, ആധുനികമലയാളഗദ്യം എന്നു കാണാൻ കഴിയും.

ഭാഷയുടെ മാനകീകരണത്തിൽ പുസ്തകങ്ങളും പത്രമാസികകളും വിദ്യാഭ്യാസവും വഹിക്കുന്ന പങ്ക് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതിൽ മാത്രമല്ല, ഭാഷയുടെ വളർച്ചയിലും പത്രങ്ങൾ വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നുണ്ട്. വാർത്തകളുടെയും മറ്റും രൂപത്തിൽ വരുന്ന വിഭിന്നങ്ങളും വിവിധങ്ങളുമായ ആശയങ്ങൾ പ്രതിപാദിക്കുക പത്രങ്ങളുടെ ധർമ്മമാണ്. ഇത്തരത്തിൽ ഏത് ആശയത്തെയും ഉൾക്കൊള്ളുവാനും ആവിഷ്കരിക്കുവാനുമുള്ള സാമർത്ഥ്യം പത്രഭാഷ പ്രകടിപ്പിക്കുമ്പോൾ അതു ഭാഷയുടെ സമർത്ഥമായ പ്രയോഗമാകുകയും ഭാഷ വളരുകയും ചെയ്യുന്നു.



ഭാഷ വളരുക എന്നാൽ ഭാഷയുടെ പദസമ്പത്തു വളരുക എന്നാണ് അർത്ഥം. ഭാഷയുടെ എഴുത്തു ശൈലികളിലോ ആവിഷ്കാരരീതികളിലോ വരുന്ന മാറ്റം ഭാഷയെ കൂടുതൽ കൂടുതൽ ശൈലിശുദ്ധമാക്കുന്നതേയുള്ളൂ. വ്യാകരണപരമായ കാര്യങ്ങളിൽ അടിസ്ഥാനമാറ്റങ്ങൾ ഭാഷയ്ക്കുണ്ടാകുന്നതല്ല. പദസഞ്ചയം വളരുക, കൂടുതൽ പദങ്ങളും പ്രയോഗങ്ങളും സഞ്ചയിക്കുക എന്നതിലൂടെയാണു ഭാഷ വികസിതമാകുന്നത്. നൂതനാശയങ്ങളും വസ്തുതകളും പ്രതിപാദിക്കേണ്ടിവരുമ്പോൾ ഭാഷയിൽ പുതിയ പദങ്ങൾ ആവശ്യമായി വരുന്നു. കണ്ടുപിടിത്തങ്ങൾ, യുദ്ധം, വലിയ സാമൂഹിക മാറ്റങ്ങൾ എന്നിവ ഉണ്ടാകുമ്പോഴാണു അവ ആവിഷ്കരിക്കേണ്ടി വരിക.

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ കണ്ടെത്തൽ ഭാഷയിൽ എത്രയെത്ര പദങ്ങൾ സൃഷ്ടിച്ചുവെന്ന് ആലോചിക്കുക. ഇത്തരത്തിൽ പുത്തൻ ആശയങ്ങൾ പ്രതിപാദിക്കുകയും വസ്തുതകൾ ആവിഷ്കരിക്കുകയും ചെയ്യേണ്ട അത്യാവശ്യം ആദ്യം നേരിടേണ്ടിവരുന്നതു വർത്തമാനപത്രങ്ങൾക്കാണ്. അതുകൊണ്ടു ഭാഷയിൽ പുതിയ പദങ്ങളെ ധാരാളമായി പരിചയപ്പെടുത്താനും അവയെ പ്രയോഗിച്ചുറപ്പിക്കുവാനും വർത്തമാനപത്രങ്ങൾക്കു കഴിയുന്നു. ഇത്തരത്തിൽ പത്രമാസികകൾ പദസഞ്ചയവികസനത്തിലൂടെ ഭാഷാപോഷണം നിർവഹിക്കുന്നതിന്റെ എത്ര വേണമെങ്കിലും ഉദാഹരണങ്ങൾ മലയാളപത്രപ്രവർത്തനത്തിന്റെ തുടക്കം മുതൽ കാണാൻ കഴിയും.


രാജ്യസമാചാരം

*'രാജ്യസമാചാരം'*
(മലയാളത്തിലെ ആദ്യപത്രം)- ആദ്യലക്കം

## ആദ്യപത്രങ്ങൾ

വർത്തമാനപത്രങ്ങൾ, ദിനപത്രങ്ങൾ തുടങ്ങിയവയെക്കുറിച്ച് ഇപ്പോൾ നമുക്കുള്ള ധാരണകൾ വച്ച് മലയാളപത്രപ്രവർത്തനത്തിന്റെ ചരിത്രം ഉറപ്പിക്കാൻ ശ്രമിക്കുന്നത് ഇന്നത്തെ മുഖ്യധാരാ മലയാളപത്രങ്ങളോടു കൂടിയാണു കേരളത്തിലെ പത്രപ്രവർത്തനം ആരംഭിച്ചതെന്നു പറയുന്നതു പോലെയോ ഒരാൾ ജനിച്ചപ്പോൾത്തന്നെ മഹാനും അറുപതുവയസ്സുള്ളവനും എഴുപതു കിലോ ഭാരമുള്ളവനും ആറടി നീളമുള്ളവനും ആയിരുന്നുവെന്നു പറയുന്നതു പോലെയോ വിഡ്ഢിത്തമായിരിക്കും.

മലയാളപത്രപ്രവർത്തനചരിത്രം ആരംഭിക്കുന്നത് ആദ്യാങ്കുരങ്ങളായ 'മലയാള പഞ്ചാംഗം' (1846), 'രാജ്യസമാചാരം' (1847), പശ്ചിമോദയം (1847) തുടങ്ങി കല്ലച്ചിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ മാസികാപത്രങ്ങളോടുകൂടിയാണ് (പിന്നീട് പത്രങ്ങൾ വാരികാപത്രങ്ങളും ദ്വൈവാരികാപത്രങ്ങളും ദിനപത്രങ്ങളുമായി). 'നീക്കിവയ്ക്കാവുന്ന ആണിയച്ചുകൾ' മുഖ്യസവിശേഷതയായുള്ള 'ആധുനിക അച്ചടിവിദ്യ'യുടെ ഉൽപന്നമായ 'ജ്ഞാനനിക്ഷേപ'വും (1848) അക്കൂടെയുണ്ട്. ഈ പത്രങ്ങളുടെ ഉള്ളടക്കത്തെയും ഭാഷയെയും സൂക്ഷ്മമായി അപഗ്രഥിച്ചാൽത്തന്നെ ഭാഷാവികാസവും പത്രങ്ങളും തമ്മിലുള്ള ദൃഢബന്ധം മനസ്സിലാക്കാൻ സാധിക്കും.

മുമ്പേ സൂചിപ്പിച്ചതുപോലെ, വാർത്താനിവേദനത്തിൽ പുതിയ പദങ്ങൾ ഏറ്റവും കൂടുതൽ വേണ്ടിവരുന്നതു ശാസ്ത്ര-സാങ്കേതികവിദ്യകളിൽ കണ്ടുപിടിത്തങ്ങൾ ഉണ്ടാകുമ്പോഴും യുദ്ധം പോലുള്ള സാമൂഹികപ്രതിഭാസങ്ങൾ ഉണ്ടാകുമ്പോഴുമാണ്. 'മലയാള പഞ്ചാംഗം' തുടങ്ങിയുള്ള തലശ്ശേരിപ്പത്രങ്ങളുടെ കാലമായ 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം ഈ രണ്ടുകാര്യങ്ങൾക്കും ദൗർലഭ്യമുണ്ടായിരുന്നില്ല.

19-ാം നൂറ്റാണ്ടിനെ വളരെ ദൂരം മുമ്പോട്ടു കൊണ്ടുപോയ 'ഇരുമ്പുപാതകളു'ടെയും 'ആവിവണ്ടി'യുടെയും സാങ്കേതികവിദ്യ മൂലം മലയാളത്തിലുണ്ടായ ചില വാക്കുകൾ നോക്കുക: പറത്തി (rail), പുകവണ്ടിപ്പാത, ഇരുമ്പുപാത (rail way), തീ മുട്ടുന്നോൻ (fir man), യന്ത്രനായകൻ (driver), പ്രത്യേക വണ്ടി (special train). തലശ്ശേരിപ്പത്രങ്ങളും പിന്നാലെ വന്ന 'ജ്ഞാനനിക്ഷേപ'വും ഉപയോഗിച്ച വാക്കുകളിൽ ഏതെല്ലാം പദങ്ങൾ ഭാഷ സ്വീകരിച്ചു, നിരാകരിച്ചു എന്നുള്ളത് ഇപ്പോൾ പ്രസക്തമല്ല.

ആധുനികശാസ്ത്രം, സാങ്കേതികവിദ്യ, ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം, ചരിത്രം തുടങ്ങി വിവിധ വിജ്ഞാനവിഷയങ്ങൾ പ്രതിപാദിക്കേണ്ടി വന്നപ്പോൾ പരിഭാഷയിലൂടെയോ (translation) ലിപ്യന്തരണത്തിലൂടെയോ (transliteration) പുതിയ വാക്കുകൾ കണ്ടെത്തുക എന്നതായിരുന്നു പത്രങ്ങൾ സ്വീകരിച്ച വഴി.

ഭൂമിശാസ്ത്രം അന്യദേശസ്ഥലനാമങ്ങളെ മലയാളികൾക്കു പരിചയപ്പെടുത്തിയത് ലിപ്യന്തരണത്തിലൂടെയാണ്. കെന്തർപ്പുരി (Canterbury), വേത്സ് (Wales), നൊർത്ഥുംബ്രിയ (Northumbria), മെർസിയ (Mercia), കെന്ത് (Kent), സുസ്സെക്സ് (Sussex), ഇതല്യ, ബിലാത്തി, തുർക്ക, എക്ലന്ത്, ഫ്രാഞ്ചി, കലെസ്, അതലന്തിക സമുദ്രം, അസ്യ, യുരൊപ തുടങ്ങിയവ ഉദാഹരണങ്ങൾ.

ഭൂമധ്യരേഖ, അക്ഷാംശം, രേഖാംശം, ഗോളാർദ്ധം, അഹോരാത്രം, സമവൃത്താകാരം ഇങ്ങനെ ധാരാളം നവീനപദങ്ങൾ (പുതിയ അർത്ഥത്തിലുള്ള പ്രയോഗവും) ആവശ്യമായി വന്നു. വിവിധ വിജ്ഞാനവിഷയങ്ങളിലായി ആകാശം (space, air), ജലവായു (hydrogen), അണു, ശസ്ത്രവൈദ്യൻ (surgeon), യന്ത്രപ്പണിശാല (factory), ഉലാവുകാവ് (ഉദ്യാനം- park), പടവീട് (barrack), വാനമീനുകൾ (ജ്യോതിസ്സുകൾ), ദൃഷ്ടിവിദ്യ, കുഴൽ (ബൈനോക്കുലർ, ദൂരദർശിനി), ചലനക്രമം, ബലൂൺ എന്നിങ്ങനെ നൂറുകണക്കിനു പുതിയ പദങ്ങൾ പത്രത്താളുകളിൽ സ്ഥാനം പിടിച്ചു. ഇവ പത്രങ്ങളിൽനിന്നു പിന്നീടു പാഠപുസ്തകങ്ങളിലേക്കും മറ്റു പുസ്തകങ്ങളിലേക്കും സംക്രമിച്ചു.

## ജ്ഞാനനിക്ഷേപവും വിദ്യാസംഗ്രഹവും

'ജ്ഞാനനിക്ഷേപം' (1848) പ്രസിദ്ധീകരിച്ചു തുടങ്ങിയ കാലത്ത് യൂറോപ്പിൽ കണ്ടുപിടിത്തങ്ങളുടെ കാലമായിരുന്നു. പുതിയ ശാസ്ത്രതത്ത്വങ്ങളുടെയും, യന്ത്രങ്ങളുടെയും പദാർത്ഥങ്ങളുടെയും ഭൂവിഭാഗങ്ങളുടെയും- ഇങ്ങനെ ശാസ്ത്ര-സാങ്കേതികജ്ഞാനം, ഭൂമിശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖയിലും പുത്തൻ അനുഭവങ്ങളും വസ്തുക്കളും വസ്തുതകളും ദൈനംദിനമെന്നോണം വന്നു ചേർന്നുകൊണ്ടിരുന്ന കാലം. യൂറോപ്പിൽ ഓരോ ദിവസവും ഏതെങ്കിലും തരത്തിലുള്ള ഒരു കണ്ടുപിടിത്തം ഉണ്ടായിക്കൊണ്ടിരുന്നു എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. ഇതിനെക്കുറിച്ചെല്ലാം 'ജ്ഞാനനിക്ഷേപ'ത്തിന് ഏറിയോ കുറഞ്ഞോ റിപ്പോർട്ട് ചെയ്യേണ്ടി വന്നിരുന്നു. എത്രയെത്ര പുതിയ പദങ്ങളാണ് ഈ പുതുമകൾ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ടിരുന്നത്! ചെറുതും വലുതുമായ ഒട്ടുമിക്ക ശാസ്ത്രീയകണ്ടുപിടിത്തങ്ങളെയും അവ കൊണ്ടുണ്ടാകുന്ന പ്രയോജനങ്ങളെയും കുറിച്ച് 'ജ്ഞാനനിക്ഷേപം' യഥാസമയം റിപ്പോർട്ട് ചെയ്തിരുന്നു.

1850 മീനം ലക്കത്തിൽ 'കണ്ടുപിടിത്തങ്ങൾ' എന്ന തലക്കെട്ടിൽ 'ക്ലൊരെഫൊരം', 'കല്ലെണ്ണ' ഇവ കണ്ടെത്തിയതിനെ കുറിച്ചു പറയുന്നു. 1857 ജൂലൈ ലക്കത്തിൽ ക്ലോറഫോം കേരളത്തിലെത്തിയതിനെക്കുറിച്ചു പറയുന്നു: 'ക്ലോറൊപൊം' എന്ന ഒരു വിശേഷ ആവി മരുന്നു നാലഞ്ചുവർഷം മുമ്പെ കണ്ടെത്തപ്പെട്ടിരുന്നു. കൊച്ചി രാജ്യത്തെ 'രോഗപ്പുര'യിൽ ഒരു പാണ്ടിപ്പിള്ളയുടെ തുടയിലെ മുഴ ഓപ്പറേറ്റ് ചെയ്യാൻ ക്ലോറഫോം ഉപയോഗിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു വത്രേ. വസൂരിക്കെന്നപോലെ നടപ്പുദീനത്തിനും ഒരു ബംഗാൾ ഡോക്ടർ 'ഗോവസൂരി' (വാക്സിനേഷൻ) കണ്ടെത്തിയ വാർത്ത ഇതേ ലക്കത്തിൽത്തന്നെ ഉണ്ട്. 'ഇരുമ്പുപാദ', 'വർത്തമാനസൂത്രക്കമ്പി' തുടങ്ങി ധാരാളം ലേഖനങ്ങൾ 'ജ്ഞാനനിക്ഷേപ'ത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ക്ലൊറൊപൊം, കൊൾ, കാന്തസൂക്ഷപ്പെട്ടി, നടപ്പുദീനം, അല്ലുമിനം, ഇരുമ്പുപാദ, വർത്തമാനസൂത്രക്കമ്പി എന്നിങ്ങനെയുള്ള പുത്തൻ പദങ്ങൾ 'ജ്ഞാനനിക്ഷേപ'ത്തിൽ അസംഖ്യമാണ്.

റൈൻഗുൻ, ഇങ്ക്ളീഷ് കുമ്പിനിയാർ, ഗോവർമെന്റ, ഗൊവർമെന്ത്, ഇഞ്ചിനീർ, റുഷ്യ, പ്രാൻസ, പാറിസ, ബൊമ്പാ, പാർശ്യക്കാർ, പാർളിയമെന്റ, ഗൌർണർമാർ എന്നിങ്ങനെ ധാരാളം പദങ്ങൾ വേറേ.

'കൊൾ' പിന്നീട് 'മൺകരി' എന്നു പ്രയോഗിച്ചു. പക്ഷേ, ഭാഷയ്ക്കിതു രണ്ടും സ്വീകാര്യമായില്ല- 'കൽക്കരി' എന്നതാണു സ്വീകരിച്ചത്.

'തെ' എന്നും 'ചാ' എന്നുമുള്ള പ്രയോഗങ്ങളിൽ, 'തെ' ആണു പിന്നീട് 'ലേമ' ആയത്. 'ചാ' ചായയും. 'കേരളം' എന്ന അർത്ഥത്തിൽ 'മലയാളം' എന്നാണു പ്രയോഗം. വ്യക്തിനാമങ്ങളുടെ ലിപ്യന്തരണമാണ് ഏറെ രസകരം. റാം മോഹൻ റോയിയുടെ പേര് മലയാളത്തിലായപ്പോൾ 'രാമോവനരായൻ' എന്നായി.

'ഓസ്ത്രിച്ച' 'ഓട്ടപ്പക്ഷി'യും പിന്നീട് 'ഒട്ടകപ്പക്ഷി'യും ആയി. ആദ്യമൊക്കെ 'ഇങ്ക്ളാന്ത്' ആയിരുന്നത് പിന്നീട് 'ഇംഗ്ലാന്തും' പിന്നെ 'ഇംഗ്ലാണ്ടും' ഒടുവിൽ ഇംഗ്ലണ്ടും ആയി. തീക്കപ്പൽ കുറേക്കഴിഞ്ഞപ്പോൾ ആവിക്കപ്പലായി.

കഴിഞ്ഞുപോയ (മരിച്ച), കുഴൽ കണ്ണാടി (telescope), കുടികൾ, പൈതങ്ങൾ, തുരങ്കം (ഖനി-ഇരുമ്പു തുരങ്കം, പൊന്നും തുരങ്കം, വെള്ളി തുരങ്കം), ധാതുദ്രവ്യം, കുരാർ വർണം (തവിട്ടുനിറം), കുടിയാന്മാർ, ഭാഷ (ആകൃതി, ഘടന), കരേറ്റി (കയറ്റി), മൂന്നിട്ട ഒരു പങ്ക് (മൂന്നിൽ ഒന്ന്), ബോധക്ഷയം, പ്രമാണിക്കുക, കണ്ടിപ്പാൻ, ഛേദിപ്പാൻ, സഹായവില, അതിമാനുഷൻ, ബോധം വരുത്തുക (ബോധ്യപ്പെടുത്തുക), വിസ്താരം (trial), തൂക്കുക (തൂക്കിക്കൊല്ലുക), നീർപ്പോള (നീർക്കുമിള), വർത്തമാനസൂത്രം, കമ്പി ഇങ്ങനെ എത്രയെത്ര പദങ്ങളാണ് 'ജ്ഞാനനിക്ഷേപ'ത്തിൽ പ്രയോഗിച്ചുറപ്പിക്കപ്പെട്ടത്.

ശാസ്ത്ര-സാങ്കേതികലേഖനങ്ങൾക്കു പുറമേ സാമൂഹികശാസ്ത്രം, ചരിത്രം തുടങ്ങിയ വിഷയങ്ങളിലും ധാരാളം ലേഖനങ്ങൾ 'വിദ്യാസംഗ്രഹ'ത്തിൽ (1864) പ്രസിദ്ധപ്പെടുത്തിയിരുന്നു. മലയാളത്തിലെ ആദ്യശാസ്ത്രസാഹിത്യകാരൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ജോർജ് മാത്തന്റെ ശാസ്ത്ര-സാങ്കേതികവിദ്യ- സാമൂഹികശാസ്ത്രലേഖനങ്ങൾ മിക്കവയും പ്രസിദ്ധീകരിക്കപ്പെട്ടത് 'വിദ്യാസംഗ്രഹ'ത്തിലായിരുന്നു. ഈ വിജ്ഞാനശാഖകൾ മലയാളത്തിൽ കൊണ്ടുവന്ന പദങ്ങൾ അനവധിയാണ്.

'വിദ്യാസംഗ്രഹ'ത്തിൽ വന്ന ചില ലേഖനങ്ങൾ



നോക്കുക: 'അത്യുത്തരപ്രദേശങ്ങൾ', 'അന്തരീക്ഷം', 'ആകാശത്തുള്ള ഗോളങ്ങൾ', 'ഇരിമ്പുപാദയുടെയും ആവിവണ്ടിയുടെയും ആരംഭം', 'കൊഴുമുതലാണ്മ' (Agriculture), 'ജ്യോതിശാസ്ത്രം' (Astronomy), 'ഭൂമിയുരുണ്ടാകുന്നു എന്നുള്ളതു' (The world's Roundity) 'മരുമക്കത്തായത്താലുള്ള ദൊഷങ്ങൾ', 'രസവാദശാസ്ത്രം' 'വിദ്യുത്താരയന്ത്രപ്രമാണം' (The Electric Telegraph), 'സാധാരണ ചികിത്സാശാല'. ഈ ഓരോ വിഷയവും എത്രയെത്ര പുതിയ വാക്കുകൾ, എത്രയെത്ര വാക്കുകൾ നൂതന സാങ്കേതികാർത്ഥത്തിൽ പ്രയോഗിക്കുന്നതിന് എഴുത്തുകാരെ പ്രേരിപ്പിച്ചിട്ടുണ്ടാകുമെന്നാലോചിക്കണം.

'വിദ്യാസംഗ്രഹ'ത്തിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച ഒരു വിഷയത്തെക്കുറിച്ചു മാത്രം പ്രതിപാദിക്കാം– 'രാസവാദശാസ്ത്രം'. വിഷയം ഇന്നത്തെ 'രസതന്ത്രം' അഥവ 'കെമിസ്ട്രി' ആണ്. രസതന്ത്രത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ വിശദീകരിക്കുകയും അതുമായി ബന്ധപ്പെട്ട 'പരീക്ഷണങ്ങൾ' വിശദമാക്കുകയുമാണ് ഈ പംക്തിയുടെ ലക്ഷ്യം. വിവിധ ലക്കങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഓരോ ഭാഗത്തിന്റെയും ആമുഖമായി ലേഖകനായ ജോർജ് മാത്തൻ നൽകുന്ന രാസനാമങ്ങളുടെയും മറ്റു ശാസ്ത്രനാമങ്ങളുടെയും ഒരു പട്ടികയുണ്ട്. ഈ പട്ടികയിലെ പല പദങ്ങളും പിന്നീട് ഭാഷയിൽ ഉറച്ചു; ചിലതു നിരാകരിക്കപ്പെട്ടു. എന്തുമാകട്ടെ, ആ പദങ്ങളുടെ പ്രയോഗൗചിത്യവും



ജോർജ് മാത്തൻ

അർത്ഥസമ്പുഷ്ടിയുമാണ് ശ്രദ്ധിക്കേണ്ടത്. ചില പദങ്ങൾ നോക്കുക:

രസവാദശാസ്ത്രം (Chemistry)
ഭൂതം (Elment)
വാഷ്പം (Gas)
അമ്ലകരവാഷ്പം (Oxygen)
യവക്ഷാരവാഷ്പം (Nitrogen)
ജലജവാഷ്പം (Hydrogen)
ഹരിതവാഷ്പം (Chlorive)
അംഗാരം (Carbon)
പ്രകാശദം (Phosphorus)
ആകർഷണം (Attraction)
ഘനാകർഷണം (Attraction of Gravitation)
കാന്താകർഷണം (Magnetic attraction)
വിദ്യുദാകർഷണം (Electrical attraction)
രസവാദബാന്ധവം (Chemical affinity)
ഗന്ധകാമ്ലം (Sulphuric acid)
ഈയതുരുമ്പ (Oxide of Lead)
സോഡാമ്ലത്വം (Acetate of Soda)
കാരങ്ങൾ (Alkalies)
ഗന്ധകീയാമ്ലം (Sulphurous acid)
ദ്രാവ്യം (Soluble)
ശ്വാസനാഡികൾ (Lungs)
സ്ഫടികാകൃതം (Crystalized)
കൽചുണ്ണാമ്പു (Chalk)
നാകം (Zinc)
ലവണങ്ങൾ (Salts)
ജലഹരിതാമ്ലം (Hydrochloric acid)
നവക്ഷാരം (Sal-ammoniac)

ഓക്സാലമ്ലം (Oxalic acid)

യവക്ഷാരാമ്ലം (Nitric acid)

ഒരു രസതന്ത്രപരീക്ഷണം കൂടി നോക്കുക ('പരീക്ഷ' എന്നാണ് ലേഖകൻ 'പരീക്ഷണ'ത്തിനു പറയുന്നത്).

"പരീക്ഷ, കുറെ ഇരിമ്പരാക്കുപൊടിയും ഏകദേശം പൊടിയുടെ പാതിതൂക്കത്തോളം ഗന്ധകവും കൂടെ നല്ലവണ്ണം ഭേദിക്ക. ആ കൂട്ട രാസവാദപ്രയോഗത്തിൽ ഉപകരിക്കുന്ന ഒരു കാചക്കുഴലിൽ ഇട്ട മദ്യങ്ങളുടെ സത്തുകൊണ്ടെരിയുന്ന ജ്വാല പിടിക്ക. ഉടനെ കുഴലിന്നകത്ത വായു കേറാതിരിക്കേണ്ടതുന്നതിന്ന ചൂണ്ടോന്നി വിരലുകൊണ്ട കുഴലിന്റെ വായടെക്ക. തീയെരിച്ചിൽകൊണ്ട ഇരിമ്പും ഗന്ധകവും തമ്മിൽ ഒരുമിച്ച ചേർന്ന ഇരിമ്പിൽനിന്നും ഗന്ധകത്തിൽനിന്നും മുഴുവനും വ്യത്യാസമുള്ളതായി 'അയോഗന്ധം' (Sulphuret of Iron) എന്ന പേരായ ഒരു കറുത്ത കൂട്ടുവസ്തുവുണ്ടാകും."

നോക്കൂ, ഈ ചെറിയ ഖണ്ഡത്തിൽത്തന്നെ എത്രയോ വാക്കുകൾ– ഇരിമ്പരാക്കുപൊടി, ഗന്ധകം, ഭേദിക്ക, കാചക്കുഴൽ, അയോഗന്ധം, കൂട്ടുവസ്തു (Compound).

## 'യുദ്ധവും മലയാളവും'

ഇക്കൂടെ ചേർത്തു വായിക്കാവുന്ന പഴയ ഒരു ലേഖനമുണ്ട്. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള 'യുദ്ധവും മലയാളവും' എന്ന പേരിൽ 'ആത്മപോഷിണി'യുടെ 1090 മിഥുനം, കർക്കിടകം ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചതാണ് അത് (കേരള പ്രസ് അക്കാദമി പ്രസിദ്ധപ്പെടുത്തിയ 'വൃത്താന്ത പത്രപ്രവർത്തന'ത്തിൽ പ്രസ്തുത ലേഖനം അനുബന്ധമായി ചേർത്തിട്ടുണ്ട്).

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള യുദ്ധം മലയാളത്തിനുണ്ടാക്കിയ നേട്ടത്തെക്കുറിച്ച് എഴുതുന്നു: 'യൂറോപ്യൻ മഹായുദ്ധം നിമിത്തം ലോകകാര്യങ്ങൾക്ക് ആകെപ്പാടെ ഒരു ഭേദഗതി ഉണ്ടാവുന്നുണ്ടെന്നാകുന്നു പരക്കെ വിശ്വസിക്കപ്പെട്ടിരിക്കുന്നത്. അക്കൂട്ടത്തിൽ മലയാളത്തിനു ബാധകമായ ചില സംഗതികൾ ഉണ്ടായിട്ടുണ്ടെന്നു നമ്മൾ അനുഭവത്താൽ അറിയുന്നുണ്ട്. ലാഭനഷ്ടങ്ങളുടെ ഏറ്റത്തൂക്കം അറ്റ കണക്കാക്കിപ്പറവാൻ ഇനിയും കാലമായിട്ടില്ല... ഈ യുദ്ധം ഹേതുവായി മലയാളികളുടെ ഭാഷയിലും ചില വിശേഷങ്ങൾ സംഭവിച്ചിട്ടുണ്ട്. മറുനാടൻ ഭാഷകളിൽ നിന്ന് ചില പദങ്ങൾ കൈക്കൊണ്ടതായിട്ടും, സ്വഭാഷാപദങ്ങളെ കൂട്ടിച്ചേർത്തുതന്നെ ചില പുതിയ വാക്കുകൾ സൃഷ്ടിച്ചതായിട്ടും ചില പദങ്ങൾക്കു പുതിയ അർത്ഥത്തിൽ പ്രയോഗം നൽകിയതായിട്ടും സാധാരണയായി ഉപയോഗിക്കാതെ വിട്ടിട്ടുള്ള ചില പദങ്ങൾക്കു പ്രയോഗപ്രാചുര്യം ലഭിച്ചതായിട്ടും– ഇങ്ങനെ നാനാപ്രകാരത്തിൽ ഭാഷയ്ക്ക് ഒരു പുതുമ ഉണ്ടായിട്ടുണ്ട്. വൃത്താന്തപത്രപ്രവർത്തകന്മാരാകുന്ന ഭാഷയുടെ ഈ ഗതിവിശേഷത്തെ ത്വരിപ്പിച്ചിട്ടുള്ളവർ...' (വൃത്താന്തപത്രപ്രവർത്തനം 1984: 224).



സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

"ഇപ്പോഴത്തെ യുദ്ധവും മലയാളപത്രക്കാരുടെ പദദാരിദ്ര്യക്ലേശത്തെ നല്ലവണ്ണം പ്രകാശിപ്പിച്ചിട്ടുണ്ട്. സാങ്കേതികശബ്ദങ്ങളിലെന്നുവേണ്ട, സാമാന്യസംഗതികളെ സംബന്ധിച്ച പദങ്ങളുടെ കാര്യത്തിൽ കൂടിയും, പത്രപ്രസാധകന്മാർ വൈഷമ്യം അനുഭവിക്കുന്നതായി കണ്ടിരിക്കുന്നു. പദക്ലേശം നേരിടുമ്പോൾ, മലയാളത്തിൽ സാധുവാകുമോ എന്നു ഗണിക്കാതെ, 'മുട്ടുശാന്തി'ക്ക് ഇംഗ്ലീഷും മലയാളവും ചേർത്ത് സമസ്തക്രിയകളുണ്ടാക്കി 'ടൊർപ്പീഡോ ചെയ്തു' (Torpedoed) എന്ന വിധത്തിൽ പ്രയോഗിപ്പാൻ കൂടി ഇവരിൽ ചിലർക്കു കൂസലില്ല" എന്ന് എഴുതുന്ന കെ. രാമകൃഷ്ണൻ യുദ്ധകാലത്ത് വിവിധ പത്രങ്ങൾ പ്രയോഗിച്ച ചില പുതിയ പദങ്ങൾ സമാഹരിക്കുകയും അവയിൽ ഉചിതമായി തനിക്കു തോന്നുന്നത് ഏത് എന്നു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മാതൃകയ്ക്കായി ചില പദങ്ങൾ ഉദാഹരിക്കുന്നു. കേരളോദയം, ദേശാഭിമാനി, കേരളപത്രിക, മനോരമ, കേരളസഞ്ചാരി, സത്യനാദം, മലയാള മനോരമ, ഉത്തരതാരക തുടങ്ങി പതിനാലു വർത്തമാനപത്രങ്ങളിൽ/ആനുകാലികപ്രസിദ്ധീകരണങ്ങളിൽ നിന്ന് കെ. രാമകൃഷ്ണപിള്ള തിരഞ്ഞെടുത്തതാണു പദങ്ങൾ. സ്വദേശാഭിമാനിക്കു സ്വീകാര്യമായ പദം ബ്രാക്കറ്റിൽ.

വിമാനയോധനം, ആകാശയുദ്ധം (air-raid- വിമാനാക്രമം, വ്യോമാഭിഗ്രഹം)

ആകാശവിമാനം, ആകാശക്കപ്പൽ, വ്യോമവിമാനം, വിമാനക്കപ്പൽ (air-ship വ്യോമയാനം, ആകാശക്കപ്പൽ, വ്യോമപോതം, നഭോനൗക).

തോക്കുപട്ടാളം, പീരങ്കിത്തോക്കുകൾ (artillery പീരങ്കിപ്പട്ടാളം, പീരങ്കിപ്പട)



സൈന്യവ്യൂഹം, അക്ഷൗഹിണി, സൈന്യദളം (army corps- സൈന്യദളം, സൈന്യഗുൽമം)

വിമാനക്കാരൻ, വിമാനചാരി, വ്യോമചാരി, വിമാന സഞ്ചാരി, വൈമാനികൾ (aviator aeronaut- വൈമാനികൻ).

തോക്കിൻമേൽ കുന്തം (bayonette- നിസ്ത്രംശം, തോക്കിഞ്ചുരിക)

അഗ്ന്യസ്ത്രം, തീക്കുടുക്ക, തീയുണ്ട, അഗ്നിക്കുടുക്ക, കുടുക്ക (bomb-ബംഭരാസ്ത്രം, ഭംഭകാസത്രം)

ബോംബെറിഞ്ഞുള്ള യുദ്ധം (bombardment- ബംഭരാസ്ത്രപ്രയോഗം, ഭംഭകാർദ്ദനം)

സമുദ്രത്തിൽക്കൂടെ പോകുന്ന വർത്തമാനക്കമ്പി (cable- കടൽക്കമ്പി)

സൈനികക്കോടതി (courtmartial സൈനികക്കോടതി, സൈന്യധർമ്മസഭ)

ഉപജാപം (conspiracy- ഉപജാപം)

യുദ്ധവിളംബം, യുദ്ധപ്രഖ്യാപനം, യുദ്ധവിജ്ഞാപനം (declaration of war- യുദ്ധപ്രഖ്യാപനം, യുദ്ധവിജ്ഞാപനം)

സൈന്യനിര, സമരസരണീ, സമരനിര (fighting line, fighting front- രണമൂർധാവ്, സേനാമുഖം)

മഞ്ഞുകുടുക്ക (fog-bomb- ധൂമികാസ്ത്രം)

പുകയുണ്ട (gas-bomb വാതകാസ്ത്രം)

യന്ത്രത്തോക്ക് (machine gun- യന്ത്രത്തോക്ക്)

നശീകരണസാമഗ്രി, നശീകരണയന്ത്രം (mine- ഉദ്ദളിനി)

നാവ്യബലം, നാവികസൈന്യം (naval force- നാവ്യബലം, നാവ്യസൈന്യം)

നിമിഷവെടിത്തോക്ക് (quick-fairer- നിമിഷവെടിത്തോക്ക്)

ആഗ്നേയാസ്ത്രം (shell പുടാസ്ത്രം, ശലാകാസ്ത്രം)

വെള്ളത്തിന്റെ ചുവട്ടിൽക്കൂടെ പോകുന്ന കപ്പൽ, വെള്ളത്തിനടിയിൽക്കൂടി പോകുന്ന കപ്പൽ, മുങ്ങിക്കപ്പൽ, പലാന്തർവാഹനം, അധോർണ്ണവയാനം (submarine- മുങ്ങിക്കപ്പൽ, മുങ്ങക്കപ്പൽ)

മീനബാണം (torpedo- മീനബാണം, ദുഷ്പോതകം, ഉൽഭേദകാസ്ത്രം)

കിടങ്ങ്, വാട, പടനിലക്കിടങ്ങ് (trench പടനിലക്കിടങ്ങ്, ഖാതം)

കമ്പിയില്ലാക്കമ്പി (wireless, telegraph- ദൂരലേഖിനി)

ഇനിയുമുണ്ട് ഒട്ടേറെ പുതിയ പദങ്ങൾ. മുമ്പേ സൂചിപ്പിക്കപ്പെട്ടതുപോലെ സ്വീകരിക്കപ്പെടുന്നതും നിരാകരിക്കപ്പെടുന്നതുമല്ല പ്രശ്നം. ആവശ്യമുണ്ടായപ്പോൾ പ്രയോഗിക്കപ്പെട്ടു എന്നുള്ളതാണ്.

വർത്തമാനപത്രങ്ങൾ പത്രനിർമാണത്തിലൂടെ ഭാഷാപരിപോഷണം നിർവഹിക്കുന്നത് അനുസ്യൂതപ്രക്രിയയാണ്. കമ്പ്യൂട്ടർ സാങ്കേതികവിദ്യ, നാനോടെ




ക്നോളജി തുടങ്ങി പുതിയ വിജ്ഞാനവിഷയങ്ങൾ ആവിർഭവിച്ചപ്പോൾ മലയാളപദസഞ്ചയത്തിലേക്കു എത്ര പുതിയ വാക്കുകൾ കിട്ടി എന്ന് അന്വേഷിക്കുന്നത് ഒരേ സമയം കൗതുകകരവും വിജ്ഞാനപ്രദവുമായിരിക്കും. ശാസ്ത്ര-സാങ്കേതികവിഷയങ്ങൾ മാത്രമല്ല, മാനവികവിഷയങ്ങളും സാംസ്കാരികവിനിമയങ്ങളും അന്താരാഷ്ട്രബന്ധങ്ങളുമൊക്കെ നൂതന പദങ്ങൾക്കും പ്രയോഗങ്ങൾക്കും ഭാഷയിൽ ഇടം നൽകും. പത്രങ്ങളും പത്രപ്രവർത്തനവും ഇക്കാര്യത്തിൽ എക്കാലത്തും ഏറ്റവും പ്രമുഖമായ ചാലകശക്തിയായിരുന്നു.

കോട്ടയം *സി എം എസ്* കോളജിലെ മലയാളവിഭാഗം തലവനാണ് ലേഖകൻ

*ഇ-മെയിൽ: drbabucherian@gmail.com*



ബിമൽ കുമാർ രാമങ്കരി

# മാധ്യമപ്രവർത്തനം: നവീനകാലപ്രതിസന്ധികൾ

"കപ്പൽ തുറമുഖത്ത് സുരക്ഷിതമായിരിക്കാം. എന്നാൽ, അതു നങ്കൂരമടിച്ചു കിടക്കാനുള്ളതല്ല. കാറ്റും കോളും ഐസ് ബർഗുകളും നിറഞ്ഞ മഹാസമുദ്രത്തിലൂടെ അപകടരഹിതമായി സഞ്ചരിക്കാനാണ് അവ നിർമ്മിക്കപ്പെട്ടത്." *ജോൺ എ. ഷെഡിന്റെ* ഈ വാക്കുകൾ മാധ്യമപ്രവർത്തകർക്കും ബാധകമാണെന്നു തോന്നുന്നു.

സദാ അസ്വാസ്ഥ്യങ്ങളും വെല്ലുവിളികളും നിറഞ്ഞതാണ് ഒരു മാധ്യമപ്രവർത്തകന്റെ മേഖല. എന്നാൽ ഇലക്ട്രോണിക് ജേർണലിസത്തിന്റെ സൗഭാഗ്യത്തികവിലും വിഷ്വൽ മീഡിയയുടെ വർണ്ണ വിസ്മയത്തിലും അവന്റെ പ്രവർത്തനസാധ്യത സമ്പൂർണ്ണാവസ്ഥയിൽ വികസിതമാകുന്നില്ല എന്നതാണ് ദുഃഖകരം. പ്രാവിനെപ്പോലെ ഇണങ്ങിയും കഴുകനെപ്പോലെ ഉയർന്നും പാമ്പിനെപ്പോലെ ഇഴഞ്ഞും അവൻ സ്വന്തമാക്കുന്ന എത്രയെത്ര വാർത്താസൃഷ്ടികളാവാം മാഫിയ ഭീകരരും ഭരണവർഗ്ഗവും ഒറ്റ ഫോൺ കോളിലൂടെ മരവിപ്പിച്ചു വയ്ക്കുന്നത്. ഫലമോ? പൊതുസമൂഹത്തിനു പലപ്പോഴും വാർത്തകൾക്കു പിന്നിലെ യഥാർത്ഥ സത്യം കണ്ടെത്താനാകുന്നില്ല.

വിരുദ്ധശക്തികൾ സൃഷ്ടിക്കുന്ന പുകമറയ്ക്കുള്ളിലെ അവ്യക്തരൂപങ്ങൾ മാത്രമാണ് വാർത്താമാധ്യമങ്ങൾ ജനതയ്ക്കു പ്രദാനം ചെയ്യുന്നത്. മാധ്യമപ്രവർത്തനം ഒരു വ്യവസായം എന്ന നിലയിലേക്ക് അധഃപതിച്ചതും ഈ പ്രതിസന്ധിയുടെ കാരണങ്ങളിലൊന്നത്രേ. പോൾ എം. ജോർജ്ജിന്റെ മരണം ആഘോഷി



ക്കാത്ത മാധ്യമങ്ങളില്ല. എന്നാൽ, നിഷ്ഠുരമായ ആ കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ചവരെ പൂർണ മായി സമൂഹദൃഷ്ടിയിൽ എത്തിക്കുന്നതിൽ മാധ്യമ ങ്ങൾ ആദ്യം മുതലേ പരാജയപ്പെട്ടു. ജിഷയുടെ കൊല പാതകത്തിന്റെ കാര്യവും അങ്ങനെ തന്നെ. ഇവ കൂടാതെ എത്രയെത്ര കൊലപാതകങ്ങൾ, പണാപഹ രണങ്ങൾ, അഴിമതിക്കഥകൾ!

ദൃക്സാക്ഷിയില്ല എന്ന കാരണത്താൽ ഒരു യഥാർത്ഥ സംഭവം വിശ്വാസ്യമല്ല എന്നു കരുതുന്നതു ഗൗരവമേറിയ വീഴ്ചയാണ്. പരമാവധി വിശ്വസനീയ മായ വാർത്താസ്രോതസ്സുകൾ മാത്രമേ ഉത്തരവാദിത്ത മുള്ള ഒരു പത്രപ്രവർത്തകൻ ഉപയോഗപ്പെടുത്താറുള്ളൂ. പൗരബോധവും സാമൂഹികപ്രതിബദ്ധതയുമുള്ള മാധ്യ മങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാനനുവദിക്കാത്ത സാഹചര്യം ജനാധിപത്യത്തിനും പൗരസ്വാതന്ത്ര്യ ത്തിനും എക്കാലവും ഭീഷണിതന്നെ. 'സത്യസന്ധ തയേക്കാൾ ആഢ്യമായ ഒരു പാരമ്പര്യവുമില്ല' എന്ന ഷെയ്ക്സ്പിയറുടെ വാക്കുകൾ മാധ്യമപ്രവർത്ത കർക്കു മാത്രമല്ല ഭരണവർഗത്തിനും ബാധകമാണ്.

ലിറ്ററി ജേർണലിസം പോലെ തന്നെ എത്തി ക്കൽ ജേർണലിസവും മാധ്യമമേഖലയിൽ നിന്നു വിട വാങ്ങിയകലുകയാണ്. മാധ്യമപ്രവർത്തനത്തെ കൂടു



ഷെയ്ക്സ്പിയർ

തൽ വിശ്വാസ്യമാക്കാൻ വേണ്ട ഉപാധികൾ ശാസ്ത്രം സമ്മാനിച്ചിട്ടുള്ള ആധുനികകാലത്താണ്, ഈ അവസ്ഥ എന്നതും അതീവഖേദകരം തന്നെ. ധാർമ്മികതയും ആത്മീയതയുമുള്ള മാധ്യമപ്രവർത്തകരുടെ സംഖ്യ വിരളമായിരിക്കുന്നു. മാധ്യമപ്രവർത്തകനു പ്രവർത്തി ക്കാനും പ്രതിഷേധിക്കുവാനുമുള്ള അവകാശം മാധ്യമ ഉടമകളോ ഭരണവർഗമോ നിഷേധിച്ചുകൂടാ. ആ സന്മ നസ്സ് അവർ പ്രകടിപ്പിക്കാത്ത കാലത്തോളം ഈ ധാർമ്മികപ്രതിസന്ധികളിൽ നിന്നു മാധ്യമമേഖല



വിക്ടർ യൂഗോ

മോചിതമാകുമെന്നു കരുതാനാവില്ല. നിഷ്പക്ഷതയും ധാർമ്മികതയും നിലനിർത്തുന്ന മാധ്യമങ്ങൾക്കു പിന്തു ണയും പ്രോത്സാഹനവും പകരാൻ ജനസമൂഹങ്ങളും മുമ്പോട്ടുവരേണ്ടതുണ്ട്. 'ഒരു വിദ്യാലയം തുറന്നാൽ ഒരു ജയിൽ അടയ്ക്കാം' എന്നു വിക്ടർ യൂഗോ പറഞ്ഞു. ഒരു പത്രം സ്വതന്ത്രമായാൽ ഒരു ജനതയെ ഉണർത്താം എന്നു വിനയപൂർവം രേഖപ്പെടുത്തട്ടെ.

മാധ്യമധാർമ്മികത പിസ്സാഗോപുരം പോലെ ചരി ഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സെൽഫ് മോനിട്ടറി ങ്ങിനു വിധേയനാകുന്ന മാധ്യമപ്രവർത്തകന്റെ പ്രായോ ഗികബുദ്ധി മാത്രമാണ് അവനെ ആ കസേരയിൽ പിടി ച്ചിരുത്തുന്നത്. അവന്റെ സത്യസന്ധത, നിഷ്പക്ഷത, ദയാപരത ഇവയ്ക്കൊന്നും വളർന്നു വികസിക്കാനുള്ള അനുകൂലസാഹചര്യം ഇവിടെയില്ല. അനീതികളോടുള്ള നൈസർഗ്ഗികപ്രതിഷേധം മറച്ചുവച്ചു മന്ദഹസിക്കാനും അതാണു മാന്യത എന്നു പ്രഖ്യാപിക്കാനും ശീലിച്ചവ രുടെ ദുരന്തഭൂമിയിലാണു മാധ്യമപ്രവർത്തകസമൂഹം നിലകൊള്ളുന്നത്.

പൊതുസമൂഹവും ഈ ദുരന്തം ഏറ്റുവാങ്ങു ന്നുണ്ട്. ജീവിതത്തിൽ രണ്ടു ദുരന്തങ്ങളേയുള്ളൂ എന്നു ഷാ പറഞ്ഞിട്ടുണ്ട്. ഒന്ന് ആഗ്രഹിച്ചതെല്ലാം കിട്ടുക. രണ്ട് ആഗ്രഹിച്ചതൊന്നും കിട്ടാതിരിക്കുക. എങ്കിൽ ദ്രഷ്ടാക്കളും അനുവാചകരുമൊക്കെ ഒരു മഹാദുരന്തം നേരിടുകയാണ്. അവർ ആഗ്രഹിക്കുന്നതോ അർഹിക്കു ന്നതോ അല്ല അവർക്കു ലഭിക്കുന്നത്. പത്രപ്രവർത്ത കന്റെ ധാർമ്മികപ്രതിസന്ധികൾക്കു പരിഹാരമാർഗ്ഗ ങ്ങൾ നിർദ്ദേശിക്കാൻ *അമേരിക്കൻ സൊസൈറ്റി ഓഫ് ന്യൂസ് എഡിറ്റേഴ്സ്* സംഘടിപ്പിച്ച 'എത്തിക് കോൺഫ റൻസ്' പോലെയുള്ള ശ്രമങ്ങൾ ഇന്ത്യൻ സാഹചര്യ ത്തിലും അനിവാര്യമാണെന്നു തോന്നുന്നു.




ഒരു സമൂഹം മാധ്യമങ്ങൾക്കും അവയിലെ പ്രവർത്തകർക്കും അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യവും മാന്യതയും അതിന്റെ സ്വയം നവീകരണവ്യഗ്രതയുമായി ഗാഢബന്ധം പുലർത്തുന്നു. സമൂഹത്തിന്റെ ശുദ്ധീകരണപ്രക്രിയയ്ക്കുള്ള സുസജ്ജവും സുശക്തവുമായ ഉപകരണങ്ങളാണു മാധ്യമങ്ങൾ എന്ന അവബോധം സമൂഹത്തിനുണ്ടാകേണ്ടതുണ്ട്.

ASNE
LEADING AMERICA'S NEWSROOMS

മാധ്യമങ്ങളെ സ്വാധീനിക്കാനോ നിയന്ത്രിക്കാനോ അനുകൂലമാക്കിയെടുക്കാനോ ഭരണവർഗ്ഗം ശ്രമിക്കുമ്പോൾ അവയുടെ നിഷ്പക്ഷത നഷ്ടമാകുന്നു. ജനാധിപത്യത്തിൽ ഗുരുതരമായ വീഴ്ചയാണിത്. മാധ്യമമേഖലയിലെ മൂല്യശോഷണത്തിനെതിരേ *ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ജേർണലിസ്റ്റ്സ്* (IFJ) ബോധവത്കരണശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ഭരണവർഗ്ഗത്തിന്റെ അനീതികൾക്കെതിരേ ശബ്ദമുയർത്തിയും തൂലിക ചലിപ്പിച്ചും അനശ്വരത നേടിയ സ്വദേശാഭിമാനിയേയും കെ.സി. മാമ്മൻ മാപ്പിളയെയും പോലെയുള്ള നിർഭയരായ മാധ്യമപ്രവർത്തകർ അവരുടെ മാതൃകാപരമായ പ്രവർത്തനപഥത്തിലേക്കു നമ്മേയും ക്ഷണിക്കുന്നുണ്ട്. യു.എസ്സിലെ *സൊസൈറ്റി ഓഫ് പ്രൊഫഷണൽ ജേർണലിസ്റ്റ്സ്* എന്ന സംഘടനയുടെ പ്രഖ്യാപനം മാധ്യമസമൂഹത്തിനു മാത്രമല്ല, മനുഷ്യസമൂഹത്തിനു തന്നെ പ്രചോദനമാണ്.

'നൈതികതയുടെ മാർഗരേഖയും ജനാധിപത്യത്തിന്റെ ആധാരശിലയും സാമൂഹികബോധവത്കരണമാണ്. ഇതിനായി സാമൂഹികസംഭവങ്ങളെ അവയുടെ സമഗ്രതയോടെ സത്യസന്ധമായും നീതിനിഷ്ഠമായും സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്നതാണ് ഒരു മാധ്യമപ്രവർത്തകന്റെ പ്രാഥമികമായ ഉത്തരവാദിത്വം. എല്ലാ മാധ്യമങ്ങളിലെയും സാമൂഹികപ്രതിബദ്ധതയുള്ള പ്രവർത്തകർ നീതിനിഷ്ഠമായും സത്യസന്ധമായുമായിരിക്കും ആ കടമ നിറവേറ്റുക. ഒരു മാധ്യമപ്രവർത്തകന്റെ വിശ്വാസ്യതയുടെ അസ്തിവാരം അയാളുടെ തൊഴിൽപരമായ സത്യസന്ധതയത്രേ.'

ആ സത്യസന്ധത ഒരു സാർവ്വലൗകികസത്യമായി മാറുന്ന സുന്ദരനിമിഷത്തിനായി നമുക്കു പ്രാർത്ഥനാപൂർവം കാത്തിരിക്കാം.

കവിയും പത്രപ്രവർത്തകനും ഗാനരചയിതാവുമാണ് ലേഖകൻ.

*ഇ-മെയിൽ: bimalramankary@gmail.com*





കെ.എൽ. മോഹനവർമ്മ

# ഒൺലി ബാഡ് ന്യൂസ് ഈസ് ഗുഡ് ന്യൂസ്

**റേഡിയോയും ടെലിവിഷനും വന്നപ്പോൾ അവയെ നേരിടാൻ പത്രങ്ങൾക്ക് സ്പീഡ് പോരായിരുന്നു. അച്ചടിയുടെയും വിതരണത്തിന്റെയും ടൈം ഫാക്ടർ തരണം ചെയ്യാൻ അവർക്ക് ഉപഭോക്താവിനു നല്കുന്ന വാർത്തകൾക്ക് എരിവും പുളിയും നിറവും കൂട്ടേണ്ടിവന്നു.**

"വർമ്മാജി, ഗൗരവമുള്ള ഒരുകാര്യം സംസാരിക്കാനുണ്ട്. നമുക്കൊന്നു കൂടണം. നമ്മളു മാത്രം മതി. എപ്പോഴാ സമയം?"

എന്റെ പഴയ സുഹൃത്താണ്. ഞാൻ 1976ൽ എറണാകുളത്തു വന്ന് കൊച്ചിക്കാരനായ നാളിൽ തുടങ്ങിയ പരിചയമാണ്. അന്നു ഞാൻ കേന്ദ്രസർക്കാരിന്റെ കൊച്ചിയിലെ ഒരു സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനായി വന്നതാണ്. കായൽക്കരയിലെ മനോഹരമായ നോർവീജിയൻ സ്റ്റൈൽ സർക്കാർ വീട്. എനിക്ക് എന്നും പുതിയ പുതിയ അറിവും ടെൻഷനും നല്കിയ ആഫീസ് സുഹൃത്തുക്കൾ. സി.പി. ശ്രീധരൻ എന്ന അതുല്യനായ അതികായൻ സാഹിത്യപ്രവർത്തകരംഗത്തെയും മീഡിയാരംഗത്തെയും വാണിരുന്ന സാഹിത്യവനത്തിലെ തികച്ചും പുതിയ അനുഭവങ്ങൾ. ഞാൻ

ധാരാളം എഴുതിക്കൊണ്ടിരുന്നു. പക്ഷേ, പൊതുവേദിയിൽ പ്രസംഗകനായി പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഫോട്ടോ ജേർണലിസത്തിന്റെ അതിപ്രസരം വാക്കുകളെ ഇന്നത്തെപ്പോലെ അർത്ഥശൂന്യമാക്കിയിരുന്നില്ല. അതുകാരണം എന്നെ നേരിട്ട് എന്റെ വായനക്കാർക്കുപോലും അറിയാമായിരുന്നില്ല.

എറണാകുളത്തു വന്ന് അഞ്ചാറു മാസമായിക്കാണും. എന്റെ ആഫീസിലെ സഹപ്രവർത്തകൻ രവിനാഥനു നിർബന്ധം. അദ്ദേഹത്തിന്റെ സുഹൃത്ത് വക്കീലാണ്. പുള്ളിക്ക് എന്നെ പരിചയപ്പെട്ടേ പറ്റൂ. ഞാൻ സമ്മതിച്ചു. ഞങ്ങൾ രാമവർമ്മ ക്ലബ്ബിൽ വച്ചു കണ്ടു. അതിനു മുമ്പിലത്തെ ആഴ്ച *മാതൃഭൂമി ആഴ്ചപ്പതിപ്പി*ൽ വന്ന കഥ ഒരു മധ്യവയസ്കന്റെ ആദ്യത്തെ പ്രേമം ആധാരമാക്കിയ നൊസ്റ്റാൾജിക് കവിത മട്ടിലുള്ളതായിരുന്നു. നായിക നമ്മളേക്കാൾ പ്രായം കൂടിയ; അടുത്തിടപഴകിയാൽ ആരും തെറ്റിദ്ധരിക്കാത്ത ഒരു ചേച്ചി ആയിരുന്നു. എന്നെക്കണ്ടയുടൻ വക്കീൽ എന്റെ കൈകൾ കൂട്ടിപ്പിടിച്ച് വികാരഭരിതനായി പറഞ്ഞു: "മിസ്റ്റർ വർമ്മ, നിങ്ങൾ എന്റെ ഉള്ളിൽ അതിരഹസ്യമായി സൂക്ഷിച്ചിരുന്ന എന്റെ കഥ എങ്ങനെ അറിഞ്ഞു? താങ്ക്യൂ വെരി മച്ച്." അന്നുമുതൽ 40 കൊല്ലമായി അദ്ദേഹം എന്റെ സുഹൃത്താണ്. പക്ഷേ, വളരെ അടുപ്പമില്ല. വല്ലപ്പോഴും കാണും. കുശലം പറയും. അത്രമാത്രം. അതു കാരണം ഇപ്പോഴത്തെ ഈ ടെലിഫോൺ വിളി കേട്ടപ്പോൾ ശരിക്കും കൗതുകം തോന്നി. ഞങ്ങൾ സമയവും ഏകാന്തതയും ഫിക്സു ചെയ്തു.

സംഭവം രസമായി. സുഹൃത്തിന് ഒരു പത്രം തുടങ്ങണം.

കാരണങ്ങൾ അദ്ദേഹം വളരെ വ്യക്തമായി നിരത്തി.

"എനിക്ക് ഇന്നത്തെ ജേർണലിസം കണ്ടു മടുത്തു. ഇപ്പോൾ ദേർ ഈസ് നോ ന്യൂസ് ലൈക്ക് ബാഡ് ന്യൂസ്. ആർക്കും നല്ല വാർത്ത വേണ്ട. വെറും മരണം വേണ്ട; കൊലപാതകം മതി. സ്നേഹം വേണ്ട; പീഡനം മതി. സദ്ഭരണം വേണ്ട; അഴിമതി മതി. ഒരു വാർത്തയിലെ, എന്താണിതിനു കാരണം എന്നത് അന്വേഷിക്കുന്ന രീതി നിന്നു. ആര്, എന്ത്, എപ്പോൾ, ഇവയൊക്കെ മതി. ഇതിന്റെ അനിവാര്യതയും എനിക്കു മനസ്സിലാകും. റേഡിയോയും ടെലിവിഷനും വന്നപ്പോൾ അവയെ നേരിടാൻ പത്രങ്ങൾക്കു സ്പീഡ് പോരായിരുന്നു. അച്ചടിയുടെയും വിതരണത്തിന്റെയും ടൈം ഫാക്ടർ തരണം ചെയ്യാൻ ഉപഭോക്താവിനു നല്കുന്ന വാർത്തകൾക്ക് എരിവും പുളിയും നിറവും കൂട്ടേണ്ടിവന്നു. ഇപ്പോഴിതാ, സോഷ്യൽ മീഡിയ ഒരു കൺട്രോളുമില്ലാതെ എല്ലാറ്റിനെയും മറികടക്കുന്നു."

അദ്ദേഹം ഒരു ഉദാഹരണവും കാട്ടി.

"പത്രങ്ങളിൽ ഒരിക്കലും കുറ്റവാളികളോ അപകടത്തിൽപ്പെട്ടവരോ ആയ സ്ത്രീകളുടെ ചിത്രങ്ങൾ ആളെ മനസ്സിലാകുന്ന വിധം കാട്ടാറില്ലായിരുന്നു. ടെലിവിഷനും ഈ കീഴ്‌വഴക്കം കഴിയുന്നത്ര തുടർന്നു. ഇപ്പോൾ എന്താ സംഭവിക്കുന്നത്! പടം എടുക്കാൻ ഫോട്ടോഗ്രാഫർ വേണ്ട. മൊബൈൽ ഫോണുള്ള ആർക്കും ചിത്രം എടുക്കാം. നിമിഷത്തിനകം ലോകമെമ്പാടും അതെത്തിക്കാം. ഓഡിയോ- വീഡിയോ പ്രിന്റ് മീഡിയ മുഴുവനും ഈ സോഷ്യൽ മീഡിയയെ പിന്തുടരുന്ന ഗതികേടിലാണ്."



ഞാൻ ബിസിനസ്സുകാരൻ സുഹൃത്തിൽ നിന്ന് ഈ വിധം ഒരു സംഭാഷണം പ്രതീക്ഷിച്ചിരുന്നില്ല. അതു കാരണം സന്തോഷത്തോടെ അദ്ദേഹത്തെ ഉൾക്കൊണ്ടു.

അദ്ദേഹം പറഞ്ഞു:

"വർമ്മാജിക്കറിയാമല്ലോ, നമ്മൾ പരിചയപ്പെട്ട കാലം ഞാൻ വക്കീൽ ആയിരുന്നല്ലോ. പത്തു കൊല്ലം. പിന്നെ ഞാൻ വക്കീൽപ്പണി കുറച്ച്, ബിസിനസ്സിലായി. അവിടെ പ്രതീക്ഷിച്ചതിലും വിജയം. ഇപ്പോൾ, മക്കൾ നല്ല നിലയിൽ വിദേശത്ത്. എനിക്കു പ്രായം കൂടിവരുന്നെങ്കിലും ആരോഗ്യത്തിനു കുഴപ്പമില്ല. നാലഞ്ചു കൊല്ലം കൂടി ആക്ടീവായിരിക്കാം. ഈയിടെ ഭാര്യ മരിച്ചു. ലൈയബിലിറ്റി ഒന്നുമില്ല. ബിസിനസ്സിലെ ഉയർച്ചയുടെ ത്രിൽ ഇപ്പോഴില്ല. ഇനി ഒരാഗ്രഹം മാത്രമേയുള്ളൂ. ആക്ചലി, വർമ്മാജിക്കറിയാമോ, ഐ ആം എ ജേർണലിസ്റ്റ്. ഞാൻ വക്കീലായി. ബിസിനസ്സുകാരനായി. പക്ഷേ, ഉള്ളിന്റെയുള്ളിൽ ഒരു പത്രക്കാരനാണ്. ഞാൻ വാസ്തവത്തിൽ ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ എടുത്തവനാണ്. വടക്കേ ഇന്ത്യയിലായിരുന്നു. അന്ന് എൽഎൽബി കൂടി ഒപ്പിച്ചതു കാരണം വക്കീലായി. പിന്നെ ഭാര്യവീട്ടുകാർ കാരണം അവരുടെ ബിസിനസ്സ് എന്റെ തലയിൽ വന്നു. ഭാരം ചുമന്നു. പക്ഷേ, ഇപ്പോൾ റിയലി ഫ്രീ ആയി. ഇനി എനിക്കു ഞാനാകാം. സോ, ഞാൻ ഒരു പത്രം തുടങ്ങാൻ പോകുകയാണ്. ഐ വാണ്ട് യുവർ അഡ്വൈസ്."

കേരളത്തിലെ ബുദ്ധിയുള്ള ചെറുപ്പക്കാരിൽ

നല്ലൊരു ശതമാനം ജേർണലിസം പഠിക്കാൻ പോകും. ജേർണലിസത്തിന് ഒരു കുഴപ്പമുണ്ട്. അത് ഒരു ലഹരിയാണ്. മദ്യം പോലെയോ ഫേസ്ബുക്കു പോലെയോ ഉള്ള ലഹരി. തലച്ചോറിൽ പിടിച്ചാൽ പിന്നെ വിടാൻ വിഷമമാണ്. ജേർണലിസ്റ്റുകൾ ബുദ്ധിജീവികളായതു കാരണം തങ്ങൾ ജോലിയെടുക്കുന്ന പത്രസ്ഥാപനം നടത്തുന്നവരുമായി പൂർണമായി യോജിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ജോലിസ്ഥിരത കുറവായിരിക്കും. ചിലർ ജേർണലിസം തന്നെ വിടും. പക്ഷേ, ഒന്നുണ്ട്- അവർക്കു ജീവിതത്തിലൊരിക്കലും സമാധാനമുണ്ടാകുകയില്ല. ഒരു ദിനപത്രം നടത്താൻ പറ്റിയെന്നു വരില്ല. പക്ഷേ, ഒരു വാരികയോ മാസികയോ ത്രൈമാസികയെങ്കിലുമോ സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കാതെ ഒരു ജേർണലിസം വിദ്യാർത്ഥിയും ഇന്നുവരെ ശാന്തി നേടിയിട്ടില്ല. ഇതു കാരണം സുഹൃത്ത് ജേർണലിസം പഠിച്ചിരുന്നു എന്നു കേട്ടപ്പോൾത്തന്നെ എനിക്ക് അദ്ദേഹത്തിന്റെ വാശി മനസ്സിലാക്കി അംഗീകരിക്കാൻ കഴിഞ്ഞു.

ഒരു മാസിക- മാസിക മതി. ആഴ്ചപ്പതിപ്പാക്കേണ്ട. പോഷ്. ഒരുപാടു സാമൂഹ്യപ്രശ്നങ്ങളുണ്ട്. ഇക്കണോമിക്, സോഷ്യൽ, പൊളിറ്റിക്കൽ, റിലിജിയസ്... പിന്നെ എഡ്യൂക്കേഷൻ സെക്ടർ. ഹെൽത്ത് കെയർ. ഇക്കോളജിക്കൽ. എനിക്ക് ഒരുപാട് ഐഡിയാസ് ഉണ്ട്. പ്രാക്ടിക്കൽ വൺസ്. ജനത്തിനു വേണ്ടത്. എന്റെ അനുഭവവും അറിവും സമൂഹത്തിന് ആവശ്യമുണ്ട്. അതു നൽകേണ്ടത് എന്റെ കടമയല്ലേ? ബാധ്യതയല്ലേ? ഗുഡ് ന്യൂസ്. നല്ല വാർത്തകൾ. പോസിറ്റീവ് ന്യൂസ്. എനിക്കു മറ്റു മാർഗ്ഗമൊന്നുമില്ല. ഒരു മാസിക തുടങ്ങുക. എനിക്കു പറയാനുള്ളതു പറയണം. ഒരു പത്രം കൈയിലുണ്ടെങ്കിലേ, ഈ മൂന്നു തൂണുകളുണ്ടല്ലോ ഡെമോക്രസിയുടേത്, എം.എൽ.എ.യും ഐ.എ.എസ്സുകാരനും ജഡ്ജിയുമൊക്കെ- അവർ കേൾക്കൂ.

കായികം, ലേശം പൊളിറ്റിക്സ്, ഫാഷൻ, സിനിമ.

അഞ്ചെട്ടുമാസം, മൂന്നുനാലു ലക്കം. ആകെ അഞ്ചുലക്ഷം പോകും. സാരമില്ല. ആദ്യത്തെ ലക്കം പതിനായിരം. രണ്ടാമത്തേത് അയ്യായിരം. മൂന്നാമതും നാലാമതും രണ്ടായിരം. വെളിയിൽ ഇരുപത്തഞ്ചെന്നു ധൈര്യമായി പറയാം. പിന്നെ പേര്, പ്രശസ്തി, വിസിറ്റിങ് കാർഡ്. തനിക്കു പറയാനുള്ളതു പറയാൻ ഇടം. പക്ഷേ, യൂ വിൽ ബി ഹാപ്പി. എന്നാൽ, ഇതൊന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞില്ല. അദ്ദേഹം എന്റെ ഉപദേശം കേൾക്കാനല്ല വന്നിരിക്കുന്നത് എന്നെനിക്കറിയാം. അദ്ദേഹം തീരുമാനമെടുത്തു കഴിഞ്ഞു. അതിനൊരു ഓക്കെ വേണം. ഞാൻ ഒരു സൗണ്ടിങ് ബോർഡാണ്. നതിംഗ് എൽസ്. ഞാൻ മിണ്ടാതിരുന്നു. അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു.

സാക്ഷരരും പൊതുവേ ബാല്യം മുതൽ പത്രവായനക്കാരായതുകൊണ്ടു കൂടിയാകാം, പത്രം നടത്തിപ്പിനെ നാം, മലയാളികൾ പ്രത്യേകിച്ചും വെറും ബിസിനസ്സായി മാത്രം കാണാറില്ല. വാസ്തവത്തിൽ ജനാധിപത്യത്തിന്റെ നാലാം തൂണെന്ന് അവകാശപ്പെടുന്ന മീഡിയയ്ക്ക് മറ്റു മൂന്നു തൂണുകളിൽ നിന്നും ഒരു സവിശേഷതയുണ്ട്. പാർലമെന്റും എക്സിക്യൂട്ടിവും ജുഡീഷ്യറിയും ബിസിനസ്സല്ല. അവയുടെ നടത്തിപ്പിനുള്ള ചെലവനുസരിച്ച് വരവു ക്രമീകരിക്കുകയാണു ബജറ്റ് ചെയ്യുന്നത്. ചെലവു കൂടിയാൽ അതു മേക്കപ്പു ചെയ്യാനുള്ള പണം കരം പിരിവിലൂടെ ഉണ്ടാക്കാൻ വ്യവസ്ഥയുണ്ട്. ഒരു ബാലൻസ് ഷീറ്റിലെ ലാഭനഷ്ടം അവിടെ പ്രസക്തമല്ല. പക്ഷേ, ഈ നാലാം തൂൺ വ്യത്യസ്തമാണ്. ഇവിടെ എന്റെ സുഹൃത്ത് സ്വന്തം സുഖത്തിന്റെ ഭാഗമായി സൃഷ്ടിക്കുന്ന മീഡിയ ഒരു അപൂർവ അപശബ്ദം മാത്രമാണ്.

പക്ഷേ, ഇത്തരം ശബ്ദം നമുക്ക് ആവശ്യമല്ലേ?

അദ്ദേഹത്തിന്റെ പ്രസിദ്ധീകരണത്തിനു വലിയ ആയുസ്സുണ്ടാകില്ല. പക്ഷേ, മീഡിയയുടെ പ്രസക്തി അതിന്റെ ഇക്കണോമിക് വാല്യുവുമായി താരതമ്യപ്പെടുത്താൻ പറ്റുകയില്ലല്ലോ. ഇന്ന് നഗരവത്കരിക്കപ്പെടാത്ത ഇന്ത്യയിൽ 83 കോടി ജനങ്ങളുണ്ട്. 784 ഭാഷകൾ. ഇതിൽ ആറു ഭാഷകൾ അരക്കോടിയിലധികം ആളുകൾ സംസാരിക്കുന്നു. ഈയിടെ ദില്ലിയിലെ സെന്റർ ഫോർ മീഡിയ സ്റ്റഡീസ് പ്രസിദ്ധീകരിച്ച കണക്കു പ്രകാരം നമ്മുടെ ആറു ടോപ്പ് ദേശീയ പത്രങ്ങളുടെ മുൻപേജിൽ 0.18 ശതമാനം സ്പേസിലേ ഈ ഗ്രാമീണഭാരതത്തിന്റെ വാർത്തകൾ വരാറുള്ളൂ. ആറു പ്രധാന ദേശീയ വാർത്താ ടി.വി. ചാനലുകളിൽ പ്രൈം സമയത്ത് 0.16 ശതമാനം സമയമാണ് ഈ ബഹുഭൂരിപക്ഷത്തിന്റെ വാർത്തകൾ വരുന്നത്. ഇന്ത്യയിലെ നാലിലൊന്ന് ആളുകൾക്കുവേണ്ടി മാത്രമാണ് മീഡിയയുടെ 99 ലേറെ ശതമാനം തട്ടകവും പ്രവർത്തിക്കുന്നത്.

ഞാൻ എന്റെ സുഹൃത്തിനെ പ്രോത്സാഹിപ്പിച്ചു.

എനിക്ക് അതല്ലേ ചെയ്യാൻ പറ്റൂ.



നോവലിസ്റ്റും *'വീക്ഷണം'* മുൻ ചീഫ് എഡിറ്ററുമാണ് ലേഖകൻ.
*ഇ-മെയിൽ: klmv@rediffmail.com*

# FOOD WRITING AS LITERATURE



Shoma A. Chatterji




Can writing on food evolve into a literary genre? Looking at the array of books coming out left, right and centre across the world, it would be interesting to find out whether writing on food can be considered literature? Cook books with detailed recipes may not be considered 'literature' in the proper meaning of the term. But if one pushes the borders of the recipes beyond a list of ingredients and how to prepare a given dish and enlarge the canvas to include other things that lead to a given food or recipe, the picture changes completely and the book might find its place in the genre of books on food.

Thankfully, today cook books are much more than cook books. They trace the origins of a particular fish, poultry, vegetable or spice to step into the history of these items that go into our everyday cooking and how different ethnic

groups use the same vegetable or fish differently in different regions even within the same ethnic group. Some food experts have earned both fame and money first through cook books and then by pushing the borders of their subjects by extending to other areas of culture, geography, climatic factors and so on. Among these names are Premila Lal, Tarla Dalal, Camelia Punjabi, Madhur Jaffrey and so on. According to one critic, "Ms. Jaffrey took Indian food back from where it came, Indian homes, villages and streets. Reading *A Taste of India*, is like reading an Indian Travelogue. Ms. Jaffrey makes food even more exciting with her personal reminiscences. With photographs and recipes from across India, she covers in style and ease the diversity and richness of Indias ancient, and very true to the minute heritage."

Chitrita Banerjee set the ball rolling with her wonderful book *Life and Food in Bengal,* in 1991. It opens with an



Chitrita Banerjee




outline map of Bengal, combining the East (Bangladesh) and West (West Bengal). The book runs into 162 pages, but the actual recipes begin only on page 47 and end on page 147. The main chapters are broken up to represent the six Bengali seasons, instead of the conventional division into *items* like *pulaos*, vegetables, poultry, fish, desserts, etc. The narrative reads more like a beautifully written novel, journeying through a fictitious Bengali family's adventures with Bangla cuisine. Her second book *The Hour of the Goddess – Memories of Women, Food and Ritual in Bengal* (Seagull Books, 2001) is a long, very personal and sentimental journey into nostalgia without a single recipe. Within this framework of nostalgia, the author has offered us a historical glimpse into some of our habitual food cultures.




Banerjee is not the only one to transform writing on food. Publishers like Penguin Books, not very long ago, launched an ongoing series of cookbooks focussing on food from different regions and communities in India. Every single book in the series is not just a cookbook but much more. It is both entertaining and educative to go through the pages of any one of these. *Anglo-Indian Food and Customs* (Penguin Books India Ltd., 1998) by Patricia Brown, who now lives in Canada, is one such example. Though the book is focussed on recipes culture-specific to Anglo-Indians, it embraces much more than doling out ingredients and methods. The Preface talks about *The Anglo-Indians – How They Came Into Being,* followed by an 11-page introduction on *The Way It Was*. This is a brief autobiographical account of the author's childhood spent in an Anglo-Indian home, tracing, along the way, the slow but steady downfall of the Anglo-Indian in post-Independent India. *Festivals*, *Rites of Passage*,




written down in detail, faded and dog-eared and her personal recounting of her travels are mind-blowing. Anecdotes add spice to make a book more relevant and interesting, reaching beyond the narrow world of lost recipes so "I added family anecdotes my parents would tell me as a child. I wanted to capture them as they were – personal, amusing and entertaining. This led to more than 30 visits to India in 25 years. During these years, I wrote travelogues to my family and friends about my travels and my experiences which I decided to add to my book. When I realised that pictures were necessary, I built up an archive of old photographs of every family member, friend and relative mentioned in the book and most of these found their way into the book," says the very articulate and decisive Jenny.

*Birthday Celebrations*, *Summer Holidays*, followed by *A Few Notes and Helpful Hints* precede the chapters on the actual preparation of traditional Anglo-Indian dishes. Each chapter focussing on a single dish, e.g. *Soups*, has its own introductory paragraph. The bottom line is that a food book of this kind enlarges the readership. You buy the book not necessarily because you wish to learn about Anglo-Indian cooking, but perhaps because you wish to know more about Anglo-Indians *per se*, of which, their food forms an integral part.

In her painfully researched for many years treatise *A Grandmother's Legacy– A Memoir of Five Generations who Lived Through the Raj,* Jenny Mallin pays a tribute to her grandmothers across generations. Jenny Mallin migrated from India to England to settle there with her parents many decades ago. Yet, she dug into her past and retrieved documents, letters, recipes from scrapbooks and archival photographs of different branches of her family that have yellowed with age to resurrect a past that shaped her present and will define her future.

The designing of the book - recipes in detail from every ancestor Jenny has referred to, their family histories and geographies, their handwriting analyses, images from their scrap books of recipes

*Lord Krishna's Cuisine: The Art of Indian Vegetarian Cooking*, Yamuna Devi covers Indian vegetarian cooking. It lacks the Moghlai cooking which is popular in North Indian restaurants - the meat dishes and dishes cooked with onion and garlic. The recipes are very authentic and are a testament to simple ingredients producing sublime tastes.

An invaluable addition to the gastronomical historian's journey through his food library is *The*






*Calcutta Cook book - A Treasury of Recipes from Pavement to Palace*. This is a very unusual book because three people have jointly authored it. One of them, the late Minakshie Dasgupta, was a noted chef and author of the well-known *Bangla Ranna*. The other two, Bunny Gupta and Jaya Chaliha are feature writers. The three have collected recipes from across the world. Many of these are family secrets of Calcuttans who have recreated Armenian, Jewish, Arabian, European, Chinese and Tibetan dishes with a distinct Calcutta flavour. Through over 200 tried and tested recipes ranging from the delicious *Chingri Maacher Malai Curry* to the *biryani* and *kebabs* of Kabul, and the *Temperado, Vindaloo* and *Sorpotel* of Goa, the authors have unspooled Calcutta as a gourmet's paradise.

Two spin-offs of this new trend in food writing are – books on health-linked food and, books penned by some very senior women who have enriched their books with the experience of age. Karen Anand's *Lean Cuisine Curries* (Harper Collins India, 1998) that has turned out into a bestseller, and Manjit Gill's *Eating Wisely and Well* (Penguin India, 1997) are two examples of the former. *The Essential Goa Cookbook* (Penguin India, 2000) by Maria Theresa Menezes (born in 1926) and *Parsee Food and Customs* (Penguin India, 1996) by Bhicoo J. Maneckshaw (born in 1922) are two outstanding examples of the latter. The cookery books of yore lacked what the food books of today have – the three humane qualities of love, warmth and nostalgia.



Manjit Gill

*"Men who are pure like food which is pure: which gives health, mental power, strength and long life; which has taste, is soothing and nourishing, and which makes glad the heart of man."*

Bhagwad Gita, 17:8
(Translation – Juan Mascaro)

These lines appear on the opening page of *Eating Wisely and Well – A Master Chef's Guide to Healthy Cooking*, by Manjit Gill, Executive Chef of a five-star chain of hotels in India. It is a sign of how cook books have changed in nature, character and personality over the years. From handing out recipes quantifying spices, condiments and oil in scientifically precise terms, they have evolved into books on the lifestyle and the culture of the people they represent, with recipes forming a part. From the driest of terms that drained out the juice from the most delectable of Moghlai gravies or Chinese sauces, they have evolved into a distinct form of literature unto itself, defined by the literary style, culinary expertise and research scholarship of their authors. Food writing can of course be considered literature when the parameters of physicality of food are extended beyond details of recipes to embrace the cultural associations with food.

The writer is a freelance journalist, author and film scholar based in Kolkata. She has authored 17 books and contributed to many compilations on cinema, family and gender.

*Email: shoma.chatterji@gmail.com*

മീഡിയ ബൈറ്റ്സ്

എൻ. പി. ആർ

# അപകീർത്തി ക്രിമിനൽ കുറ്റമായി തുടരുമ്പോൾ...




വ്യക്തികൾക്ക് അപകീർത്തിയുണ്ടാക്കുന്നതു ക്രിമിനൽ കുറ്റമായിത്തന്നെ തുടരണം എന്ന സുപ്രീം കോടതി വിധി അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കും അഭിപ്രായസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്ന എല്ലാ വിഭാഗം ആളുകൾക്കും വലിയ തിരിച്ചടിയായി. ഒട്ടേറെ രാജ്യങ്ങൾ, മാനനഷ്ടമുണ്ടാക്കുന്നത് ഒരു സിവിൽ കുറ്റം മാത്രമാക്കി നിയമം മാറ്റിക്കൊണ്ടിരിക്കേയാണ് ഏറ്റവും വലിയ ജനാധിപത്യരാജ്യത്ത് ഇത്തരമൊരു തിരിച്ചടിയുണ്ടായിരിക്കുന്നത്.

അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും മാധ്യമസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണത്തിനു വേണ്ടി നിലകൊള്ളുന്ന ഒട്ടേറെ സംഘടനകളും വ്യക്തികളും മാനനഷ്ടം ക്രിമിനൽ കുറ്റമാക്കുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുവരികയായിരുന്നു. ഭരണഘടന ഉറപ്പുനൽകിയ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മാത്രം ബലത്തിലാണ് ഇന്ത്യയിൽ പത്രസ്വാതന്ത്ര്യം നിലകൊള്ളുന്നത്. പൊതുതാത്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി വിമർശനങ്ങൾ ഉന്നയിക്കാൻ ബാധ്യസ്ഥരാണു മാധ്യമപ്രവർത്തകർ. ചുമതല നിർവഹിച്ചതിന്റെ പേരിൽ ക്രിമിനലുകളായി മുദ്രകുത്തപ്പെടുകയും ക്രിമിനൽ നിയമപ്രകാരമുള്ള ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്യേണ്ടിവരുന്നതിന്റെ ജനാധിപത്യവിരുദ്ധമായ വശം സുപ്രീം കോടതി തന്നെ ചൂണ്ടിക്കാട്ടിയിരുന്നു.

ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് യു.യു. ലളിത് എന്നിവരടങ്ങിയ സുപ്രീം കോടതി ബെഞ്ച് 2014 ഒക്ടോബർ 30ന് ഒരു മാനനഷ്ടക്കേസ് വിചാരണയ്ക്കിടെ നിയമം പുനഃപരിശോധിക്കാൻ തയാറാണെന്നു പ്രഖ്യാപിച്ചു. ബി.ജെ.പി. നേതാവ് സുബ്രഹ്മണ്യം സ്വാമിക്കെതിരേ തമിഴ്നാട് മുഖ്യമന്ത്രി



ജയലളിത നൽകിയ മാനനഷ്ടക്കേസ്സിന്റെ വിചാരണയായിരുന്നു അത്. അഭിപ്രായസ്വാതന്ത്ര്യത്തിന്മേൽ ഭരണഘടന അനുവദിച്ച ന്യായമായ നിയന്ത്രണങ്ങൾ എന്ന പരിധിക്കപ്പുറം വരുന്നതാണു ക്രിമിനൽ കുറ്റമാക്കലെന്നായിരുന്നു സുബ്രഹ്മണ്യം സ്വാമിയുടെ വാദം.

ഇതിനു മുമ്പ് ഒട്ടേറെ കേസുകളിൽ ഈ നിയമവകുപ്പിന്റെ ഭരണഘടനാവിരുദ്ധസ്വഭാവം കക്ഷികൾ ഉന്നയിച്ചിരുന്നുവെങ്കിലും കോടതികൾ അതിലേക്കു കടന്നിരുന്നില്ല. ഇത്തവണ കോടതി അത് ഗൗരവപൂർവം പരിഗണിച്ചെങ്കിലും രണ്ടംഗബെഞ്ചിന്റെ അവസാനവിധി അഭിപ്രായസ്വാതന്ത്ര്യത്തെ ബലപ്പെടുത്തുന്നതായില്ല എന്നാണു പൊതുവായ നിഗമനം. *ദി ഹിന്ദു* ഉൾപ്പെടെ വിവിധ പത്രങ്ങൾ വിധിയിൽ നിരാശ പ്രകടിപ്പിച്ചുകൊണ്ടുള്ള മുഖപ്രസംഗങ്ങൾ എഴുതി.

പത്രസ്ഥാപനങ്ങളുടെ ആഗോളസംഘടനയായ *വാൻ ഇഫ്രേ*യും പത്രപ്രവർത്തകരുടെ സംഘടനയായ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ജേർണലിസ്റ്റ്സും (ഐ.എഫ്.ജെ) മാനഹാനി ക്രിമിനൽ കുറ്റമല്ലാതാക്കണം എന്ന ആവശ്യമുന്നയിച്ച് വർഷങ്ങളായി പ്രചാരണം നടത്തിവരികയായിരുന്നു. ഒട്ടേറെ രാജ്യങ്ങൾ ഇത് അംഗീകരിച്ചിട്ടുമുണ്ട്. ക്രിമിനൽ മാനഹാനി നിയമം വേണ്ട എന്നു തീരുമാനിച്ച രാജ്യങ്ങളുടെ കൂട്ടത്തിൽ ബ്രിട്ടനും ഫ്രാൻസും ഉൾപ്പെടും. അമേരിക്കയിലെ പല സംസ്ഥാനങ്ങളും ഈ വഴി സ്വീകരിച്ചു കഴിഞ്ഞു. ഒട്ടേറെ ഇന്ത്യൻ കോടതികളും മാനഹാനിയുണ്ടാക്കുന്നതു ക്രിമിനൽ കുറ്റമല്ലാതാക്കുന്നതിന് അനുകൂലമായി പ്രതികരിച്ചിരുന്നു. പക്ഷേ, സുപ്രീം കോടതി ഇപ്പോൾ പരിഗണിച്ചത് ഭരണഘടന വിഭാവനം ചെയ്ത ന്യായമായ നിയന്ത്രണങ്ങളുടെ പരിധിയിൽ ഈ ശിക്ഷാനിയമവ്യവസ്ഥ പെടുമോ എന്നു മാത്രമായിരുന്നു. ആഗോളതലത്തിൽ ഇക്കാര്യത്തിലുണ്ടായ പുതിയ ചിന്ത കോടതിയുടെ പരിഗണനയിൽ വന്നിട്ടില്ല.

ഇന്ത്യൻ കോടതികളിലെ പുതിയ പ്രവണത ഇതു സംബന്ധിച്ച ചർച്ചകളെയെല്ലാം അപ്രസക്തമാക്കുന്നുണ്ട്. മാധ്യമസ്ഥാപനം അടച്ചുപൂട്ടേണ്ടി വരുന്ന തോതിലുള്ള ഉയർന്ന നഷ്ടപരിഹാരം അപകീർത്തിക്കേസുകളിൽ വിധിക്കുന്നത് ഇപ്പോൾ പതിവായിരിക്കുകയാണ്. അപകീർത്തിപ്പെടുത്തൽ ക്രിമിനൽ കുറ്റമാക്കി പത്രപ്രവർത്തകനെ ജയിലിലടയ്ക്കുന്നതിനേക്കാൾ മാധ്യമസ്വാതന്ത്ര്യം ഹനിക്കുന്നതാണ് ഈ സിവിൽ നഷ്ടപരിഹാര നടപടി. വ്യക്തികളുടെ സൽക്കീർത്തി സംരക്ഷിക്കുന്നതും അതോടൊപ്പം അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതുമായ നിയമവ്യവസ്ഥകൾ ഉണ്ടാക്കാൻ പ്രസ് കൗൺസിലോ ലോ കമ്മീഷനോ മുൻകൈ എടുക്കണമെന്ന ആവശ്യം ഉയരുന്നുണ്ട്.

# മാധ്യമസ്വാതന്ത്ര്യം: ഇന്ത്യ ഇപ്പോഴും പിന്നിൽ

**ലോ**കവ്യാപകമായി മാധ്യമസ്വാതന്ത്ര്യത്തിന്റെ സ്ഥിതി ആശങ്ക ജനിപ്പിക്കും വിധം മോശമാകുകയാണു ചെയ്യുന്നതെന്നു റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോഡേഴ്സ് എന്ന ലോക മാധ്യമപ്രവർത്തകസംഘടനയുടെ പഠനം വെളിപ്പെടുത്തുന്നു. ഇന്ത്യയുടെ സ്ഥിതിയും പരിതാപകരമായി തുടരുന്നു. 2002 മുതൽ നടന്നുവരുന്നതാണ് 180 രാജ്യങ്ങളിൽ മാധ്യമങ്ങൾക്കു ലഭിക്കുന്ന സ്വാതന്ത്ര്യം സംബന്ധിച്ച ഈ പഠനം.

മൂന്നു യൂറോപ്യൻ രാജ്യങ്ങളിലാണു മാധ്യമസ്വാതന്ത്ര്യത്തിന് ഏറ്റവും കുറച്ചുമാത്രം ഭീഷണികൾ ഉയരുന്നത്. 2010 മുതൽ ഒന്നാം സ്ഥാനത്തുള്ള ഫിൻലാൻഡ് ആ പദവി നിലനിർത്തി. നെതർലാൻഡ്സും നോർവേയും തൊട്ടുപിന്നിലുണ്ട്.

പട്ടികയിൽ ഏറ്റവും താഴെ നിൽക്കുന്ന മൂന്നു രാജ്യങ്ങളിൽ സ്ഥിതിഗതികളിൽ മാറ്റമില്ല- തുർക്മെനിസ്ഥാൻ (178), ഉത്തരകൊറിയ (179), എറിത്രിയ (180). 96-ാം സ്ഥാനത്തു നിന്ന് 30ൽ എത്തിയ ടുണീഷ്യയും 107ൽ നിന്ന് 22 ൽ എത്തിയ ഉക്രൈനും ആണ് രാജ്യത്തു സമാധാനനില മെച്ചപ്പെട്ടതുകൊണ്ട് താഴത്തെ റാങ്കിൽ നിന്നു മേലോട്ടു കയറിയത്.

മാധ്യമസ്വാതന്ത്ര്യത്തിന്റെ മികച്ച മാതൃകയായി കരുതപ്പെട്ടിരുന്ന ബ്രിട്ടൻ വളരെ താഴേക്കു പോയതായി



ഇത്തവണത്തെ റിപ്പോർട്ട് വ്യക്തമാക്കുന്നു. നേരത്തേ 19-ാം സ്ഥാനം ഉണ്ടായിരുന്ന ബ്രിട്ടന് ഇപ്പോൾ 38-ാം റാങ്കേയുള്ളൂ. ഭീകരപ്രവർത്തനം നേരിടുന്നതിനു പുതിയ നിയമങ്ങൾ കൊണ്ടുവന്നതും ജേർണലിസ്റ്റുകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർധിച്ചതുമാണ് ഈ പതനത്തിനു കാരണമായി കണക്കാക്കുന്നത്. ലണ്ടനിൽ 2005ൽ ഉണ്ടായ ഭീകരാക്രമണത്തെത്തുടർന്ന് ജേർണലിസ്റ്റുകളെയും രഹസ്യാന്വേഷണങ്ങളുടെ പരിധിയിലാക്കുകയുണ്ടായി. അവരുടെ ഫോൺ ചോർത്തുന്നതു സാധാരണമായതും പരിഗണിക്കപ്പെട്ടു കാണണം.

യാഥാസ്ഥിതികസർക്കാർ മാധ്യമങ്ങളുടെ നിയന്ത്രണാധികാരം കൈയടക്കിയ പോളണ്ടും (29ൽ നിന്ന് 47) ഭരണകൂടം കൂടുതൽ ഏകാധിപത്യപരമായ താജികിസ്ഥാനും (34ൽ നിന്ന് 150) ശരിയത്ത്- ദൈവനിന്ദാനിയമങ്ങൾ കർക്കശമാക്കിയ ബ്രൂണൈ സുൽത്താനേറ്റും (34ൽ നിന്ന് 155) മുൻനിരയിൽ നിന്ന് വളരെ പിറകോട്ടു പോയ രാജ്യങ്ങളാണ്.

മാധ്യമസ്വാതന്ത്ര്യാവസ്ഥ ഏറ്റവും മോശമായ രാജ്യങ്ങളുടെ കൂട്ടത്തിൽ തുടരുകയാണ് ഇന്ത്യ. കഴിഞ്ഞ വർഷത്തെ 136ൽ നിന്ന് ഒരുപടി കയറി 133ൽ എത്തി എന്നത് ഒട്ടും ആശ്വാസം നൽകുന്നില്ല. യഥാർത്ഥനില മോശമായിട്ടേയുള്ളൂ എന്നു റിപ്പോർട്ട് വ്യക്തമാക്കുന്നു.

പെരുകുന്ന നിയമനടപടികൾ, അപകീർത്തി നിയമത്തിന്റെ മറവിൽ നടക്കുന്ന മാധ്യമവേട്ട, മാധ്യമപ്രവർത്തകർക്കെതിരായ ആക്രമണങ്ങൾ എന്നിവ കാരണം ഇന്ത്യയുടെ പല ഭാഗങ്ങളിലും മാധ്യമപ്രവർത്തകർ സ്വയം സെൻസർഷിപ്പ് ഏർപ്പെടുത്താൻ നിർബന്ധിതരാകുന്നതായി സർവ്വേ വെളിവാക്കി. മാസംതോറും ഒരു പത്രപ്രവർത്തകനെങ്കിലും ആക്രമിക്കപ്പെടുന്ന, 2015ൽ നാലു പത്രപ്രവർത്തകർ കൊല്ലപ്പെട്ട ഉത്തർപ്രദേശാണ് രാജ്യത്ത് മാധ്യമസ്വാതന്ത്ര്യം ഏറ്റവും ഹനിക്കപ്പെടുന്ന സംസ്ഥാനമെന്ന് സർവ്വേ വിലയിരുത്തി.

ശ്രീലങ്കയും ബംഗ്ലാദേശും പാകിസ്ഥാനും റഷ്യയും ഇന്ത്യയുടെ പിന്നിലാണ്. സൗദി അറേബിയ, ഉസ്ബെക്കിസ്ഥാൻ, സോമാലിയ, ഇക്വറ്റോറിയൽ ഗിനിയ, ഇറാൻ, യെമൻ, ക്യൂബ, ജിബൗടി, ലാവോസ്, സുഡാൻ, വിയറ്റ്നാം, ചൈന, സിറിയ എന്നിവയാണ് ഏറ്റവും പിന്നിൽ നിൽക്കുന്ന മറ്റു രാജ്യങ്ങൾ.

വിവിധ രാജ്യങ്ങളിലെ ബഹുസ്വരത, മാധ്യമസംബന്ധമായ നിയമങ്ങൾ, നിയമവ്യവസ്ഥയുടെ ഘടന, മാധ്യമപ്രവർത്തകർക്കു നേരേ നടന്ന ആക്രമണങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് ലോകത്തെമ്പാടുമുള്ള വിദഗ്ധന്മാരാണ് ഈ സൂചിക തയാറാക്കുന്നത്.

വിശദവിവരങ്ങൾ സംഘടനയുടെ സൈറ്റിൽ ലഭ്യമാണ്.

http://rsf.org/en/ranking

## മാധ്യമവിശ്വാസ്യത ക്രമമായി താഴേക്ക്

**മാ**ധ്യമവിശ്വാസ്യത പോലെ ഇത്രയും ക്രമമായി, ലോകമെങ്ങും വീണുകൊണ്ടിരിക്കുന്ന മറ്റൊന്നുമില്ലെന്നു തോന്നിപ്പോകുന്നു. ഏറ്റവും ഒടുവിലിത് അമേരിക്കയിൽ നിന്നാണ്. അമേരിക്കൻ പ്രസ് ഇൻസ്റ്റിറ്റ്യൂട്ടും സെന്റർ ഫോർ പബ്ലിക് അഫയേസ് റിസർച്ചും ചേർന്നു നടത്തിയ സർവ്വേയിൽ ആറു ശതമാനം അമേരിക്കക്കാരേ മാധ്യമങ്ങളെ തങ്ങൾക്കു വിശ്വാസമാണെന്നു പറഞ്ഞുള്ളൂ.

ആകെയൊരു സമാധാനമേയുള്ളൂ! മാധ്യമങ്ങളേക്കാൾ താഴെയാണ് അമേരിക്കയുടെ സർവസ്വവുമായ ജനപ്രതിനിധി സ്ഥാപനം അമേരിക്കൻ കോൺഗ്രസ്. അല്ല, എല്ലാ ഭരണസ്ഥാപനവും




അങ്ങനെയല്ല. ഫസ്റ്റ് എസ്റ്റേറ്റും ഫോർത്ത് എസ്റ്റേറ്റുമേ ഇങ്ങനെ മൂക്കുകുത്തി വീഴുന്നുള്ളൂ. അമേരിക്കൻ മിലിറ്ററിക്ക് 48 ശതമാനം പൗരന്മാരുടെ വിശ്വാസ്യതയുടെ പിന്തുണയുണ്ട്.

മാധ്യമങ്ങളിൽ നിന്ന് വായനക്കാർ എന്തെല്ലാമാണു പ്രതീക്ഷിക്കുന്നത്? ഏറ്റവും കൂടുതൽ ആളുകൾ, 85 ശതമാനം പേർ കൃത്യത- ആക്കുറസി- ആണ് വാർത്തകളിൽ ആഗ്രഹിക്കുന്നത്. പ്രാധാന്യത്തിൽ രണ്ടാമതു വരുന്നത് പൂർണത- കംപ്ലീറ്റ്നസ്- ആണ്. പിന്നെവരുന്നത് സുതാര്യത (68 ശതമാനം), പക്ഷപാതമില്ലായ്മ- ബാലൻസ്- എന്നീ ഗുണങ്ങളാണ്. ഇതേറെയും അച്ചടിപ്പത്രത്തിന്റെ വായനക്കാരുടെ കാര്യമാണ്. ഡിജിറ്റൽ വായനക്കാരെ ഏറ്റവും അലോസരപ്പെടുത്തുന്നത് എന്താണെന്നോ? അതു പരസ്യമാണ്. പരസ്യം ഒരിടത്തു കിടക്കുന്നതിൽ ആർക്കും എതിർപ്പില്ല. വാർത്തയിൽ ചാടിവന്ന് ഇടപെടുന്നതും ശല്യപ്പെടുത്തുന്നതുമായ പരസ്യം അവർക്കു സഹിക്കാനാവുന്നില്ല. ലോഡിങ് വൈകുന്നതും മൊബൈൽ ഫോണിൽ ശരിക്കു കിട്ടാതിരിക്കുന്നതും അവരെ ഏറെ അലോസരപ്പെടുത്തുന്നു.

87 ശതമാനമാളുകൾ വാർത്തയറിയാൻ ഫെയ്സ്ബുക്കാണ് ഉപയോഗിക്കുന്നത്. പക്ഷേ, പന്ത്രണ്ടു ശതമാനം പേരേ ഫെയ്സ്ബുക്ക് വാർത്തകൾക്കു വിശ്വാസ്യത കല്പിക്കുന്നുള്ളൂ. ⊙

---

മുതിർന്ന മാധ്യമപ്രവർത്തകനും കോളമിസ്റ്റും *കേരള മീഡിയ അക്കാദമി*യുടെ മുൻ ചെയർമാനുമാണ് ലേഖകൻ.
*ഇ-മെയിൽ: nprindran@gmail.com*

മീഡിയ തപാൽ മാർഗം ഇന്ത്യയിലെവിടെയും ലഭിക്കുന്നു.



വരിസംഖ്യ ചെക്കായോ ഓൺലൈൻ ട്രാൻസ്ഫർ ആയോ അടയ്ക്കാം

വാർഷിക വരിസംഖ്യ ₹ 200

Secretary
Kerala Media Academy
SB Account No. 67324621151
State Bank of Travancore, Civil Station Branch
Kakkanad, Kochi- 682 030
IFSC SBTR0000339

പണം അയക്കുന്നവർ പൂർണ്ണവിലാസം, ഫോൺ നമ്പർ സഹിതം keralamediaacademy.gov@gmail.com / kmamedia2015@gmail.com -ൽ അറിയിക്കുക.

സെക്രട്ടറി, കേരള മീഡിയ അക്കാദമി
കാക്കനാട്, കൊച്ചി- 682 030, ഫോൺ നം.: 0484 2422275



J. V. Vil'anilam

# The Influence of Intrapersonal Communication on Reporting and Public Communication

All media workers, particularly news reporters are influenced by their early learning and impressions gained from kindergarten to college. That early education is a factor in the inadequate and often negative but occasionally positive images of other countries and communities, but certainly positive images about one's own country and community has been proved at least partly by this writer in the 1970s when a survey of middle school students was conducted among American school children.

On the basis of findings from a Questionnaire Survey of pupils in a public school located in a wealthy, educationally forward New England suburb of historical importance, a hypothesis was advanced that inadequate and negative coverage of other countries in the U.S. media could be caused by media workers who form wrong images about others even at the school level.

(See Communicator, a publication of the Indian Institute of Mass Communication, New Delhi, 1974; and the writer's book, Education and Communication: Trivandrum: Kairali Books International, 1985, pp. 13-35)



My survey was conducted among the 9th graders of the same school in 1971 and 1978. This was to ascertain whether there was any change in students' perception about India within seven years.

Results of the survey showed that the 9th graders (14-15 years old) had wrong basic notions about India. It is such youngsters with wrong images about other countries who later on become newspaper and other media workers and it is quite possible that they approach other countries' reporting often with inadequate and even biased information. Media workers in every country should have correct information at least about the most fundamental information about other countries. If a survey is conducted among Indian children of comparable grades and ages, information about the inadequacy and bias of their information about the U.S. and other countries may be revealed. All media workers, therefore, have to form their basic information about other countries in the right manner. World peace and healthy international relations will depend a great deal on media workers' proper impressions about other peoples and countries.

People of Country A cannot be expected to know everything about Country B, especially if B is quite distant from A geographically and culturally. It is a fact that A's people get messages about B through wires, telephones, telex, cables, e-mail and other devices these days and it is important that the foreign correspondents, diplomats and others file fundamentally correct information about Country B's people, their systems of government, salary and wage structure, ideologies, customs, rituals, social life, historical traditions and current lifestyles.

However, no country can ignore the fact that their educational systems and teaching of facts about other countries will certainly affect the type and level of knowledge of their media workers even at the school level. It is also a fact that many school systems follow textbooks that do not cover much material about other countries in their geography, history and social studies classes. Perhaps this is something that has to be examined more seriously by those who frame the curricula and syllabi in schools and colleges.




The image that dominated the American school children in both 1971 and 1978 was that of a highly-populated India, of fabulously rich Maharajahs and extremely poor commoners, famous for coffee, tea, pepper and spices, lions, tigers, rare gold and diamond jewelry, snakes and snake-charmers, shining and flowing saris, turbans and forced marriages! Perhaps a survey conducted in the same school among 9th graders in the second decade of the 21st century will yield entirely different results—computers and IT experts, space scientists, nuclear plants and rocket science!! Who knows?

---

Professor Dr.J. V. Vil'anilam was Vice-Chancellor (1992-1996) and Head of the Department of Communication & Journalism (1982-1992) at the *University of Kerala.* As Professor *Emeritus of the UGC* he has taught at Berhampur, Bhopal, Bhubaneswar, Calicut, Dharwar, and Mangalore universities from 1996 onwards.
*Visit his website: www.vilanilam.com.*

വായന



ഷാജി ജേക്കബ്

**മാധ്യമപ്രവർത്തനത്തിൽ പ്രൊഫഷണൽ ധാർമ്മികതയ്ക്കും സാമൂഹികസദാചാരത്തിനുമുള്ള പ്രാധാന്യത്തെക്കുറിച്ചും ഭരണകൂടനിയന്ത്രണങ്ങളും മാധ്യമസ്ഥാപനങ്ങളും തമ്മിലുള്ള സംഘർഷങ്ങളെക്കുറിച്ചും സമഗ്രമായി പ്രതിപാദിക്കുന്ന പ്രമാണഗ്രന്ഥം**




# മാധ്യമപ്രവർത്തനം: ധാർമ്മികതയും നിയന്ത്രണവും

മാധ്യമപഠനരംഗത്തെ പ്രമുഖമായ ഒരന്വേഷണവിഷയമാണ് മാധ്യമങ്ങളുടെ പ്രൊഫഷണൽ ധാർമ്മികത. നിലനിൽക്കുന്ന സാമൂഹികമര്യാദകൾക്കും സദാചാരമൂല്യങ്ങൾക്കും നിയമസംഹിതകൾക്കും ഭരണഘടനാതത്ത്വങ്ങൾക്കും മനുഷ്യാവകാശങ്ങൾക്കുമൊക്കെ വഴങ്ങാൻ മാധ്യമങ്ങൾ തയ്യാറാകുന്നില്ല എന്ന വിമർശനം പരക്കെയുണ്ട്. പലപ്പോഴും ഒരു സമൂഹത്തിന്റെ ധാർമികച്യുതിയുടെ മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടാറുള്ളതു പോലും അവിടത്തെ മാധ്യമങ്ങളെയാണ്. മാധ്യമങ്ങൾക്കു മാത്രമായി ഒരു ധാർമ്മിക വ്യവസ്ഥയുണ്ടോ എന്ന ചോദ്യം വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. ഇതേപോലെ തന്നെയാണു മാധ്യമങ്ങൾക്കു മേലുള്ള നിയന്ത്രണത്തിന്റെ കാര്യവും. നിയന്ത്രണമെന്നാൽ ഭരണകൂടനിയന്ത്രണം തന്നെ. മാധ്യമങ്ങളുടെ ധാർമ്മികവ്യതിചലനങ്ങൾക്കു തടയിടാൻ ഭരണകൂടം അവയ്ക്കുമേൽ നടപ്പാക്കുന്ന നിയമപരമായ വിലക്കുകളാണ് 'നിയന്ത്രണ'ങ്ങളായി കരുതപ്പെട്ടുപോരുന്നത്.

സാമ്പത്തികവും സാമൂഹികവും മാധ്യമപരവും സാങ്കേതികവുമൊക്കെയായ നിയന്ത്രണങ്ങളുടെ വലിയൊരു മണ്ഡലം തന്നെ മിക്ക രാജ്യങ്ങളിലുമുണ്ട്. മത-സർവാധിപത്യ ഭരണകൂടങ്ങളുടെ കാര്യം പറയേണ്ടതില്ല. അവ മാധ്യമങ്ങൾക്കുമേൽ സമ്പൂർണമായും പിടിമുറുക്കിയിരിക്കും. ആവിഷ്കാര- മാധ്യമസ്വാതന്ത്ര്യം നടപ്പുള്ള ജനാധിപത്യരാജ്യങ്ങളാണ് ഇവിടെ പ്രസക്തം. പലപ്പോഴും മാധ്യമധാർമ്മികത, നിയന്ത്രണം എന്നിവയെ പരസ്പരപൂരകങ്ങളായി കാണാമെന്ന നിലപാടു സ്വീകരിച്ച് യൂറോ- അമേരിക്കൻ മാധ്യമതത്ത്വ



ക്രിസ് ഫ്രോസ്റ്റ്

ങ്ങളെ ആഴത്തിലും പരപ്പിലും അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് ക്രിസ് ഫ്രോസ്റ്റിന്റെ Journalism: Ethics and Regulation'. 2000-ൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിന്റെ അടിമുടി പരിഷ്കരിച്ച നാലാം പതിപ്പാണ് ഇവിടെ നിരൂപണം ചെയ്യുന്നത്. News of the world വിവാദങ്ങളെ തുടർന്ന് ഇക്കഴിഞ്ഞ വർഷങ്ങളിൽ ബ്രിട്ടനിലുണ്ടായ അതിപ്രശസ്തമായ മാധ്യമധാർമ്മികതാസംവാദങ്ങളുടെ പശ്ചാത്തലത്തിൽ രൂപം കൊണ്ട എൽ.ജെ. ലിവിസൺ (L.J. Leveson) കമ്മിറ്റിയുടെ അന്വേഷണറിപ്പോർട്ടിന്റെ സന്ദർഭത്തിൽ പരിഷ്കരിക്കപ്പെട്ടതാണ് ഈ നാലാംപതിപ്പ്.

ഇന്ത്യയിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ ശ്രദ്ധ നേടിയ Paid News പോലെയോ അതിലുമേറെയോ ചർച്ച ചെയ്യപ്പെട്ടതാണ് റൂപർട്ട് മർഡോക്കിന്റെ പത്രമായ News of the World നടത്തിയ ഫോൺ ചോർത്തൽ. നവ- സാമൂഹികമാധ്യമരംഗത്തെ 'അധാർമ്മികത'കൾ കൂടിയാകുമ്പോൾ ഒന്നര പതിറ്റാണ്ടു മുമ്പെഴുതപ്പെട്ട ഇത്തരമൊരു ഗ്രന്ഥത്തിന്റെ പരിഷ്കരണങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാകുമല്ലോ. ക്രിസ് ഫ്രോസ്റ്റ് ഇതു തിരിച്ചറിഞ്ഞുവെന്നതാണ് ഈ നാലാം പതിപ്പിന്റെ പ്രസക്തി.

ഫ്രഞ്ച് വിപ്ലവവും അമേരിക്കൻ ഭരണഘടനയും ചൂണ്ടിക്കാണിച്ചാണ് സാധാരണഗതിയിൽ മാധ്യമപ്രവർത്തനത്തിന്റെ ധാർമ്മിക-നിയന്ത്രണതത്ത്വങ്ങളെ കുറിച്ചുള്ള ഏതു ചർച്ചയും ആരംഭിക്കുക. അമേരിക്കൻ ഭരണഘടനയുടെ ഒന്നാം ഭേദഗതി മാധ്യമങ്ങൾക്കു സൃഷ്ടിച്ചു നൽകിയ അധികാരം അമേരിക്കയിൽ ഒതുങ്ങുന്നതോ സമാനതകളുള്ളതോ അല്ല. ഫ്രോസ്റ്റ് ചൂണ്ടിക്കാണിക്കുന്നതു പോലെ പാശ്ചാത്യമാധ്യമങ്ങളുടെ തന്നെ ധാർമ്മികാടിത്തറയൊരുക്കി, ഈ ഭേദഗതി. മാധ്യമസ്ഥാപനങ്ങളുടെ സാമ്പത്തിക, വംശീയ, വർഗ, രാഷ്ട്രീയതാത്പര്യങ്ങൾ മാധ്യമപ്രവർത്തകർക്കു മേൽ സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങളുടെ ഫലമാണ് ഇന്നു നിലനിൽക്കുന്ന




അധാർമ്മികതകളെല്ലാം തന്നെ. വ്യക്തിഗതമെന്നതിനേക്കാൾ സ്ഥാപനപരമാണ് അവ എന്നർത്ഥം അമേരിക്കൻ- ബ്രിട്ടീഷ് മാധ്യമരംഗങ്ങളെ വിലയിരുത്തിക്കൊണ്ട് മാധ്യമധാർമ്മികതയെക്കുറിച്ച് ഈ നാടുകളിലുണ്ടായ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്നുണ്ട്, ഫ്രോസ്റ്റ്. പക്ഷേ 1990കളിലുണ്ടായ ഗ്രന്ഥങ്ങളിൽ പോലും മാധ്യമധാർമ്മികത യെന്നാൽ പത്രങ്ങൾ ഏർപ്പെടുത്തുന്ന സമ്മാനപദ്ധതികളും സൗജന്യങ്ങളും മുതൽ പത്രപംക്തികളിലെ ആശയചോരണങ്ങൾ വരെയുള്ളവ മാത്രമായിരുന്നു വെത്രേ. ഈയടുത്തകാലത്തു മാത്രമാണ് ഇതൊരു ഗൗരവമുള്ള വിഷയമായി ചർച്ച ചെയ്യപ്പെട്ടു തുടങ്ങുന്നത്. ആഗോളവത്കൃത-ഇന്റർനെറ്റ്-ബഹുരാഷ്ട്ര ടെലിവിഷൻ-കമ്യൂണിസ്റ്റനന്തരകാലത്ത്.

മാധ്യമ ഉടമകൾ, മുതിർന്ന എഡിറ്റർമാർ, സാധാരണ മാധ്യമപ്രവർത്തകർ എന്നീ മൂന്നു തട്ടുകളിലും സംഭവിക്കാവുന്ന തൊഴിൽപരമായ അധാർമികതകൾ എങ്ങനെ ഒഴിവാക്കാം എന്നതാണു പ്രധാന ചോദ്യം (എഡിറ്റോറിയലിനേക്കാൾ പ്രാധാന്യവും പ്രാമാണ്യവും പരസ്യവിഭാഗത്തിനു കൈവന്ന കാലമായതിനാൽ ആ വിഭാഗത്തെയും ഈ ചോദ്യത്തിൽ ഉൾപ്പെടുത്തണം). സ്ഥാപന ഉടമകളുടെ സാമ്പത്തികതാത്പര്യം മുതൽ രാഷ്ട്രീയതാത്പര്യം വരെയുള്ളവ, നിലനിൽക്കുന്നതും അംഗീകരിക്കപ്പെട്ടതുമായ മാധ്യമനിലവാരങ്ങൾക്കും പ്രവർത്തനതത്ത്വങ്ങൾക്കും വിരുദ്ധമാണെങ്കിൽ അവ നിരസിക്കാനോ അനുസരിക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം മാധ്യമപ്രവർത്തകർക്കുണ്ടോ? ലിവിസൺ കമ്മിറ്റി ഇക്കാര്യം ചർച്ചചെയ്ത്, മാധ്യമപ്രവർത്തകരുടെ തൊഴിൽ- ധാർമ്മികസ്വാതന്ത്ര്യം ഉറപ്പാക്കുന്നു. ഇക്കാര്യത്തിൽ പത്രപ്രവർത്തകരേക്കാൾ ഉത്തരവാദിത്വം ടി.വി, റേഡിയോ, മാധ്യമപ്രവർത്തകർ കാണിക്കാറുണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു, ഫ്രോസ്റ്റ്. വിശേഷിച്ചു സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം പോലുള്ളവയിൽ.

ഇരുപത്തൊന്നധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ പതിമൂന്നധ്യായങ്ങൾ മാധ്യമധാർമ്മികതയുടെ ഭിന്നമണ്ഡലങ്ങൾ ചർച്ച ചെയ്യുന്നു. തുടർന്നുള്ള എട്ടധ്യായങ്ങൾ ബ്രിട്ടൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ മാധ്യമനിയന്ത്രണരീതികൾ വിശകലനം ചെയ്യുന്നു.

ഒന്നാമധ്യായം, ക്ലാസിക്കൽ കാലം മുതൽ സദാചാരം (Morality) ധാർമ്മികത


അരിസ്റ്റോട്ടിൽ


ജെ. എസ്. മിൽ


ഇമ്മാനുവൽ കാന്റ്

(Ethics) തുടങ്ങിയവയെക്കുറിച്ചു പാശ്ചാത്യസമൂഹങ്ങളിൽ നടന്ന പ്രധാന ചർച്ചകൾ ക്രോഡീകരിക്കുന്നു. അരിസ്റ്റോട്ടിൽ, ജെ.എസ്.മിൽ, ഇമ്മാനുവൽ കാന്റ്, വില്യം ഡേവിഡ് റോസ് തുടങ്ങിയവരുടെ സദാചാര മൂല്യവിചാരങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഫ്രോസ്റ്റ്, ആധുനികമാധ്യമപ്രവർത്തനത്തിന്റെ ധാർമ്മികതത്ത്വങ്ങൾക്ക് ഇവയോടുള്ള സാജാത്യവൈജാത്യങ്ങൾ വിശദീകരിക്കുന്നു. അമേരിക്കൻ ഭരണഘടനാതത്ത്വങ്ങൾക്കു തന്നെ ആധാരമായ ജോൺ ലോക്ക്, തോമസ് പെയ്ൻ തുടങ്ങിയവരുടെ മനുഷ്യാവകാശതത്ത്വങ്ങൾ ഫ്രോസ്റ്റ് വിശകലനം ചെയ്യുന്നുമുണ്ട്.

രണ്ടാമധ്യായം 'വാർത്ത'യുടെ നിർവചനങ്ങളാണ്. പ്രസിദ്ധമായ ഒട്ടേറെ ഗ്രന്ഥങ്ങളിലെ വാർത്താനിർവചനങ്ങൾ സംഗ്രഹിക്കുന്ന ഫ്രോസ്റ്റ്, വിവിധ മാധ്യമങ്ങളിലും രൂപങ്ങളിലും നിലനിൽക്കുന്ന വാർത്തകൾക്ക് മാധ്യമധാർമ്മികതയോടുണ്ടാകേണ്ട അടിസ്ഥാനപരമായ ബന്ധം വിവരിക്കുന്നു. വാർത്തകൾ, ഗോസിപ്പ് ഫീച്ചറുകൾ എന്നിവയ്ക്കു ബ്രിട്ടനിലെ പ്രധാനപത്രങ്ങളിലുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിശദമായ അപഗ്രഥനം ഈയധ്യായത്തിലുണ്ട്. പത്രങ്ങളുടെ പ്രചാരം കൂടുന്തോറും ഗോസിപ്പിന്റെ അളവും കൂടും. നേരേ തിരിച്ചും ഈ പ്രവണത കാണാം. 'There is no such thing as bad publicity' എന്നതാണ് അവയുടെ വിശ്വാസപ്രമാണം.

'റിപ്പോർട്ടിങ്ങിലെ സദാചാര'മെന്ന മൂന്നാമധ്യായം, മാധ്യമസ്വാതന്ത്ര്യം, ആവിഷ്കാരസ്വാതന്ത്ര്യവും പ്രസിദ്ധീകരണസ്വാതന്ത്ര്യവും തമ്മിലുള്ള വൈരുദ്ധ്യം തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യുന്നു. മാധ്യമസ്വാതന്ത്ര്യമെന്നതു മാധ്യമങ്ങളുടെ പരമാധികാരമല്ല (മാനനഷ്ടക്കേസിൽ ഈയടുത്തുണ്ടായ ഇന്ത്യൻ സുപ്രീം കോടതി വിധി ഓർമ്മിക്കുക). ഉത്തരവാദിത്വമില്ലാതെ സ്വാതന്ത്ര്യമോ അവകാശമോ ഇല്ല എന്നതാണു യാഥാർഥ്യം. ജനാധിപത്യവും പൗരാവകാശങ്ങളും, മാധ്യമസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും തുടങ്ങിയ വിഷയങ്ങളും ഇവിടെ ചർച്ചയ്ക്കു വരുന്നു. പൊതുജനതാത്പര്യം (Public interest) എന്നതാണു മാധ്യമസ്വാതന്ത്ര്യത്തെ നിർവചിക്കാനുള്ള അടിസ്ഥാനതത്ത്വം. ലിവിസൺ റിപ്പോർട്ടിൽ പറയുന്നതു പോലെ, 'A free press is a public good because it is needed for civic and common life'. മാധ്യമധാർമ്മികതയുടെ ആധാരതത്ത്വവും മറ്റൊന്നല്ല എന്ന് ഫ്രോസ്റ്റ് ചൂണ്ടിക്കാണിക്കുന്നു.

'ആരെല്ലാമാണ് നല്ല മാധ്യമപ്രവർത്തകർ' എന്നന്വേഷിക്കുകയാണു നാലാമധ്യായം. തൊഴിൽപരമായ നന്മയെന്നതു സാങ്കേതികം മാത്രമായ ഒന്നല്ല. ഇമ്മാനുവൽ കാന്റ് സൂചിപ്പിക്കുന്ന, 'rules of skill, counsels of prudence, or commands of morality' എന്നിവയാണോ മാധ്യമപ്രവർത്തകരെ മികച്ചവരാക്കുക? ഫ്രോസ്റ്റ് വിശകലനം ചെയ്യുന്നു.

സത്യം, കൃത്യത, വസ്തുനിഷ്ഠത, വിശ്വാസം എന്നീ നാലു ഘടകങ്ങൾ പരിശോധിച്ച്



മാധ്യമപ്രവർത്തനം, മാധ്യമസ്ഥാപനം എന്നിവയെക്കുറിച്ചുപന്യസിക്കുന്നു, അഞ്ചാമധ്യായം. ഈ ഘടകങ്ങളോടുള്ള കൂറും വിശ്വസ്തതയും പ്രതിബദ്ധതയുമാണ് മാധ്യമധാർമ്മികതയെ നിർണയിക്കുക എന്ന് ഒട്ടേറെ ഉദാഹരണങ്ങളും മാതൃകകളും മുൻനിർത്തി വിശദീകരിക്കുന്നു ഗ്രന്ഥകാരൻ.

'സ്വകാര്യതയും അതിലേക്കുള്ള കടന്നുകയറ്റവും' എന്നതാണ് ആറാമധ്യായത്തിന്റെ വിഷയം. രണ്ടാം ലോകയുദ്ധാനന്തരമാണ് വ്യക്തികളുടെ ജീവിതത്തിലേക്ക് ഒളിഞ്ഞും തെളിഞ്ഞും കടന്നുകയറുന്ന മാധ്യമസംസ്കാരം വ്യാപകമായത്. സ്വകാര്യതയ്ക്കായുള്ള അവകാശം, മനുഷ്യാവകാശങ്ങളിൽ ഏറ്റവും പ്രമുഖമായി മാറി. നിയമപരവും ഭരണപരവും ധാർമികവും സദാചാരപരവുമായ തലങ്ങളിൽ സ്വകാര്യത സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ മാധ്യമങ്ങൾക്കു കഴിയണം. ഇരുപതാം നൂറ്റാണ്ടിൽ ഇതേക്കുറിച്ചുണ്ടായ നിയമനിർമാണങ്ങളുടെ ചരിത്രം ഫ്രോസ്റ്റ് അവതരിപ്പിക്കുന്നു. തുടർന്ന്, അതിലേക്കുള്ള കടന്നുകയറ്റത്തിന്റെ വിശാലമായ അർത്ഥതലങ്ങൾ അപഗ്രഥിക്കുന്നു. മൊണാക്കോ രാജകുമാരിയും നവോമി കാംപ്ബെലും ഉൾപ്പെടെയുള്ളവരുടെ കഥകൾ ഉദാഹരിച്ച് ഈ വിഷയം സമർത്ഥിക്കാൻ ഫ്രോസ്റ്റിനു കഴിയുന്നു.




മാന്യത/ആദരവ് (Reputation)എന്നതാണ് ഏഴാമധ്യായം. വ്യക്തിക്കു സമൂഹത്തിലുള്ള മാന്യത/ആദരവ് മാനിക്കാനും സംരക്ഷിക്കാനും കളങ്കപ്പെടുത്താതിരിക്കാനും മാധ്യമങ്ങൾക്കുള്ള ബാധ്യതയാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നത്. മാധ്യമങ്ങൾക്കെതിരേ, മാനനഷ്ടം (defamation) എന്ന നിലയിൽ നിരന്തരമുണ്ടാകുന്ന നിയമപരമായ ആക്ഷേപങ്ങളുടെ പശ്ചാത്തലം ഈ മനുഷ്യാവകാശവും ധാർമ്മികമൂല്യവുമാണ്.

ഇനിയുള്ള നാലധ്യായങ്ങൾ, മൂന്നാമധ്യായത്തിൽ ചർച്ചചെയ്ത റിപ്പോർട്ടിങ്ങിലെ സദാചാരപരതയുടെ തുടർച്ചയാണ്. വാർത്താശേഖരണത്തെക്കുറിച്ചുള്ള എട്ടാമധ്യായം, വിവിധസ്രോതസ്സുകളിൽ നിന്നു മാധ്യമങ്ങൾ വാർത്ത ശേഖരിക്കുന്നതിലെ സദാചാര-ധാർമ്മികമര്യാദകൾ (ഒളികാമറ മുതൽ ഫോൺ ചോർത്തൽ വരെ) വിശകലനം ചെയ്യുമ്പോൾ ചില സവിശേഷവിഭാഗങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടിങ്ങിൽ സംഭവിക്കാവുന്ന മാധ്യമദുരുപയോഗത്തെക്കുറിച്ചാണ് ഒമ്പതാമധ്യായം. വിശേഷിച്ചു കുട്ടികൾ, ഭിന്നശേഷിക്കാർ, ലൈംഗികപീഡനമുൾപ്പെടെയുള്ള ദുരന്തങ്ങളുടെ ഇരകൾ, ന്യൂനപക്ഷങ്ങൾ..... തുടങ്ങിയവരെക്കുറിച്ചുള്ള റിപ്പോർട്ടുകളിൽ ഉണ്ടാകാവുന്ന അധാർമ്മികസമീപനങ്ങളെ കുറിച്ച്. മേല്പറഞ്ഞ ഓരോ വിഭാഗത്തിനും സമൂഹം ഉറപ്പുനൽകുന്ന സംരക്ഷണം മാധ്യമങ്ങൾ മിക്കപ്പോഴും മറന്നുകളയുന്നതിന്റെ വിപുലമായ മാതൃകകൾ പഠനത്തിലൂടെ അവതരിപ്പിക്കുന്നു.

പ്രസിദ്ധീകരണത്തിനു/ സംപ്രേഷണത്തിനു തിരഞ്ഞെടുക്കുന്നതിലെ ധാർമ്മികതയാണ് അടുത്ത അധ്യായത്തിലെ ചർച്ചാവിഷയം. എന്തു പ്രസിദ്ധീകരിക്കണം, എന്തു പ്രസിദ്ധീകരിക്കാതിരിക്കണം എന്ന തിരഞ്ഞെടുപ്പു വളരെ പ്രധാനപ്പെട്ട ഒന്നാണല്ലോ. മാധ്യമങ്ങൾ സൃഷ്ടിക്കാവുന്ന നാനാതരം ഹാനികളെക്കുറിച്ചാണ് പതിനൊന്നാമധ്യായം. മാധ്യമസ്വാതന്ത്ര്യമെന്നാൽ എന്തും എങ്ങനെയും ആവിഷ്കരിക്കാനുള്ളതല്ല. നഗ്നത, ലൈംഗികത, കുറ്റകൃത്യങ്ങൾ, അശ്ലീലം, അന്ധവിശ്വാസങ്ങൾ, വർഗീയത, വംശവെറി തുടങ്ങിയ എത്രയെങ്കിലും മേഖലകളിൽ മാധ്യമങ്ങൾ പുലർത്തേണ്ട സാമൂഹിക ജാഗ്രത ഇവിടെ ചർച്ചചെയ്യപ്പെടുന്നു.

'ഇന്റർനെറ്റും മാധ്യമധാർമ്മികതയും' എന്നതാണു പന്ത്രണ്ടാമധ്യായം. ഇന്റർനെറ്റ്- നവ- സാമൂഹികമാധ്യമങ്ങൾ സൃഷ്ടിക്കാവുന്ന അധാർമ്മികതകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും സൂചനകളും സിറ്റിസൺ ജേർണലിസം, ഇന്ററാക്ടിവിറ്റി, സോഷ്യൽ മീഡിയ റിപ്പോർട്ടിങ്, മീഡിയ കൺവർജൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന വിഷയങ്ങളുടെ ചർച്ച. ഇന്റർനെറ്റ് എന്ന സ്രോതസ്സിന്റെ വിശ്വാസ്യതയും ആധികാരികതയുമാണ് ഒരുപക്ഷേ വർത്തമാനകാലമാധ്യമമണ്ഡലം ഉയർത്തുന്ന ഏറ്റവും കാതലായ പ്രശ്നങ്ങളിലൊന്ന്. പരമ്പരാഗത- ആധുനികമാധ്യമങ്ങൾക്കുള്ള 'പ്രവർത്തന' മര്യാദകളോ പെരുമാറ്റച്ചട്ടങ്ങളോ ബാധകമല്ലാത്ത ഇന്റർനെറ്റിന്റെ സ്ഥിതിയെക്കുറിച്ച് ലിവിസൺ കമ്മിറ്റി വലിയ ചോദ്യങ്ങൾ തന്നെ ഉന്നയിക്കുന്നുണ്ട്.

## SMALL FISH IN A BIG POND

Since internet material is self-generated and widely available, a small organisation can put out masses of material and make itself appear to be a big player with more influence than its real power base. A number of organisations have now realized that this is an ideal way to contact young, literate, moderately wealthy individuals. Cult religions, political and religious extremists, as well as small but financially strong pressure groups, are starting to use the internet to attract this key audience which is growing by thousands every day- For instance, evolution theory creation had attracted support among fundamentalist Christians in the southern states in the US before and since the Scopes monkey trial. A law proposing equal time for creation-science and evolution-science in Arkansas school was opposed by individual plaintiffs, who included the resident Arkansas Bishops of the United Methodist, Episcopal, Roman Catholic and African Methodist Episcopal Churches, the principal official of the Presbyterian Churches in Arkansas, other United Methodist, Southern Baptist and Presbyterian clergy, as well as several persons who was sued as parents and friends of minor children attending Arkansas public schools. Oraganisations included the American Jewish Congress, the Union of American Hebrew Congregations, the American Jewish Committee, the Arkansas Education Association, the National Association of Biology Teachers and the National Coalition for Public Education and Religious Liberty. The plaintiffs won their case to have evolution taught as the main theory of human development in those schools.

Yet a quick search on the internet using the word 'creation' produced more than 27, 70, 00, 000 hits in favour of creation-biology compared with 34, 40, 00, 000 for evolution. While a number of these would have been critical rather than supportive on both sides, a small but determined minority had been able to build up their pet theories to appear far more widely believed than they really are.



ഈ ഭാഗത്തെ അവസാനാധ്യായം ചർച്ചചെയ്യുന്നത് പ്രൊഫഷണൽ ധാർമ്മികതയുടെ ഭാഗമെന്ന നിലയിലുള്ള ചില വസ്തുതകളാണ്. വാർത്താസ്രോതസ്സുകളും ബന്ധങ്ങളും സംബന്ധിച്ചു പാലിക്കേണ്ട രഹസ്യാത്മകതയും വിശ്വാസ്യതയും, അഭിമുഖങ്ങളിൽ പാലിക്കേണ്ട മര്യാദകളും തത്വങ്ങളും, മാധ്യമപ്രവർത്തകനുണ്ടായിരിക്കേണ്ട ആർജ്ജവം... എന്നിങ്ങനെ.

രണ്ടാം ഭാഗത്തുള്ള എട്ടധ്യായങ്ങൾ 'നിയന്ത്രണം' എന്ന വിഷയത്തെക്കുറിച്ചാണ്. നിയന്ത്രണവും ഉത്തരവാദിത്വവും തമ്മിലുള്ള ബന്ധവും ഇവയുടെ ലക്ഷ്യങ്ങളും വിശദീകരിച്ചുകൊണ്ടാണ് ഫ്രോസ്റ്റ് തുടങ്ങുന്നത്. 'നിയന്ത്രണ'സ്ഥാപനങ്ങൾ, വ്യവസ്ഥകൾ തുടങ്ങിയവയുടെ വിശകലനം പിന്നീടു വരുന്നു. സാങ്കേതികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാധ്യമനിയന്ത്രണങ്ങളാണു പ്രധാനമായുള്ളത്. നാലു കാരണങ്ങൾ കൊണ്ട് മാധ്യമനിയന്ത്രണങ്ങൾ ആവശ്യമാണെന്നു ക്ലോദ് - ജീൻ- ബെർട്രാൻഡ് ചൂണ്ടിക്കാണിക്കുന്നു. വാണിജ്യവത്കരണം, കുത്തക ഉടമസ്ഥത, വാർത്താമൂല്യങ്ങളുടെ തകർച്ച, വാർത്തകളുടെ തമസ്കരണം എന്നിവയാണ് ഈ കാരണങ്ങൾ (Frost 2016, 247). 'മാധ്യമനിയന്ത്രണ'മെന്ന വിഷയത്തിന്റെ ചർച്ചയിൽ പൊതുവേ ഉയർന്നുവരാറുള്ള ഒരു തർക്കം ഫ്രോസ്റ്റും ഉന്നയിക്കുന്നു. മാധ്യമങ്ങൾ സ്വയം നിയന്ത്രിക്കുകയാണോ ഭരണകൂടം മാധ്യമങ്ങളെ നിയന്ത്രിക്കുകയാണോ വേണ്ടത് എന്നതാണ് ആ തർക്കം.

അടുത്ത അധ്യായം ചർച്ചചെയ്യുന്നത് അച്ചടിമാധ്യമരംഗത്തെ നിയന്ത്രണങ്ങളുടെ ഇരുപതാം നൂറ്റാണ്ടിലെ ചരിത്രമാണ്. പ്രസ് കൗൺസിലുകൾ, പ്രസ്




കംപ്ലയ്ന്റ് കമീഷനുകൾ തുടങ്ങിയവയുടെ അപഗ്രഥനം. ഇന്ത്യയിലേതു പോലെ തന്നെ പത്രരംഗത്തെ വിവിധ ശ്രേണികളുടെ സംഘടനകൾ (ഉടമകൾ, എഡിറ്റർമാർ, മാധ്യമപ്രവർത്തകർ....) ബ്രിട്ടനിലുമുണ്ട്. മാധ്യമങ്ങളുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ഒരേസമയം നടപ്പിൽ വരുത്തുക- ഒറ്റവാക്യത്തിൽ സംഗ്രഹിച്ചാൽ ഇതാണു മാധ്യമ നിയന്ത്രണങ്ങളുടെ ലക്ഷ്യവും താത്പര്യവും. ഇതിലൂടെ മാത്രം നടപ്പാക്കുന്നതാണു മാധ്യമ ധാർമ്മികത എന്നുകൂടി ഓർത്താൽ ഗ്രന്ഥത്തിൽ ഈ വിഷയങ്ങൾ രണ്ടും ഒന്നിച്ചു ചർച്ചചെയ്യുന്നതിന്റെ സാംഗത്യം മനസ്സിലാകും.

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ പത്രനിയന്ത്രണനിയമങ്ങളുടെ ചരിത്രമാണ് അടുത്ത അധ്യായം. ലിവിസൺ റിപ്പോർട്ട് ഉൾപ്പെടെയുള്ളവ ഇവിടെ അതി ദീർഘമായി അവലോകനം ചെയ്യപ്പെടുന്നു. സ്വയം നിയന്ത്രണമാർഗങ്ങളുടെ പരാജയം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ലിവിസൺ റിപ്പോർട്ട് തുടങ്ങുന്നതു തന്നെ. 'News of the World വിവാദത്തിന്റെ തുടർചരിത്രങ്ങൾ ഫ്രോസ്റ്റ് സവിസ്തരം പ്രതിപാദിക്കുകയും ചെയ്യുന്നു.

ബ്രോഡ്കാസ്റ്റ് നിയന്ത്രണങ്ങളുടെ ചരിത്രമാണ് അടുത്ത അധ്യായം. 1930 കളിലെ ബി.ബി.സി റേഡിയോ തൊട്ട് ഡിജിറ്റൽ ടെലിവിഷൻ കാലം വരെയുള്ളവ ഈ ചർച്ചയിൽ വരുന്നു. മാധ്യമങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങൾ വിശദമായവലോകനം ചെയ്യുന്നു, പതിനെട്ടാമധ്യായം. ബ്രിട്ടനിലും അയർലാൻഡിലുമുള്ള പത്രനിയന്ത്രണവ്യവസ്ഥകളെക്കുറിച്ചാണ് അടുത്ത അധ്യായം. റോയൽ ചാർട്ടറുകൾ, പ്രസ് കൗൺസിലുകൾ, പ്രസ് കംപ്ലയ്ന്റ് കമീഷൻ എന്നിവ തൊട്ട് ഇന്റർനെറ്റ് വാച്ച് ഫൗണ്ടേഷൻ വരെയുള്ളവ മുൻനിർത്തി ഫ്രോസ്റ്റ് വിഷയം അവതരിപ്പിക്കുന്നു.

ഇരു രാജ്യങ്ങളിലുമുള്ള ബ്രോഡ്കാസ്റ്റ് നിയന്ത്രണസംവിധാനങ്ങളെക്കുറിച്ചാണ് ഇരുപതാമധ്യായം. ബി.ബി.സി.യാണ് ഈ ചർച്ചയിൽ വിശകലനം ചെയ്യപ്പെടുന്ന പ്രമുഖസ്ഥാപനം. അമേരിക്കയിലും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളിലുമുള്ള മാധ്യമനിയന്ത്രണക്രമങ്ങളുടെ പൊതുവായ അവലോകനമാണ് അവസാനാധ്യായം. യു.എൻ.- യൂറോപ്യൻ മനുഷ്യാവകാശസമ്മേളനങ്ങളും അവയിലെ പ്രഖ്യാപനങ്ങളും മുതൽ മനുഷ്യാവകാശങ്ങൾക്കു നിയമം മൂലം സംരക്ഷണം ഉറപ്പു നൽകാത്ത രാജ്യങ്ങളിലെ അവസ്ഥകൾ വരെ ഇവിടെ അന്വേഷിക്കപ്പെടുന്നു. മനഃപൂർവ്വമോ അല്ലാതെയോ കൊല്ലപ്പെട്ട മാധ്യമപ്രവർത്തകരുടെ കണക്കുകൾ വരെയുണ്ട്, ഇവിടെ. 2003- 2013 ദശകത്തിൽ 1467 മാധ്യമ പ്രവർത്തകരാണു ലോകത്തൊട്ടാകെ കൊല്ലപ്പെട്ടത് ! ലിവിസൺ റിപ്പോർട്ട്, ഇതരരാജ്യങ്ങളിലെ മാധ്യമ നിയന്ത്രണതത്ത്വങ്ങൾ കൂടി ഉദ്ധരിച്ചാണു ബ്രിട്ടീഷ് മാധ്യമചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പോന്ന പഠനം നടത്തിയിട്ടുള്ളത്.

ഒട്ടേറെ അനുബന്ധങ്ങളുണ്ട് ഈ ഗ്രന്ഥത്തിൽ. ഓരോന്നും വിവിധ മാധ്യമസ്ഥാപനങ്ങളും മാധ്യമനിയന്ത്രണസമിതികളും രൂപം കൊടുത്ത പെരുമാറ്റച്ചട്ടങ്ങളാണ്. ബി.ബി.സി. മുതൽ അന്താരാഷ്ട്രജേർണലിസ്റ്റ് ഫെഡറേഷനും നാഷണൽ യൂണിയൻ ഓഫ് ജേർണലിസ്റ്റും വരെയുള്ളവയുടെ ചട്ടങ്ങൾ.

മാധ്യമപ്രവർത്തകർക്കാകട്ടെ, മാധ്യമപഠിതാക്കൾക്കാകട്ടെ, മാധ്യമധാർമ്മികതയെന്ന വിഷയത്തെ ഇത്ര പരപ്പിലും സമഗ്രതയിലും അവതരിപ്പിക്കുന്ന മറ്റൊരു ഗ്രന്ഥം ചൂണ്ടിക്കാണിക്കാനില്ല. ബ്രിട്ടീഷ് മാധ്യമനിയമങ്ങളുടെയും സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ രചിച്ചതാണെങ്കിലും പൊതുവേ അന്താരാഷ്ട്രതത്ത്വങ്ങളും മൂല്യവിചാരങ്ങളും പിന്തുടരുന്ന മാധ്യമസംസ്കാരത്തിന്റെ വലിയൊരു സാന്നിധ്യം ഈ ഗ്രന്ഥത്തിലുണ്ട്. മാധ്യമസ്വാതന്ത്ര്യം-മനുഷ്യാവകാശം-ജനാധിപത്യപരമായ മാധ്യമപ്രവർത്തനം എന്നീ മൂലക്കല്ലുകൾ കൊണ്ടു കെട്ടിപ്പൊക്കിയ, അങ്ങേയറ്റം പ്രസക്തമായ ഒരു പ്രമാണഗ്രന്ഥമാണിത്; വെറുമൊരു പഠനഗ്രന്ഥമോ പാഠപുസ്തകമോ മാത്രമല്ല.

Journalism:Ethics and Regulation
Chris Frost
Routledge, 2016

*ശ്രീശങ്കര സർവ്വകലാശാല*യിൽ മലയാളം അധ്യാപകനാണ് ലേഖകൻ.
*E-mail: shajijacob67@gmail.com.*



# TOMS' Beware Kids

Vadakkel Thoppil Thomas (6 June 1929-28 April 2016) also known as Toms could rightly be called the patriarch of new age cartooning in Malayalam media industry. Outlived by his characters, Toms gave a new dimension for political satire and social criticism through calculated sketches and sharp retorts. His pen lent humour a rustic touch and middle class appeal and they were well appreciated by the Keralite community.



Toms

Toms was born to Vadakkel Thoppil Kunjuthomman Kunjuthomman and Sicily Thomas on 6 June 1929 in Kuttanad (Veliyanad) of Alappuzha District. He graduated from SB College Changanacherry and later joined army in capacity as an electrician which he didn't continue much. On return from military service he opted for pen as his weapon and social injustices his target. His elder brother Peter Thomas, who had been a cartoonist with Sanker's weekly, was his inspiration behind drawings. Toms started his career in 1950 through Satyadeepam, a catholic journal, moved to Kerala Kaumudy and finally anchored in Malayala Manorama, the leading media house of India.

Toms created the character Boban and Molly based on two real life persons of the same name. They  were two children from his neighborhood and he discovered them in his 30's. Boban and Molly made their appearance first in the cartoon column of Sathyadeepam. Later the characters became more popular through Malayala Manorama.

Toms joined Malayala Manorama, as a cartoonist in 1961, and worked there till retiring as an assistant editor in June 1987. After leaving Malayala Manorama, he started publishing the strip in the magazine Kalakaumudi, against which the Manorama went to court.



The High Court of Kerala though granted Manorama with the ownership of the title, allowed Toms to continue creating further stories with the same characters in the lead role. He later started his own publication titled Toms Comics.



Toms also created other characters which appeared along with Boban and Molly, representing several other walks of contemporary society. They are Boban and Molly's parents, Ittunnan Chettan- the foolish president of the Kizhukkamthookku grampachayat, wife of Ittunnan Chettan known as "Chettathi" and a  hippie in the village. Another ever present character is the dog owned by the Pothan family.




In 2006, an animation film was also released based on Boban and Molly. Autobiography of Toms, titled Ente Bobanum Moliyum was released on December 29, 2015 by actor Mammooty. He died on 27 April 2016 at Kottayam.




ദ്രോഹി!
അരുത്!!


വിവാഹഫോട്ടോയിൽ ചെറുക്കന്റെ ഫോട്ടോ മാത്രമേ വന്നുള്ളെന്നോ? പെണ്ണിന്റെ വീട്ടു കോഴിക്കോട്ടല്ലേ? അപ്പം കോഴിക്കോട്ടെഡിഷനിലേ പെണ്ണിന്റെ പടം വരൂ-
പത്രാധിപർ
വിവാഹം
TOMS


ഐ
എ
മുൻതൂക്കം
TOMS


പച്ചക്കറികൾക്കൊക്കെ തീപിടിച്ച വിലയാ. ഇതു കടിച്ചുകൂട്ടി തിന്നാവുന്നതു തിന്നാമത്തി.


ആശുപത്രീടെ ഒന്നാം വാർഷികമാ. പത്രത്തിലൊരു പരസ്യം കൊടുക്കണം.
നാട്ടുകാർക്ക് ഈ ആശുപത്രി ഒരു അഭയമാണെന്നു എഴുതണം.
നാട്ടുകാർക്ക് ഈ ആശുപത്രി ഒരു ഭയമാണെന്നാ വന്നത്.
അതല്ലേ സത്യം?

# ‘ബോബനും മോളിയും’ റ്റോംസും പിന്നെ ഞാനും



രാജുനായർ

### റ്റോംസിനെ പ്രശസ്ത കാർട്ടൂണിസ്റ്റ് രാജുനായർ അനുസ്മരിക്കുന്നു

ഒരു കാർട്ടൂൺ വരയ്ക്കുക അത്ര വലിയ കാര്യമല്ല. പ്രതിഭയുള്ള കാർട്ടൂണിസ്റ്റുകൾ ദീർഘനാൾ വരതുടരുന്നതോ മനോഹരചിത്രീകരണം നടത്തുന്നതോ വേഗത്തിൽ വരയ്ക്കുന്നതോ എല്ലാം സർവ്വസാധാരണം. അതിനു വരയോടുള്ള താത്പര്യവും കുറേ ക്ഷമയും അധ്വാനവും മതിയാകും. പക്ഷേ, ഒരു കാർട്ടൂൺ പരമ്പര പല തലമുറകളെ രസിപ്പിക്കുകയും അവരുടെ നർമ്മ ചിന്താധാരകളെ സ്വാധീനിക്കുകയും ചെയ്യുമ്പോഴാണ് അതൊരു സംഭവമായി മാറുന്നത്. അങ്ങനെ കരുതുമ്പോൾ റ്റോംസിന്റെ ‘ബോബനും മോളിയും’ മലയാള ഹാസ്യരംഗത്തെ ഒരു ക്ലാസിക് സൃഷ്ടിയാണെന്നു പറയേണ്ടി വരും.

രസികരും ബുദ്ധിശാലികളുമായ രണ്ടു കുട്ടികളുടെ നിഷ്കളങ്കകുസൃതികളിൽ ഊന്നിയായിരുന്നു ആ കാർട്ടൂണിന്റെ തുടക്കം. റ്റോംസിന്റെ കുട്ടനാട്ടിലെ വീടിനു സമീപത്തുള്ള കുറുമ്പന്മാരായ കുട്ടികളായിരുന്നു ബോബന്റെയും മോളിയുടെയും മാതൃകകൾ. അവരുൾപ്പടെ ആ പംക്തിയിലെ കഥാപാത്രങ്ങളെ മിക്കവരെയും റ്റോംസ് ജീവിതത്തിൽ നിന്നു തന്നെയാണു കണ്ടെത്തിയത്. എന്നാൽ എല്ലാ കുതന്ത്രങ്ങളുടെയും അവസാനവാക്കായ രാഷ്ട്രീയനേതാവിന്റെ രൂപം അദ്ദേഹം മെനഞ്ഞത് ഏതെങ്കിലും ഒരാളിൽ നിന്നല്ല, കേരളത്തിലെ പ്രശസ്തരായ ഏഴു രാഷ്ട്രീയക്കാരുടെ അവയവഭാഗങ്ങൾ (ഒരാളുടെ മീശ, വേറൊരാളുടെ മൂക്ക്, മറ്റൊരാളുടെ മുടി .... എന്നിങ്ങനെ) ചേർത്താണ്. ജീവിതത്തിൽ നിന്നു കണ്ടെത്തിയ മോഡലിന്റെ രൂപവും ചില്ലറ ഭാവങ്ങളും സ്വീകരിക്കുമെങ്കിലും പിന്നെ ഓരോ കഥാപാത്രത്തേയും മോൾഡു ചെയ്യുന്നതു കലാകാരനാണ്. അയാൾ ചിത്രീകരിക്കുന്ന ഓരോ സിറ്റ്വേഷനിലും കഥാപാത്രം സ്വീകരിക്കുന്ന നിലപാടും ഡയലോഗുമാണ് അയാളുടെ സ്വഭാവവും വ്യക്തിത്വവും വെളിപ്പെടുത്തുന്നത്. ബോബനാണോ മോളിയാണോ കൂടുതൽ കുസൃതി എന്നു കണ്ടെത്താനായി ചെറുപ്പത്തിൽ ഞാൻ കാർട്ടൂൺ ശ്രദ്ധാപൂർവം നിരീക്ഷിച്ചിട്ടുണ്ട്. മോളിക്കാണു കൂടുതൽ ബുദ്ധിയും വിവേകവുമെന്നാണ് അന്നത്തെ എന്റെ കണ്ടെത്തൽ. അതു റ്റോംസ് അറിഞ്ഞു ചെയ്തിരുന്നതാണോ എന്നറിയില്ല.

പുതിയ കഥാപാത്രങ്ങൾ കടന്നുവരികയും കുടുംബ-സാമൂഹികവിഷയങ്ങളും ഒപ്പം രാഷ്ട്രീയവും ബോബനും മോളിയും എന്ന പരമ്പരയിൽ അവതരിപ്പിച്ചു തുടങ്ങുകയും ചെയ്തതോടെ കുട്ടികൾക്കു പുറമേ മുതിർന്നവരും ഈ പംക്തിയിലേക്ക് ആകർഷിക്കപ്പെട്ടു. കഥാപാത്രങ്ങളെ കണ്ടെത്തിയതുപോലെ ആഴ്ചതോറും മുടങ്ങാതെ വരയ്ക്കാൻ ആശയങ്ങൾ കണ്ടെത്തേണ്ടതും ജീവിതത്തിൽ നിന്നാണ്. വായന, യാത്ര, സുഹൃദ്സംഗമങ്ങൾ അങ്ങനെ പല മാർഗ്ഗങ്ങളിലൂടെ അദ്ദേഹമതിനു വഴി കണ്ടെത്തിയിരുന്നു. 1980ൽ *ദീപിക*യിൽ ജോലിയായി കോട്ടയത്തു വന്ന ഞാൻ ആദ്യം താമസിച്ചത് വെട്ടം മാണിയുടെ ലോഡ്ജിലായിരുന്നു. കാർട്ടൂണിസ്റ്റാണെന്നറിഞ്ഞപ്പോൾ മാണിസാർ റ്റോംസുമായുള്ള നീണ്ട സൗഹൃദത്തെക്കുറിച്ചു പറഞ്ഞു. ഈയിടെ റെയിൽവേ സ്റ്റേഷനിൽ ഞങ്ങളൊന്നിച്ചു കണ്ടപ്പോൾ ട്രെയിൻ വൈകുന്നതിനേ



ക്കുറിച്ച് ഞനൊരു ഫലിതം പറഞ്ഞു: "ത്രീ ടയർ വണ്ടിയല്ലേ, അതിൽ ഒരു ടയർ പഞ്ചറായിക്കാണും" എന്ന്. അദ്ദേഹമതു കുറിച്ചുവച്ചിട്ടുണ്ട്, അടുത്ത 'ബോബനും മോളിയും'വരുമ്പോൾ പ്രതീക്ഷിക്കാം. പിന്നെ അതു ശരിയാണോ എന്നറിയാനായിരുന്നു എന്റെ കൗതുകം. ഒന്നുരണ്ടാഴ്ച വാരിക നോക്കിയിട്ടും ഫലിതം കണ്ടില്ല. വെട്ടം മാണിസാറിന്റെ പുളുവെന്നു കരുതിയിരുന്നപ്പോൾ അടുത്ത ലക്കം വാരികയിൽ ഒരു സൈഡ് വിറ്റായി അതു വെട്ടം കണ്ടു. വാരിക മൂന്നു ലക്കം അഡ്വാൻസായി അച്ചടിക്കുന്നതാണു തമാശ പുറത്തു വരാൻ താമസിച്ചതിന്റെ കാരണം.

റ്റോംസിന്റെ കാർട്ടൂണിലെ വരയും ആശയവും സിമ്പിളാണ്, എന്നാൽ പവർഫുള്ളാണ്. ഒരു ഫ്രെയിമിലെ ഫലിതം പ്രകാശിപ്പിക്കാനുള്ള വരകളേ ഉണ്ടാകൂ. സമയമാണു വിഷയമെങ്കിൽ വലുതായൊരു ക്ലോക്കല്ലാതെ മറ്റു ഫർണിച്ചറൊന്നും കാണില്ല, ചിത്രം മോടി കൂട്ടാൻ അനാവശ്യമായ ഒരു വര പോലുമിടില്ല. ഫലിതം അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ ദേഷ്യം, സങ്കടം, പൊങ്ങച്ചം, അമളി എന്നിങ്ങനെയുള്ള മൂഡ് സൂചിപ്പിക്കുന്ന ആക്ഷനുകൾക്കു പ്രാധാന്യം കൊടുക്കും. കമന്റുകൾ കാച്ചിക്കുറുക്കി എടുത്തിരിക്കും. രസച്ചരടിൽ തൂങ്ങി ക്രമാനുഗതമായി ക്ലൈമാക്സിലേക്കു നീങ്ങുന്ന സ്ട്രിപ്പ് കാർട്ടൂണിന്റെ ഓരോ ഫ്രെയിമും റ്റോംസ് സെറ്റുചെയ്യുന്നത് അപാരമികവോടെയാണ്. ജെർക്കില്ലാതെ ഒരു ആനിമേഷൻ സിനിമ കാണുന്ന പ്രതീതിയാണ് അതു സൃഷ്ടിക്കുക. കാർട്ടൂണിന്റെ തനതു ശക്തിയായ അതിശയോക്തിയും അത്യുക്തിയും സമർത്ഥമായി ഉപയോഗിച്ച കാർട്ടൂണിസ്റ്റാണു റ്റോംസ്. മൂന്നാറിലെ മലമുകളിൽ കഴിഞ്ഞിരുന്ന എനിക്കു തീർത്തും അപരിചിതമായിരുന്ന കുട്ടനാട്ടിലെ വെള്ളവും വള്ളവും തെങ്ങും വെള്ളപ്പൊക്കവുമെല്ലാം. അവ എന്നിൽ അത്ഭുതവും ആവേശവും നിറച്ചിരുന്നു. ഒരു ഫാന്റസി പാർക്കിലെത്തിയ രസകരമായ അനുഭവമാണ് ഓരോ 'ബോബനും മോളിയും' സമ്മാനിച്ചിരുന്നത്.

കാർട്ടൂൺ രചനയുടെ നീണ്ട വഴികളിൽ റ്റോംസ് പലതരം കാർട്ടൂണുകൾ ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ മേൽവിലാസം 'ബോബനും മോളിയും' തന്നെയാണ്. കുടുംബ-സാമൂഹികവിഷയങ്ങൾ അവതരിപ്പിക്കുന്ന പല ഫ്രെയിമുകളുള്ള സ്ട്രിപ്പ് കാർട്ടൂണുകളിലാണ് അദ്ദേഹത്തിന്റെ മികവു കൂടുതൽ പ്രകടമായത്. ബോബനും മോളിക്കും പുറമേ പല സാഹചര്യങ്ങളിൽ ബാബു സാലി, ഉണ്ണിക്കുട്ടൻ, ഉപ്പായിമാപ്ല തുടങ്ങിയ സ്ട്രിപ്പുകൾ ചെയ്തെങ്കിലും അവയ്ക്കൊന്നും വേറിട്ടൊരു അനുഭൂതി അവകാശപ്പെടാനില്ല.

എൺപതുകളിലെ പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ വസന്തകാലത്ത് എല്ലാ വാരികകളും 'ബോബനും മോളിയും' പോലൊരു കാർട്ടൂൺ കൊതിച്ചു. ആൺ-പെൺ കുട്ടികളെ മുഖ്യകഥാപാത്രങ്ങളാക്കി പല വാരികകളും കാർട്ടൂൺ തുടങ്ങിയതോടെ ബോബനും മോളിക്കും ഒട്ടേറെ പാരഡികളുമുണ്ടായി. നിലവാരമില്ലാത്ത അത്തരം സൃഷ്ടികൾ നിരന്നപ്പോഴാണ് വേറിട്ടു നിൽക്കുന്ന ബോബനും മോളിയും എന്ന കാർട്ടൂണിന്റെ മൗലികത നമുക്കു കൂടുതൽ ബോധ്യപ്പെട്ടത്.

*ദീപിക* വാരിക എന്നോടാവശ്യപ്പെട്ടതും ബോബനും മോളിയും പോലൊരു കാർട്ടൂണാണ്. ആ മട്ടിൽ ഒരു കാർട്ടൂണുണ്ടാക്കി ബോബന്റെയും മോളിയുടെയും ഏഴയലത്ത് എത്താനാകില്ലെന്നു ബോധ്യമുള്ളതുകൊണ്ട് ഞാനാ സാഹസത്തിനു തുനിഞ്ഞില്ല. പകരം റ്റോംസിന്റെ മാസ്റ്റർ പീസിലെ ചിരിയും അരവിന്ദന്റെ 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺ പംക്തിയിലെ ചിന്തയും സമാസമം ചേർത്ത് ഒരു ഫോർമുലയിൽ 'മാവേലിനാട്' എന്നൊരു പരീക്ഷണത്തിനാണു ഞാൻ തുനിഞ്ഞത്.

ആധുനികകാലത്തു 'ബോബനും മോളിയും' വീണ്ടും പ്രസക്തമാകുന്നത് സ്വന്തം കഥാപാത്രത്തിന്റെ പകർപ്പവകാശത്തിനായി ഒരു കലാകാരൻ നടത്തിയ പോരാട്ടത്തിന്റെ പേരിലാണ്. അതോടെയാണ് ഒരു കലാസൃഷ്ടിയിൽ കലാകാരനുള്ള അവകാശത്തെക്കുറിച്ച് കൂടുതൽ അവബോധം നാട്ടിലുണ്ടാകുന്നത്. കലാകാരന്മാരും കലാസ്നേഹികളും അന്ന് റ്റോംസിനു പിന്നിൽ ഉറച്ചു നിന്നു. രാജ്യം മുഴുവൻ ശ്രദ്ധ നേടിയ കേസായിരുന്നു അത്. ലോകകാർട്ടൂണുകളെക്കുറിച്ച് ഏറ്റവുമധികം പഠനം നടത്തിയിട്ടുള്ള ജോൺ എ ലെന്റ് കേരളത്തിലെത്തിയ അവസരത്തിൽ ബോബനും മോളിയും-കേസാണ് അദ്ദേഹം വിശദമായി പഠിച്ചത്.

ആ കേസിന്റെ ഒരു ഗുണഭോക്താവാണു ഞാൻ. കേസ് നടക്കുന്ന സമയത്താണു മലയാളം 'എകസ്പ്രസ്' വാരികയിൽ 'സൺഡേ ക്ലബ്' എന്ന പേരിൽ ഞാൻ വരച്ചിരുന്ന കാർട്ടൂൺ പംക്തി നിർത്തിയത്. എന്നാൽ മറ്റാളുകളെ വച്ച് അവരതു തുടർന്നും പ്രസിദ്ധീകരിച്ചു. പകർപ്പവകാശനിയമ പ്രകാരം ഞാനവർക്കെതിരേ കേസുകൊടുത്തു. റ്റോംസിന് അനുകൂലമായി കിട്ടിയ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്റെ ആവശ്യം അംഗീകരിച്ചു വിധിയുണ്ടായി. സംഗീത സീഡിയുടെ പകർപ്പവകാശനിയമം ചൂണ്ടിക്കാട്ടിയാണ് *എക്സ്പ്രസ്* വക്കീൽ ഇവിടെ വാദിച്ചത്. അന്ന് പകർപ്പവകാശനിയമത്തെക്കുറിച്ച് വേണ്ടത്ര പരിജ്ഞാനം കരസ്ഥമാക്കിയിരുന്ന റ്റോംസിന്റെ അഭിഭാഷകൻ സെബാസ്റ്റ്യൻ പോളാണ് എനിക്കു വേണ്ടി ഹാജരായത്.

റ്റോംസ് *മലയാള മനോരമ*യിൽ നിന്നു പിരിഞ്ഞ ശേഷം റ്റോംസ് കോമിക്സ് എന്ന പേരിൽ സ്വന്തമായി ഹാസ്യ പ്രസിദ്ധീകരണങ്ങൾ ഇറക്കിത്തുടങ്ങി. തുടക്കത്തിൽ അവ വൻ വിജയമായിരുന്നു. ചില പ്രസിദ്ധീകരണങ്ങളുടെ ഉപദേശകനായി ഞാനന്ന് അവരോടൊപ്പം പ്രവർത്തിച്ചിരുന്നു. ആ സമയത്താണ് റ്റോംസുമായി കൂടുതൽ ഇടപഴകാൻ അവസരമുണ്ടായത്. ആദ്യകാലപത്രപ്രവർത്തനരീതികളും കാർട്ടൂൺ പ്രവർത്തനാനുഭവങ്ങളും അന്നദ്ദേഹം പങ്കുവച്ചിരുന്നു. കാർട്ടൂൺ വര പോലെ തന്നെ രസകരമായി കഥ പറയാനും അദ്ദേഹത്തിനു നല്ല വൈഭവമുണ്ട്.

കമ്പ്യൂട്ടർ-മൊബൈൽ-ഫേസ്ബുക്കിന്റെ ആധുനിക കാലഘട്ടവുമായി അത്ര വഴങ്ങാത്ത റ്റോംസിന് ന്യൂ ജെൻ തലമുറയിലേക്ക് അധികം ഇറങ്ങാനായില്ല.




## റ്റോംസ് അന്തരിച്ചപ്പോൾ

കേരള മീഡിയ അക്കാദമിയിലെ
ടെലിവിഷൻ ജേർണലിസം വിദ്യാർത്ഥിയായ
അമീർ പി.കെ. വരച്ച ചിത്രം

കേരള മീഡിയ അക്കാദമിയിലെ
ജേർണലിസം & കമ്യൂണിക്കേഷൻ
വിദ്യാർത്ഥിയായ
അനുരാഗ് പി.പി. വരച്ച ചിത്രം




അതായത് അദ്ദേഹത്തിന്റെ കൊച്ചുമക്കളുടെ തലമുറയ്ക്ക് ഒന്നും കൊടുക്കാനില്ലാത്ത അവസ്ഥ. അതിനെ മറികടക്കാൻ എനിക്കൊരു ആശയം തോന്നിയത് ഞാൻ പലരോടും (റ്റോംസിനോട് ഒഴികെ) പറഞ്ഞിട്ടുണ്ട്. അത് ഇതാണ്: റ്റോംസിന്റെ കഥാപാത്രങ്ങളെ ദേശീയ സ്വത്തായി പ്രഖ്യാപിക്കണം. എന്നിട്ട് അതതു കാലത്തെ ഹാസ്യപ്രതിഭകളും കാർട്ടൂണിസ്റ്റുകളും പുത്തൻ പ്രവണതകൾ ഉൾക്കൊണ്ട് സ്ക്രിപ്റ്റുണ്ടാക്കി ഏറ്റവും പുതിയ തലമുറകൾക്കായി 'ബോബനും മോളിയും' അവതരിപ്പിക്കണം. അതങ്ങനെ തുടരണം. സിനിമ, ത്രീഡി, അനിമേഷൻ വേർഷനുകളുമായി ലോകമെങ്ങും പടരണം. ആ സ്രഷ്ടാവു മരിച്ചിട്ടും ആളുകൾ മാറിമാറി സ്ക്രിപ്റ്റ് എഴുതിയും വരച്ചും തുടരുന്ന ഫാന്റം, മാൻഡ്രേക്ക് തുടങ്ങിയ കോമിക് കഥാപാത്രങ്ങളെപ്പോലെ 'ബോബനും മോളിയും' എന്നുമിവിടെ നിലനില്ക്കുന്ന അവസ്ഥയുണ്ടാകും. അതിന്റെ സ്രഷ്ടാവ് എന്ന നിലയിൽ റ്റോംസ് എന്നെന്നും സ്മരിക്കപ്പെടും. അപ്പോൾ ഒരു 'ടിന്റു മോനും' നാട്ടിലിറങ്ങാൻ ധൈര്യപ്പെടാതെ 'ബോബനും മോളിയും' കേരളത്തിന്റെ, മലയാളിയുടെ ഐക്കൺ ആയി മാറുകയും ചെയ്യുമായിരുന്നു. ⊙

*ദീപിക* ദിനപത്രത്തിന്റെ കാർട്ടൂണിസ്റ്റാണു ലേഖകൻ.
*E-mail: rajunair13@gmail.com*

## സ്കോളർ ഇൻ കാമ്പസ്

# സംഗീതമീ ജീവിതം...

ജെറി അമൽദേവ്

വാർത്തകളും വിശകലനങ്ങളും പരസ്യവും എല്ലാം ആശയ വിനിമയം എന്ന വിഷയത്തിന്റെ വിവിധ കൈവഴികളാണ്. വായ്മൊഴിയിലൂടെയും വരമൊഴിയിലൂടെയുമുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാനം ഭാഷയാണ്. എന്നാൽ ഭാഷ ആവശ്യമില്ലാത്ത ആശയവിനിമയവും വികാരവിനിമയവുമാണു സംഗീതം.

ഭാരതത്തിൽ സംഗീതത്തിനു പൗരാണികകാലം മുതൽ പ്രചാരവും പ്രാധാന്യവുമുണ്ട്. യവനർ സംഗീതം പഠിക്കാനായി ഇന്ത്യയിൽ എത്തിയിരുന്നതായി പറയപ്പെടുന്നു. സംഗീതം എന്നു ലളിതമായി പറയുന്ന വാക്കിനു വലിയ അർത്ഥമുണ്ട്. സംഗീതത്തിന്റെ അർത്ഥമറിയണമെങ്കിൽ ഇന്ത്യയുടെ സംഗീത പാരമ്പര്യത്തിന്റെ ആഴം അറിയണം. വളർന്നുവരുന്ന സംഗീതത്തിന്റെ ഭാഗങ്ങളാണ് ഈണവും വരികളും വാദ്യവൃന്ദവും. പാട്ട് എന്നതു സംഗീതം മാത്രമല്ല ഭാഷയുമാണ്. പാട്ടിലെ വരികൾ അതിലെ സംഗീതത്തോളം പ്രധാനമാണ്.

നമ്മുടെ സംസ്കാരത്തിൽ പൊതുവേ ട്യൂൺ ഉണ്ടാക്കിയിട്ടല്ല വരികൾ എഴുതുന്നത്. എന്നാൽ, അങ്ങനെ വരികൾ നന്നായി എഴുതുന്ന ഗാനരചയിതാക്കൾ നമുക്കുണ്ട്. അവർക്കു സംഗീതം ഉള്ളതുകൊണ്ടാണ് അതു സാധിക്കുന്നത്. ഉദാഹരണം, ബിച്ചു തിരുമല. ഞാൻ ട്യൂൺ ഉണ്ടാക്കുമ്പോഴേ അദ്ദേഹം പഠിച്ചെടുക്കും. പിന്നീടത് മൂളിക്കൊണ്ടാണ് വരികൾ എഴുതുന്നത്. അപ്പോൾ ക്ലിഷ്ടത ഒട്ടും വരാറില്ല. ചെറിയ നീക്കുപോക്കു സാധ്യമാണുതാനും.




*കേരള മീഡിയ അക്കാദമിയിൽ നടന്ന 'സ്കോളർ ഇൻ കാമ്പസ്' പരിപാടിയിൽ മ്യൂസിക് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രശസ്ത സംഗീതസംവിധായകൻ ജെറി അമൽദേവ് നിർവഹിക്കുന്നു. ലക്ചറർ കെ. ഹേമലത, അസി. സെക്രട്ടറി കെ.ആർ. പ്രമോദ് കുമാർ, ചെയർമാൻ സെർജി ആന്റണി, ഫാക്കൽറ്റി അംഗം ഡോ. മൈക്കിൾ പുത്തൻതറ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എം. രാമചന്ദ്രൻ എന്നിവർ സമീപം.*

പി. ഭാസ്കരൻ മാസ്റ്റർ ആകട്ടെ അനുഗൃഹീതനായ കവിയും അസാധാരണമായ വഴക്കമുള്ള ഗാനരചയിതാവുമാണ്. കവിതയും ഗാനവും രണ്ടാണ്.

അമേരിക്കയിൽ കഞ്ചാവടിച്ചും സിഗരറ്റു വലിച്ചും മത്തടിച്ചിരിക്കുന്ന മ്യൂസിഷൻസ് ഉണ്ട്. സംഗീത കമ്പനികൾ അവരുടെ പാട്ടുകൾ റിക്കോർഡു ചെയ്തിട്ടു നന്നായി മാർക്കറ്റ് ചെയ്യുന്നു. അങ്ങനെ ലോകത്തിൽ എല്ലായിടത്തും ആ പാട്ടുകൾ കേൾക്കുന്നു. അമേരിക്കൻ പോപ്പ് ഗായകർ സ്റ്റേജിൽ കയറി ചെയ്യുന്ന കാര്യങ്ങൾ നമുക്കു ചെയ്യാനാവില്ല. ഡാൻസ് ചെയ്തു പാടാൻ പറ്റില്ല. ഡാൻസ് ചെയ്തുകൊണ്ടു പാടാൻ ആവശ്യപ്പെടുകയാണ് ചില ചാനൽ ഡയറക്ടർമാർ. സംഗീതത്തെ അങ്ങേയറ്റം വ്രണപ്പെടുത്തുന്ന രീതിയാണിത്. അതു വളരെ സങ്കടകരമാണ്.

മ്യൂസിക് കംപോസ് ചെയ്യുന്നതിന്റെ പിന്നിലെ രഹസ്യമെന്തെന്നു ചോദിച്ചാൽ വാസ്തവത്തിൽ എനിക്കറിയില്ല. ഒരു കഥ പറയാം. ബോംബെയിൽ വച്ച് ഹരീന്ദ്രനാഥ് ചതോപാധ്യായ എന്ന ബംഗാളിയായ ഇംഗ്ലീഷ് കവിയുമായി പരിചയപ്പെട്ട കഥ. സരോജിനി നായിഡുവിന്റെ സഹോദരനാണദ്ദേഹം.

ഞങ്ങൾ തമ്മിൽ കാണുമ്പോൾ 90 വയസ്സുണ്ട് അദ്ദേഹത്തിന്. എനിക്ക് വിവാഹസമ്മാനമായി അദ്ദേഹം 20 നിമിഷം കൊണ്ട് പഴയ ഒരു പ്രണയ കവിത ഓർത്തെഴുതിത്തന്നു.

'ടു എ ജെലസ് ഗോഡ്' എന്ന സ്വന്തം കവിത, വർഷങ്ങൾക്കു മുൻപ് എഴുതിയത്. എങ്ങനെ ഓർത്തെടുത്തു എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി 'എന്റെ കംപോസിഷന്റെ രഹസ്യം എനിക്കറിയില്ല.'

ഓർക്കസ്ട്രേഷൻ എന്ന പ്രത്യേക വിഷയം പാശ്ചാത്യസംഗീതത്തിലുണ്ട്. വാദ്യവൃന്ദം എന്ന ആശയം തന്നെ യൂറോപ്യൻ ആണ്. നമുക്കുള്ള ഉപകരണങ്ങൾ എല്ലാം തന്നെ ഒരു മുറിയുടെ ചുവരുകൾക്കുള്ളിൽ ഉപയോഗിക്കാനുള്ളതാണ്. ഇത് ഔട്ട് ഡോർ ആവശ്യങ്ങൾക്കു പറ്റില്ല.

സിനിമയെ സംബന്ധിച്ച് ആളുകൾക്ക് ഒരുപാടു മുൻവിധികളുണ്ട്. ആരെക്കൊണ്ട് പാടിക്കണം എന്നതു ഡയറക്ടർ പറയും. ചിത്രയേ കൊണ്ടുവന്നതു നവോദയ അപ്പച്ചൻ പറഞ്ഞിട്ടാണ്. 'പടയോട്ടം' എന്ന ഫോർ ട്രാക്ക് സ്റ്റീരിയോ ട്രാക്ക് 70 എം എം ഫിലിം ഉണ്ടാക്കിയത് ബോളിവുഡ് അല്ല, മോളിവുഡ് ആണ്. 'മഞ്ഞിൽവിരിഞ്ഞ പൂക്കളിൽ' നിന്നു കിട്ടിയ ഒരു കോടി നിക്ഷേപിച്ച് എടുത്ത ചിത്രത്തിനു തിരികെ കിട്ടിയത് 85 ലക്ഷം. പ്രസിഡന്റിന്റെ അവാർഡ് ഒക്കെ കിട്ടി പക്ഷേ, ചിത്രം പണം നേടിയില്ല. അപ്പോഴാണ് ഫാസിലിനെയും എന്നെയും വീണ്ടും വിളിച്ചു ജിജോ എന്ന അസാധാരണ ബുദ്ധിശാലിയായ മനുഷ്യൻ പറഞ്ഞത്, 'വീണ്ടും ഒരു ചെറിയ പടം ചെയ്യാം.'

അങ്ങനെ 'മാമ്മാട്ടിക്കുട്ടിയമ്മ' വന്നു. അതിന്റെ സമയത്തു നവോദയ അപ്പച്ചൻ എന്നെ വിളിച്ചിട്ടു പറഞ്ഞു, 'ജെറി, ഞങ്ങൾ വിഷമത്തിലാണ്. ഞങ്ങളുടെ കയ്യിൽ അധികം പണമില്ല. അതിനാൽ തന്നെ മദിരാശിയിൽ നിന്ന് ആരെയും കൊണ്ടുവന്നു പാടിക്കാൻ കഴിയില്ല.' അങ്ങനെ പദ്മരാജന്റെ സിനിമക്കായി കൊണ്ടുവന്ന പെൺകുട്ടികളുടെ ശബ്ദം പരീക്ഷിച്ചു-ചിത്രയുടെയും അരുന്ധതിയുടെയും. ചിത്രയെത്തന്നെ തെരഞ്ഞെടുത്തു. അങ്ങനെ ചിത്രയുടെ കാര്യം അപ്പച്ചനോട് പറഞ്ഞു. ചിത്ര വന്നു. 'ആളൊരുങ്ങി, അരങ്ങൊരുങ്ങി...' എന്ന ഗാനം പാടിപ്പിച്ചു നോക്കി. വളരെ കൃത്യമായി ആവശ്യപ്പെട്ടതു പ്രകാരം ചിത്ര ആ ഗാനം പാടി. ബാക്കി ചരിത്രം.

'ആയിരം കണ്ണുമായ്...' എന്ന ഗാനം ഒരു ക്രൈസ്തവ കുടുംബാന്തരീക്ഷത്തിലുണ്ടാക്കിയ പാട്ടാണ്. 1985 ൽ ഇറങ്ങിയ സിനിമ. ഇപ്പോഴും ഈ പാട്ട് ആസ്വാദ്യകരം തന്നെ. ഇതു കമ്മ്യൂണിക്കേഷൻ എന്ന വിഷയത്തിന്റെ അർത്ഥം വെളിപ്പെടുത്തുന്നതാണ്. കമ്മ്യൂണിക്കേഷൻ എന്നതു സംഭവിക്കുന്നതു വാക്കുകളിലൂടെ മാത്രമല്ല, സമയത്തിന്റെ പരിമിതികൾക്കുള്ളിലല്ല, അതു കാലാതിവർത്തിയായ ഒന്നാണ്.

ഇരുപതു കൊല്ലം കൊണ്ട് സാഹിത്യത്തിനും സംഗീതത്തിനും മാറ്റമൊന്നും വന്നിട്ടില്ല. ഇവിടെ ന്യൂജനറേഷൻ വന്ന് എന്തൊക്കെയോ കാട്ടുന്നു. ഞങ്ങൾ വന്നപ്പോഴും ന്യൂ ജനറേഷൻ ആയിരുന്നു. ഞാൻ കിഴവനായിട്ടാണോ ജനിച്ചത്? ജേർണലിസ്റ്റുകൾ ഉണ്ടാക്കിയ ക്യാച്ച് വേർഡ് ആണ് ന്യൂജനറേഷൻ. അടിസ്ഥാനപരമായി നമുക്കു വേണ്ടത് അറിവാണ്.

എന്റെ ഓർക്കസ്ട്രേഷൻ പാട്ടിലെ വരികളെ വിഴുങ്ങാൻ അനുവദിക്കുകയില്ല. ലിറിക്സ് വ്യക്തതയോടെ കേൾക്കാനാകണം. ഞാൻ ആ രീതിയാണ് സ്വീകരിച്ചത്. ലിറിക്സിന് പ്രാധാന്യം കൊടുത്തു കമ്പോസ് ചെയ്യുക.

വാദ്യവൃന്ദത്തിലെ മൂന്ന് ഫ്രീക്വൻസികളെയും-ബേസ്, മിഡ്, ഹൈ- ബാലൻസ് ചെയ്ത് കമ്പോസ് ചെയ്യുകയും മിക്സ് ചെയ്യുകയും വേണം. സാമ്പാർ ഉണ്ടാക്കുമ്പോൾ എന്ന പോലെ കൃത്യമായ അളവിൽ വേണ്ട രീതിയിൽ ചേരുവകൾ കൂട്ടിയിണക്കിയാലെ നല്ല സംഗീതം ഉണ്ടാവുകയുള്ളൂ. ഓർക്കസ്ട്രേഷൻ എന്നു പറയുന്നതു വളരെ സങ്കീർണമായ ഒന്നാണ്.

ഓർക്കസ്ട്രേഷനിൽ സാങ്കേതികതയുടെ വളർച്ചയുണ്ടായിട്ടുണ്ട്. 1965 ലാണ് മൂഗ് എന്നയാൾ കീബോർഡ് സിന്തസൈസർ ഉണ്ടാക്കിയത്. ഒറിജിനൽ ഉപകരണത്തിലേതു പോലെ സ്വരങ്ങൾ പുറത്തു വരുന്ന ഒന്നാണിത്. പുതിയ സിനിമയ്ക്കു വേണ്ടി (ചിത്രം: ആക്ഷൻ ഹീറോ ബിജു) ചെന്നൈക്കു പോയപ്പോൾ 80-90 കളിലെ പഴയ പരിചയക്കാരായ ആർട്ടിസ്റ്റുകളെയാണ് റെക്കോർഡിങ്ങിനു വിളിച്ചത്. പരമ്പരാഗതമായ, തനത് ഉപകരണങ്ങൾ ഉപയോഗിച്ചായിരുന്നു റെക്കോർഡിങ്. 'പൂക്കൾ...' എന്നു തുടങ്ങുന്ന ഗാനം ചെയ്തപ്പോൾ പേരിനുവേണ്ടിമാത്രമാണ് ഒരു കീബോർഡ് ഉപയോഗിച്ചത്. അവർ പറഞ്ഞു, സിന്തസൈസർ വന്നതോടുകൂടി ഞങ്ങളെ ആരും വിളിക്കുന്നില്ല. തബല, ഫ്ളൂട്ട്, മറ്റുവാദ്യക്കാർ ആരെയും വിളിക്കുന്നില്ല. സിനിമാ നിർമാണ ചെലവ് കുറയ്ക്കാനായി സിന്തസൈസർ ഉപയോഗിക്കാൻ നിർമ്മാതാക്കൾ നിർബന്ധിക്കുന്നു. അതുകൊണ്ട് വരുന്ന പ്രശ്നം. ക്ലാരിറ്റിയില്ല. എല്ലാ ഇൻസ്ട്രുമെന്റുകളും ഹൈ ഫ്രീക്വൻസിയിൽ ഉപയോഗിക്കുമ്പോൾ ഫ്രീക്വൻസി ഡിസ്റ്റോർഷൻ (അപഭ്രംശം) ആണ് സംഭവിക്കുന്നത്. അതാണ് നമ്മുടെ പാട്ടുകളെ വികലമാക്കുന്നത്.

അമേരിക്കയിലും യൂറോപ്പിലും സിന്തസൈസർ സാന്ദർഭികമായി മാത്രമാണ് ഉപയോഗിക്കുന്നത്. പിന്നെ ടിവി സീരിയൽ, സിനിമകൾ എന്നിവയ്ക്കും. പള്ളികളിൽ അവയ്ക്കു സ്ഥാനമില്ല. അവിടെ കുട്ടികളെ സിന്തസൈസർ പഠിപ്പിക്കുന്നില്ല. പിയാനോ ആണ് അവിടെ പഠിപ്പിക്കുന്നത്. വയലിൻ, ഫ്ളൂട്ട് പോലുള്ള പരമ്പരാഗത സംഗീതോപകരണങ്ങളാണ് അവിടെ പഠിപ്പിക്കുന്നത്. ഇവിടെ നമ്മൾ ജപ്പാൻകാരനുണ്ടാക്കിയ സാധനം ഏറ്റവും നല്ലത് എന്നു വിചാരിച്ചു തെറ്റായ മാർഗത്തിൽ പോകുകയാണ്. ആകാശവാണിയിൽ ഇന്ത്യൻ ഉപകരണങ്ങളല്ലാതെ ഒന്നും കയറ്റാറില്ല.

പോപ്പുലർ സംഗീതത്തിലെ സാങ്കേതിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്ന നമ്മൾ ഒരുപാടു തെറ്റുകൾ ചെയ്തു കൊണ്ടിരിക്കുകയാണ്. ഇങ്ങനത്തെ അവസ്ഥയിൽ നവീകരണം സാധ്യമല്ല. നമ്മുടെ ക്ലാസിക്കൽ സംഗീതം രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗം നമ്മുടെ ഫോക്ക് സംഗീതം മാത്രമാണ്. നാടൻപാട്ടുകൾക്കു വലിയ സാധ്യതകളുണ്ട്. 'കായലരികത്തു വലയെറിഞ്ഞപ്പോൾ..., 'മാനെന്നും വിളിക്കില്ല....' പോലെയുള്ള അതിമനോഹരങ്ങളായ ഗാനങ്ങൾ. പക്ഷേ, അതാരും ശ്രദ്ധിക്കുന്നില്ല.

(കേരള മീഡിയ അക്കാദമിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണക്കേഷനിൽ നടന്ന സ്കോളർ ഇൻ കാമ്പസ് പരിപാടിയിൽ പ്രശസ്ത സംഗീതജ്ഞൻ ജെറി അമൽദേവ് നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ)

തയാറാക്കിയത്: **കെ. ഹേമലത**

# മാധ്യമശില്പശാലകളിൽ നിന്ന്




കൊല്ലം പ്രസ് ക്ലബ്ബിന്റെ സഹകരണത്തോടെ കേരള മീഡിയ അക്കാദമി മാധ്യമപ്രവർത്തകർക്കായി നടത്തിയ ശില്പ ശാലയുടെ ഉദ്ഘാടനം കൊല്ലം കോർപ്പറേഷൻ മേയർ അഡ്വ. വി. രാജേന്ദ്രബാബു നിർവഹിക്കുന്നു. പ്രസ് ക്ലബ് സെക്രട്ടറി ഡി. ജയകൃഷ്ണൻ, മാധ്യമപ്രവർത്തകരായ എൻ.എം. പിയേഴ്സൺ, അപ്പുക്കുട്ടൻ വള്ളികുന്ന്, അക്കാദമി ചെയർമാൻ സെർജി ആന്റണി, സെക്രട്ടറി എ. അബ്ദുൽ ഹക്കിം എന്നിവർ സമീപം.




കേരള മീഡിയ അക്കാദമിയുടെയും മലപ്പുറം പ്രസ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ മാധ്യമപ്രവർത്തകർക്കായി നിലമ്പൂരിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം അക്കാദമി ചെയർമാൻ സെർജി ആന്റണി നിർവഹിക്കുന്നു. നിലമ്പൂർ പ്രകൃതി പഠനകേന്ദ്രം ഡയറക്ടർ പി. ജയപ്രകാശ്, പ്രസ് ക്ലബ് സെക്രട്ടറി സുരേഷ് എടപ്പാൾ, പ്രസിഡന്റ് ആർ. സാംബൻ, ശില്പശാല കൺവീനർ ഷൈനസ് മാർക്കോസ് എന്നിവർ സമീപം.



മാധ്യമപ്രവർത്തകർക്കായി കേരള മീഡിയ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കോട്ടയം പ്രസ് ക്ലബ്ബിന്റെ സഹകരണത്തോടെ കുമരകത്ത് നടത്തിയ പരിസ്ഥിതി പഠനക്യാമ്പിൽ കാർഷികശാസ്ത്രജ്ഞനായ ഡോ. കെ.ജി. പത്മകുമാർ ക്ലാസ് നയിക്കുന്നു. അക്കാദമി ഭരണസമിതിയംഗം ചെറുകര സണ്ണി ലൂക്കോസ് സമീപം.




കേരള മീഡിയ അക്കാദമിയും പത്തനംതിട്ട പ്രസ് ക്ലബ്ബും ചേർന്നു മാധ്യമപ്രവർത്തകർക്കായി പത്തനംതിട്ടയിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം അക്കാദമി ചെയർമാൻ സെർജി ആന്റണി നിർവഹിക്കുന്നു. മലയാള മനോരമ അസി. കണ്ടന്റ് പ്രൊഡ്യൂസർ ജിത്തു തോമസ്, പ്രസ് ക്ലബ് പ്രസിഡന്റ് സാം ചെമ്പകത്തിൽ, അക്കാദമി വൈസ് ചെയർമാൻ കെ.സി. രാജഗോപാൽ, ഭരണസമിതിയംഗം ചെറുകര സണ്ണി ലൂക്കോസ്, മാധ്യമപ്രവർത്തകൻ ജോർജ് പുളിക്കൻ, അക്കാദമി അസി. സെക്രട്ടറി കെ.ആർ. പ്രമോദ് കുമാർ എന്നിവർ സമീപം.




കേരള മീഡിയ അക്കാദമിയുടെയും വയനാട് പ്രസ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ മാധ്യമപ്രവർത്തകർക്കായി കല്പറ്റയിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം പ്രമുഖ സാഹിത്യകാരി സി.എസ്. ചന്ദ്രിക നിർവഹിക്കുന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു, അക്കാദമി മുൻ ചെയർമാൻ എൻ.പി. രാജേന്ദ്രൻ, അക്കാദമി ചെയർമാൻ സെർജി ആന്റണി, മാധ്യമം ന്യൂസ് എഡിറ്റർ എൻ. രാജേഷ് എന്നിവർ സമീപം.

# കേരള മീഡിയ അക്കാദമിയിൽ പി.ആർ. ദിനാഘോഷം

ആശയവിനിമയത്തിന്റെ അനന്തസാധ്യതകൾ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം പബ്ലിക് റിലേഷൻസ് വിദ്യാർഥികൾക്കു ലഭ്യമാകണമെന്നു കേരള മീഡിയ അക്കാദമി ചെയർമാൻ സെർജി ആന്റണി. അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിൽ പി. ആർ. ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



*കേരള മീഡിയ അക്കാദമിയിൽ പബ്ലിക് റിലേഷൻസ് ദിനാചാരണത്തോടനുബന്ധിച്ചു നടന്ന സാംസ്കാരികപരിപാടികളുടെ ഉദ്ഘാടനം അക്കാദമി ഭരണസമിതിയംഗം വി.വി. ദക്ഷിണാമൂർത്തി നിർവഹിക്കുന്നു. അസി. സെക്രട്ടറി കെ. ആർ. പ്രമോദ് കുമാർ, സെക്രട്ടറി എ. അബ്ദുൽ ഹക്കിം, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ഡോ. അനിൽ കുമാർ വടവാതൂർ, അക്കാദമി ചെയർമാൻ സെർജി ആന്റണി, ഭരണസമിതിയംഗം ജോർജ് പൊടിപ്പാറ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എം. രാമചന്ദ്രൻ എന്നിവർ സമീപം.*

മികച്ച ആശയവിനിമയ ശേഷിയാണ് ജനസമ്പർക്കത്തിന്റെ അടിസ്ഥാനഘടകം. തെളിഞ്ഞചിന്തയും ആകർഷകമായ വ്യക്തിത്വവും പ്രതിസന്ധികൾ നേരിടുന്നതിനുള്ള കഴിവും വളർത്തിയെടുക്കാൻ പി.ആർ. രംഗത്തേക്കു കടന്നുവരുന്നവർ ശ്രദ്ധിക്കണം. മികച്ച പരിശീലനകേന്ദ്രങ്ങളിൽ ഇതു സാധ്യമാകുമെന്നും ചെയർമാൻ പറഞ്ഞു.

ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന കലാ-സാംസ്കാരികപരിപാടികൾ ദേശാഭിമാനി ചീഫ് എഡിറ്ററും അക്കാദമി ഭരണസമിതിയംഗവുമായ വി.വി. ദക്ഷിണാമൂർത്തി ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾ സ്വതന്ത്രമായി ചിന്തിക്കണമെന്നും സഹിഷ്ണുതയാണു നമ്മുടെ സംസ്കാരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചോദ്യം ചോദിക്കാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കണം. ചോദ്യങ്ങൾ ഉന്നയിക്കാത്ത അനുസരണം അടിമത്തമനോഭാവമാണ്. അതുമാറ്റി സ്വതന്ത്രമായി അഭിപ്രായം പറയാൻ വിദ്യാർഥികളെ അധ്യാപകർ പ്രേരിപ്പിക്കണം.

ശരിതെറ്റുകൾ വേർതിരിച്ചറിയാനും ശരി ഉൾക്കൊള്ളാനുമുള്ള സഹിഷ്ണുതയുണ്ടാകണമെന്ന് അദ്ദേഹം വിദ്യാർഥികളെ ഓർമിപ്പിച്ചു. സഹിഷ്ണുതയില്ലാതാകുമ്പോൾ ജനാധിപത്യം നശിക്കും. ജനസമ്പർക്കത്തിന്റെ അടിസ്ഥാനഗുണം സഹിഷ്ണുതയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വതന്ത്രമായി ചിന്തിക്കുന്നവരെ പലരെയും തീവ്രവാദികളായി ചിത്രീകരിക്കുന്ന സംസ്കാരം വളർന്നു വരുന്നു. രാജ്യസ്നേഹം തെളിയിക്കാൻ രേഖകൾ ഹാജരാക്കേണ്ട സ്ഥിതിയാണുള്ളത്.

പെട്ടെന്നു പ്രതികരിക്കാനുള്ള കഴിവിനൊപ്പം ശുഭപ്രതീക്ഷയും ആത്മവിശ്വാസവും കൈമുതലായുള്ളവർക്ക് പബ്ലിക് റിലേഷൻസ് രംഗത്തു ശോഭിക്കാനാകുമെന്നു ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ച കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല പബ്ലിക് റിലേഷൻസ് വിഭാഗം ഡയറക്ടർ ഡോ. അനിൽകുമാർ വടവാതൂർ പറഞ്ഞു.

എഴുതുക എന്നതിനേക്കാൾ എങ്ങനെ വായിപ്പിക്കാം എന്നതാണ് ഇന്നത്തെ എഴുത്തുകാർ നേരിടുന്ന വലിയ വെല്ലുവിളിയെന്നും, എന്തെഴുതുന്നു എന്നതിനേക്കാൾ എങ്ങനെ എഴുതുന്നു എന്നതാണു പ്രധാനമെന്നും മുതിർന്ന മാധ്യമപ്രവർത്തകനും അക്കാദമി ഭരണസമിതിയംഗവുമായ ജോർജ് പൊടിപ്പാറ പറഞ്ഞു. എഴുത്തിന് അതിന്റേതായ വ്യതിരിക്തതയുണ്ടാകണം; ശൈലിയും പുതുമയും വേണം. വായിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടെന്ന തോന്നലുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ രചന കൊണ്ടു പ്രയോജനമില്ലാതാകുന്നു എന്ന് അദ്ദേഹം എടുത്തു പറഞ്ഞു.

ദ്രുതഗതിയിൽ സ്വന്തം റിസ്കിൽ ആരേയും പിണക്കാതെ തീരുമാനം എടുക്കാനുള്ള കഴിവാണു പ്രധാനം. പറയുന്നതെല്ലാം സത്യമാകണം; അപ്രിയസത്യങ്ങൾ പറയേണ്ടതില്ല എന്ന തത്ത്വത്തിൽ നിന്നു ലക്ഷ്യം നേടാൻ എത്ര വലിയ കള്ളവും മൂടിവയ്ക്കുകയും നിസ്സാരകാര്യങ്ങൾ പർവതീകരിക്കുകയും ചെയ്യുന്ന ഗീബൽസിയൻ രീതിയാണ് ഇപ്പോൾ അനുവർത്തിച്ചു വരുന്നത്. പരിപാവനം എന്നു വിശേഷിപ്പിക്കപ്പെടുന്ന പത്രത്തിന്റെ മുഖപ്രസംഗങ്ങളെപ്പോലും അഡ്വട്ടോറിയൽ ആക്കാൻ നാം തയാറാകുന്നു. പബ്ലിക് റിലേഷൻസ് എന്ന മഹത്തായ പ്രക്രിയയുടെ വിശുദ്ധി തന്നെ നഷ്ടമാകുന്നു." അനിൽകുമാർ എടുത്തു പറഞ്ഞു.

ഒരു പി.ആർ. മാൻ സ്വന്തം പബ്ലിക്കിനെ തിരിച്ചറിയണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച അക്കാദമി സെക്രട്ടറി എ. അബ്ദുൽ ഹക്കിം വിദ്യാർഥികളെ ഓർമിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ എം. രാമചന്ദ്രൻ, അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി കെ.ആർ. പ്രമോദ് കുമാർ പങ്കെടുത്തു.

## New Books @ Academy Library




### THE IDEA OF COMMUNISM

**By Tariq Ali**
**Seagull Books (2009)**
**Rs. 350.00**

[November 9, 2009 will mark 20 years since the fall of the Berlin wall, the monumental event that signaled the beginning of the end of communism in the former Soviet Union. Yet, why was this collapse of communism considered final, but the many failure of capitalism are considered temporary and episodic? In The Idea of Communism, Tariq Ali addresses this very question.

The idea of communism, argues Ali, was simple and noble. The Communist Manifesto, which advocated the creation of a society based on the principle of 'from each according to his ability, to each according to his need' rather than a system based on greed and profit, appealed to millions all over the globe. However, Ali argues that the vision of society adumbrated by the founders of Communism was a far cry from what became known as actually existing socialism in the Soviet Union and China. The Communist system that developed ignored Engels's belief that a workers' movement and its victory were inconceivable without freedom of the press and assembly. This freedom, Engels insisted, "is the air it needs to breathe".

Here, in a thought-provoking re-evaluation, Ali argues that a new form of socialism and global planning is vital to save the planet from capitalist and environmental degradation].




### MULTIMEDIA JOURNALISM: A PRACTICAL GUIDE 2ND EDITION

**By Andy Bull**
**Routledge (2016)**
**Rs. 3412.00**

[Multimedia Journalism: A Practical Guide, second edition builds on the first edition's expert guidance on working across multiple media platforms, and continues to explore getting started, building proficiency and developing professional standards in multimedia journalism.

The second edition features new chapters including:

- getting started with social media
- live reporting
- building proficiency with Wordpress
- building apps for smartphones and tables
- building a personal brand and developing a specialism
- long-form video journalism, audio and video news bulletins and magazine programmes.

The new edition also includes an extensive range of new and updated materials essential for all aspects multimedia journalism today. New areas explored include editing video and slideshows for mobile and tablet devices, the advanced use of mobile device for reporting, location-specific content creation and delivery, the use of video and audio slideshows, and live blogging. Other updates include more material on photo journalism as a storytelling technique, using and transferring digital images and sound, the use of Google Analytics, and practical guides to storytelling through infographics, timelines, interactive graphics and maps.

The book fully engages with multimedia journalism in relation to range of social media and web publishing platforms, including Wordpress, Blogger, Tumblr, Twitter, Facebook, Google+, You Tube, Instagram, Pinterest, SoundCloud, AudioBoom and iTunes].

## ലോകം കണ്ട വര

അന്തർദ്ദേശീയ മാധ്യമരംഗത്തെ പ്രശസ്തമായ കാർട്ടൂണുകൾ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിൽ. *മാതൃഭൂമി* കാർട്ടൂണിസ്റ്റായ ഗോപീകൃഷ്ണനാണ് ഇവ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നത്.





ജോ ഹെല്ലർ

അമേരിക്കയിലെ വിസ്കോൺസിൻ പ്രവിശ്യയിലെ ഓഷ്കോഷ് സ്വദേശി. 1985 മുതൽ 2013 വരെ ഗ്രീൻ ബേ പ്രസ് ഗസറ്റിലെ എഡിറ്റോറിയൽ കാർട്ടൂണിസ്റ്റ്. ലേ ഓഫിനെതുടർന്ന് ജോലി ഉപേക്ഷിക്കേണ്ടതായി വന്നു. പ്രസ് ഗസറ്റിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് വെസ്റ്റ് ബെൻഡ് ഡെയിലി ന്യൂസിൽ കാർട്ടൂണിസ്റ്റായിരുന്നു. അമേരിക്കയിൽ ഇദ്ദേഹത്തിന്റെ കാർട്ടൂണുകൾ വിശ്രുത മാധ്യമസ്ഥാപനങ്ങളായ യു. എസ്. എ. ടുഡേ, വാഷിങ്ടൻ പോസ്റ്റ്, ന്യൂസ് വീക്ക്, ലോസാഞ്ചലസ് ടൈംസ് തുടങ്ങിയവ ഇപ്പോഴും പുനപ്രസിദ്ധീകരിക്കാറുണ്ട്.

*ഗോപീകൃഷ്ണന്റെ ഇ-മെയിൽ: cartoonistgopikrishnan@gmail.com*

Printed and Published by A. Abdul Hakkim, Secretary, Kerala Media Academy, Published from Kerala Media Academy, Kakkanad, Kochi – 682 030; Printed at Sterling Print House Pvt Ltd, Edappally; Editor: Sergy Antony



# ഫ്രെയിം ഫെയിം



ജാവിയർ മൻസാനോ

## 2013 –ൽ പുലിറ്റ്സർ പുരസ്കാരത്തിന് അർഹമായ ചിത്രം

സിറിയയിലെ രണ്ടു വിമതസൈനികർ ശത്രുതാവളത്തിനു നേരേ ഉന്നം പിടിച്ചു കാത്തിരിക്കുന്നു. ഇവരുടെ കാവൽമാടത്തിന്റെ തകരമറയിൽ നിരന്തരമായി വെടിയുണ്ടകളേറ്റ് വീണ സുഷിരങ്ങളിലൂടെ കടന്നുവരുന്ന പ്രകാശരശ്മികളുടെ പശ്ചാത്തലത്തിലുള്ള ചിത്രം. 2013–ലെ പുലിറ്റ്സർ പുരസ്കാരം നേടിയ ചിത്രങ്ങളിലൊന്ന്.

ഛായാഗ്രാഹകൻ– ജാവിയർ മാൻസാനോ (ഏജൻസ് ഫ്രാൻസ് പ്രസിനു വേണ്ടി ചിത്രങ്ങളെടുക്കുന്ന ഫ്രീലാൻസ് ഫോട്ടോഗ്രാഫർ)

Media Monthly | May 2016 | ₹ 20/- | RNI Reg No. KERBIL/2000/01676

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# അറിവിന്റെ ആധികാരികത




ഇപ്പോൾ
കൂടുതൽ
മിഴിവോടെ

**സമകാലിക**
**ജനപഥം**

വാർഷിക
വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കുക.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1